ദി THE MALANKARA SABHA

മലങ്കരസഭ

MALAYALAM MONTHLY, Vol-69, Issue - 7

JULY 2025

Price ₹ 25, Annual Subscription ₹ 250

DRUXIT
exit drugs

ലഹരിയുടെ ചില്ലയിൽ കൂടുകൂട്ടി,
മരണത്തെ പുൽകല്ലേ
പൊന്നു കുഞ്ഞേ.....

ഒരു ലഹരി മുക്ത സമൂഹത്തിനായി
മലങ്കര സഭയുടെ ആഹ്വാനം

DRUXIT

38-ാം ചരമവാർഷികം



അമ്മിണി ജോർജ് മുത്തൂറ്റ്

കോഴഞ്ചേരി

ജനനം: 13-05-1916, മരണം: 30-07-1987

By Family & Staff Members of

The Muthoot Group

"We will be filled with the goodness of your house, your holy temple." Psalm 65:4

Mar Baselios Orthodox Church

Dumas Airport Road, Surat, Gujarat

Golden Jubilee Concluding Celebration

Saturday, 26th July & Sunday, 27th July 2025



Chief Celebrant:

H.H. Moran Mar Baselios Marthoma Mathews III (Catholica Bava) & Eminent Dignitaries

(including Government Officials and Church Leaders)

Golden Jubilee Program

26th July 2025 Saturday

05.30 pm Reception and Charity Distribution
06.00 pm Evening Prayer
07.00 pm **Public Meeting :**
- Photo release of Mar Ahatallah Bava (Mar Ahatallah arrived in Surat in 1652)
- Handing over of the Marriage Aid Fund
- Felicitation to His Holiness the Catholicos by Other Parish Dignitaries

08.30 pm Benediction and Love Feast

27th July, 2025 Sunday

07.30 am Morning Prayer
08.30 am Holy Qurbana Led by His Holiness
10.30 am Jubilee Memorial Building Blessing
- Blessings to Mar Athanasios Balwadi children
- Merit Awards, - Honouring Senior Members

11.30 am Interaction with His Holiness

Milestones:

- 28.07.1974: Orthodox Church Formation and First Holy Qurbana celebrated by Fr. K.T. Thomas (HG Thomas Mar Athanasios).
- 1976: Parish Name Declared
- 1988: Plot Purchased
- 1991: Foundation Stone Laid
- 1995: Church Consecration
- 2000: Old Parsonage Purchased
- 2003: Silver Jubilee Memorial Plot Purchased
- 2008: Church Renovated
- 2011: New Parsonage Purchased
- 2024 Golden Jubilee Celebration
- 2025 Mar Baselios Jubilee Foundation stone blessing
- 2025 Golden Jubilee Concluding celebration

Golden Jubilee Activities:

- Jubilee Memorial Building Construction In Progress
- Mar Baselios Health Centre Conducted
- Mar Athanasios Day Care and Study Centre Commenced
- Prayer Group Sangamam Conducted
- Ex Members Sangamam Conducted
- Marriage Aid Fund 1st Part released
- Parish Directory published
- Family Conference- upcoming
- Pilgrimage - upcoming

Rev Fr.Thomas Myalil
Vicar, Mar Baselios Orthodox Church
A/123, Ranchod, Ranta Nagar.
Dumas Airport Road Surat 395007, Gujarat, Mob 7709867706
Email id: mboc.surat@gmail.com

Best wishes:

1. Mr.P.J.Chandy, Chembur, Former MOC Member
2. Adv Dr Mathai Mampally, Ahmedabad, Former MOC Member
3. Mr.Thomas Philip, (Jerry) Kalyan, Diocesan Council Member
4. Mr. Sajai Mathias, Hon. Treasurer, St.Mary's Cathedral Ahmedabad
5. Mr. Saju Mathew, Hon. Secretary - St.Mary's Cathedral Ahmedabad
6. Mr. S Chacko, Baroda Chairman St. Mary English School, Valsad
7. Mr.Thomas Varghese, INAMS Coordinator, Bombay Diocese
8. Mr. Shaji Zackariah, Ernakulam, Rtd. IRSE Chief Administrative Officer, S.Railway
9. Mr. Legy. K. T, Gregorian Techno Products Mulanthiruthy
10. Mr.Siju Samuel, Surat HOLIDAY KINGDOM OF HEAVEN PVT LTD

മഹാപുരോഹിത സന്ദേശം

ലഹരി ഉപയോഗിക്കാത്ത ഒരു സമൂഹം എന്നത് ഒരു പ്രതീക്ഷ മാത്രമല്ല, ഇന്നത്തെ സാഹചര്യത്തിൽ അത് ഓരോരുത്തരുടെയും വലിയ ഉത്തരവാദിത്തം കൂടിയായിരിക്കണം. കാരണം അനുദിനം ലഹരിയുടെ സ്വാധീനം വഴിയായി നടത്തപ്പെടുന്ന എത്രയോ വേദനാജനകങ്ങളായ ദുരന്തങ്ങളാണ് നാം കാണുകയും കേൾക്കുകയും ചെയ്യുന്നത്. ലഹരി ഉപയോഗം വ്യക്തിയെ മാത്രമല്ല, കുടുംബത്തെ, സമൂഹത്തെ, ഒരു ദേശത്തിന്റെ സൈ്വര്യജീവിതത്തെപ്പോലും തകർത്തുകളയുകയാണ്. ആധുനികതയുടെ പേരിൽ മാറ്റിയെടുത്ത ജീവിതരീതികൾ, വിനോദത്തിന്റെ പുതിയ രൂപങ്ങൾ, ലഹരി വസ്തുക്കളുടെ ലഭ്യത, ഗവൺമെന്റ്, പോലീസ് അധികാരികളുടെ ഒരുപരിധി വരെയുള്ള നിസംഗത എന്നിങ്ങനെ എല്ലാം ലഹരി ഉപയോഗത്തിന് വലിയ സാധ്യതകൾ തുറന്നുകൊടുത്തുകൊണ്ടിരിക്കുകയാണ്. ലഹരി വിമുക്ത സമൂഹം എന്നത് ആരോ മറ്റൊരാൾ സൃഷ്ടിക്കേണ്ട സാഹചര്യമല്ല. അതിനായുള്ള മാറ്റം ഓരോരുത്തരുടെയും ജീവിതത്തിൽ നിന്ന് തന്നെ ആരംഭിക്കേണ്ടതാണ്. സ്വാമി വിവേകാനന്ദൻ പറഞ്ഞതു പോലെ:

'ദൗർബല്യമാണ് പാപം. ആത്മവിശ്വാസമാണ് ജീവന്റെയും വിജയത്തിന്റെയും അടിസ്ഥാനം.'

ലഹരി ഉപയോഗം മനുഷ്യനെ ദൗർബല്യത്തിലേക്കാണ് കൊണ്ടുപോകുന്നത്. അത് ശരീരത്തെ മാത്രമല്ല ആത്മാവിനെയും തളർത്തുന്നു. അതിനുള്ള പ്രതിവിധി ആത്മവിശ്വാസമാണ്, ഉണരലാണ്, ഉദ്ദേശ്യലക്ഷ്യമുള്ള ജീവിതമാണ്. 'ഒരുവൻ സർവ്വലോകവും നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനം' എന്ന ക്രിസ്തുമൊഴി ജഢാഭിലാഷത്തെ മാത്രം മുൻനിർത്തി ജീവിക്കുന്നവർക്കുള്ള താക്കീതുകൂടിയാണ്. നിയന്ത്രിത ഉപയോഗം അല്ല, ലഹരിയിൽ നിന്നുമുള്ള പൂർണ്ണവിമുക്തിയാണ് സമൂഹം ലക്ഷ്യം വെക്കേണ്ടത്. ലഹരിക്ക് ഒരുവിധത്തിലുമുള്ള അംഗീകാരം പോലും സമൂഹത്തിൽ ഉണ്ടാകരുത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, കുടുംബങ്ങളിൽ, വിശ്വാസവേദികളിൽ, തൊഴിലിടങ്ങളിൽ, സിനിമയിൽ അങ്ങനെ എല്ലായിടത്തും ലഹരി വിമുക്തതയെ നമ്മുടെ സംസ്ക്കാരമാക്കിമാറ്റേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഒരു ലഹരിമുക്ത സമൂഹം എന്നത് ഇനി മുതൽ ഒരു സന്ദേശമല്ല - അത് ഒരു സാമൂഹിക പ്രതിജ്ഞയാകണം.

നാം ഒരു ശുദ്ധമായ ഭാവിയെ ആഗ്രഹിക്കുന്നുവെങ്കിൽ, അതിന്റെ ആദ്യപടി ലഹരിയിൽ നിന്നുമുള്ള വിമോചനം തന്നെ ആയിരിക്കണം. പഠനത്തോടും വായനയോടും സത്യവും ധർമ്മവും പാലിക്കുന്ന ആത്മീയ ജീവിതത്തോടും ശാരീരിക ക്ഷമത പകരുന്ന വിനോദങ്ങളോടുമൊക്കെ ചേർന്നു നിൽക്കുന്ന ഒരു തലമുറയാകണം ഇനി നമ്മുടെ ആഗ്രഹവും സ്വപ്നവും.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

മലങ്കരസഭ
ESTD. 1946
മാസിക
മലങ്കര സഭയുടെ ഔദ്യോഗിക മാധ്യമം . 2025 ജൂലൈ ലക്കം 7. പുസ്തകം 69. വില ₹ 25

LETTER FROM THE EDITOR

യവന ജ്ഞാനിയായ സോക്രട്ടീസ് ശിഷ്യനായ സെനോഫാനെ തെരഞ്ഞെടുക്കുന്നത് ഏതൻസ് നഗരത്തിലെ ഇടുങ്ങിയ വഴിയിൽ വച്ചായിരുന്നു. നഗരം കടന്നുപോവുകയായിരുന്ന സെനോയുടെ പാതയ്ക്കു കുറുകെ തന്റെ കൈവശമുണ്ടായിരുന്ന വടി പിടിച്ചുകൊണ്ട് ജീവിതത്തിന്റെ അനിവാര്യതകളെപ്പറ്റി സോക്രട്ടീസ് ചില ചോദ്യങ്ങൾ ചോദിച്ചു. ഏതൻസിലെ തെരുവുകളിൽ ഏറ്റവും നല്ലത് വിൽക്കപ്പെടുന്നത് എവിടെയെന്നായിരുന്നു ചോദ്യങ്ങൾ.

ഏറ്റവും നല്ല വസ്ത്രം?
ഏറ്റവും നല്ല ഭക്ഷണം?
ഏറ്റവും നല്ല സൗന്ദര്യം?

എല്ലാ ചോദ്യങ്ങൾക്കും സെനോ കൃത്യമായ ഉത്തരം നൽകി. കാരണം അദ്ദേഹം അതെല്ലാം ആവോളം പരിചയിച്ചിരുന്നു. എന്നാൽ വെറുതെയങ്ങു പോകാൻ ഗുരു അനുവദിക്കുകയില്ല! അവസാന ചോദ്യം മൂർച്ചയേറിയതായിരുന്നു.

മനുഷ്യരെ നല്ലവരും സദ്വൃത്തരുമാക്കുന്നത് എവിടെയാണ്?

ഈ ചോദ്യത്തിനുള്ള മറുപടി സെനോഫാന് അറിയില്ലായിരുന്നു. സെനോ മൗനത്തിലാഴ്ന്നു. ആ നിമിഷങ്ങളിൽ സോക്രട്ടീസ് സെനോയോടു പറഞ്ഞു 'എന്നെ അനുഗമിക്കുക, പഠിക്കുക!' അന്നു മുതൽ സെനോ സോക്രട്ടീസിന്റെ ശിഷ്യനായി.

മനുഷ്യജീവിതം ഗുണമേന്മയോടെ പുതുക്കിപ്പണിയപ്പെടണം. പൗരസ്ത്യ ക്രൈസ്തവ ആത്മീയത 'ഹൃദയശുദ്ധീകരണം' എന്ന മർമ്മം മുന്നോട്ടുവയ്ക്കുന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ പഠിപ്പിക്കലുകളും ഈ വസ്തുതയിലൂന്നിയതായിരുന്നുവല്ലോ. ഹൃദയം രക്തം പമ്പുചെയ്യുന്ന ഒരു അവയവം മാത്രമല്ല. മനുഷ്യനിലെ നന്മ തിന്മകളുടെ വിവേചന സ്ഥാനമാണ്. ഉള്ളിലെ പരിശുദ്ധാത്മ സാന്നിധ്യം എന്ന കൃപയിലൂടെ മനുഷ്യ വ്യക്തിത്വത്തെ നന്മയിലേക്ക് വളർത്തിയെടുക്കണം. ക്രിസ്തീയ ആത്മീയ ജീവിതം അനന്യമാണ്. തിന്മയ്ക്കുവിധേയമായി നശിച്ചുകൊണ്ടിരിക്കുന്ന മനുഷ്യവ്യക്തിത്വം ആ അവസ്ഥയിൽ നിന്ന് വിടുതൽ പ്രാപിക്കുകയും യേശുക്രിസ്തുവിലൂടെ മനുഷ്യർ മോചനം നേടിയെടുക്കുകയും ചെയ്യുകയെന്നതാണ് ആത്മീക ജീവിത ലക്ഷ്യം. ദൈവകൃപയിലൂടെ മനുഷ്യവ്യക്തിത്വം രൂപാന്തരപ്പെട്ട് നന്മയിലേക്ക് വളരുന്നതാണ് 'രക്ഷിക്കപ്പെടുന്ന' അനുഭവം. രക്ഷ എന്നത് നിരന്തര വളർച്ച ആവശ്യപ്പെടുന്നു. 'നിത്യശ സതതം'എന്ന് സംസ്കൃതത്തിലും 'ഹോശോവബ് കുലസ്ബാൻ ലഒല്മീൻ' എന്ന് സുറിയാനിയിലും ഉള്ള ഓർമ്മപ്പെടുത്തൽ ഇതാണ് സൂചിപ്പിക്കുന്നത്. 'ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ'.

– ഫാ. സഖറിയാ തോമസ് പുതുപ്പള്ളി

മലങ്കരസഭ മാസിക
കാതോലിക്കേറ്റ് അരമന,
ദേവലോകം
കോട്ടയം-04
ഫോൺ: 0481-2573234

പ്രസിഡന്റ്
ഡോ. യൂഹാനോൻ മാർ
ദീയസ്കോറോസ്
മെത്രാപ്പോലീത്താ

ചീഫ് എഡിറ്റർ
ഫാ. സഖറിയാ തോമസ്

മാനേജിംഗ് എഡിറ്റർ
ഫാ. തോമസ് രാജു കരുവാറ്റ

സബ് എഡിറ്റർ
ഫാ. അലക്സ് തോമസ്
നാഴൂരിമറ്റത്തിൽ

അംഗങ്ങൾ
ഫാ.ഡോ. ബിജേഷ് ഫിലിപ്പ്
ഫാ. തോമസ് വർഗീസ് ചാവടിയിൽ
അഡ്വ. ബിജു ഉമ്മൻ
ഡോ. തോമസ് കുരുവിള
മെർലിൻ റ്റി. മാത്യു

ഇ.മെയിൽ:
malankarasabha1946@gmail.com,
sabhamasika@yahoo.com

Read online:
www.mosc.in
www.malankarasabhaonline.com

കംപ്യൂട്ടർ ഓപ്പറേറ്റർ
& ഗ്രാഫിക് ഡിസൈനർ :
ജിന്റോ കുറിച്ചി

അക്കൗണ്ടന്റ്:
ബിജു വർക്കി
9947804477

WE HUMBLY SUBMIT OURSELVES IN YOUR BLESSED INTERCESSION



IN LOVING MEMORY

JACOB MATTHEW & FAMILY
(JOJO DUBAI)

WORKING COMMITTEE MEMBER,
MALANKARA ORTHODOX SYRIAN CHURCH

അകം

CONTENTS

8 മദ്യവിപത്തിന് എതിരെ ബോധവൽക്കരണം അനിവാര്യം
- പരിശുദ്ധ കാതോലിക്കാ ബാവാ

8 ലഹരിവിരുദ്ധ ഉച്ചകോടി
- ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

10 മദ്യമയക്കുമരുന്ന്...
- അഡ്വ. ബിജു ഉമ്മൻ

11 കേരളത്തിലെ മദ്യ മയക്കുമരുന്ന് പ്രതിസന്ധി
- ഫാ. പി.എ. ഫിലിപ്പ്

14 ലഹരി വലയിൽ കുടുങ്ങിയ വ്യക്തിയും...
- ഡോ. റൂബിൾ രാജ്

27 പരിശുദ്ധ അബ്ദേദ് മിശിഹോ പാത്രിയർക്കീസ്...
- ഡോ. സിബി തരകൻ

30 സൗമ്യനും ബുദ്ധിമാനുമായിരുന്ന പുന്നത്ര...
- പി. ജേക്കബ് തോമസ്

32 മറിയം ആത്മാവിലെ അഴകുള്ള...
- ഫാ. ജോൺ റ്റി. വർഗീസ്, കുളക്കട

പംക്തികൾ വചന വെളിച്ചം

DRUXIT
exit drugs

മലങ്കരസഭ

TARIFF

Back Page (Colour)	:	25,000
Front Inside (Colour)	:	20,000
Back Inside (Colour)	:	20,000
Inner Page (Colour)		
3rd page (Colour)	:	18,000
Second last Page (Colour)	:	18,000
Full ,,	:	15,000
Half ,,	:	8,000
Quarter ,,	:	5,000
Minimum (Colour)	:	2,500
Favours Block (Stamp Size)	:	1000
Full page (B&W)	:	8000
Half page (B&W)	:	5000
Quarter page (B&W)	:	3000
Matrimonial (Minimum)	:	1000
Minimum (B&W)	:	1500

വരിസംഖ്യ

ഇന്ത്യയിൽ		
ഒറ്റപ്രതി	:	₹ 25
ഒരുവർഷം	:	₹ 250
4 വർഷം	:	₹ 900
വിദേശത്തേക്ക്		
ഒരു വർഷം	:	₹ 4000

മലങ്കരസഭ

വരിക്കാരാകുവാനും
വരിസംഖ്യ പുതുക്കുവാനും
QR CODE SCAN ചെയ്യുക.
പണമടച്ചതിനു ശേഷം 8281661946
എന്ന
വാട്സാപ്പ് നമ്പറിൽ അറിയിക്കുക.

SCAN & PAY

ലഹരിവിരുദ്ധ ഉച്ചകോടി

DRUXIT exit drugs

കേരളം ഒരു ലഹരി സമൂഹമായ് തീരുന്നുവോ? സർക്കാർ ഔദ്യോഗിക കണക്കുകൾ ഇത് സാധൂകരിക്കുന്നു. അതിനാൽ സഭയും സമൂഹവും ലഹരിവിമുക്ത പ്രവർത്തനങ്ങൾക്കായി കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയാണ്.

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മദ്യം, മയക്കുമരുന്ന്, രാസലഹരികൾ എന്നിവയിൽ പുതിയ തലമുറ അടിമകളായിത്തീരുന്നു. മനസിനേയും ശരീരത്തെയും ഹനിക്കുന്ന ലഹരികളുടെ അമിത ഉപഭോഗം മൂലം കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു. സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുന്നു. ആത്മഹത്യകളും കുറ്റകൃത്യങ്ങളും വിവിധതരം മാനസിക-ശാരീരിക രോഗങ്ങളും വർധിക്കുന്നു. യുവതലമുറ സമൂഹത്തിൽ തകരുവാൻ തുടങ്ങുന്നു. ഇത്തരം സാഹചര്യത്തിൽ പുതുതലമറയെ ചേർത്തു നിർത്തുവാൻ കഴിയണം.

കുടുംബ-സാമൂഹിക ബന്ധങ്ങളെ തകർക്കുന്ന ലഹരിയുടെ അമിത ഉപഭോഗത്തിൽനിന്നും പുതുതലമുറയെ രക്ഷിക്കുവാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം നമുക്കില്ലേ? ക്രൈസ്തവ സമൂഹത്തിന് ഇത്തരം മഹാവിപത്തുകളെ പ്രതിരോധിക്കുവാനുള്ള കടപ്പാടില്ലേ? ലഹരിവിമുക്ത സമൂഹത്തെക്കുറിച്ചുള്ള സങ്കല്പം വികസിപ്പിക്കുന്നതിനായി പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയുടെ മുഖ്യ നേതൃത്വത്തിൽ 2025 ജൂൺ 14-ന് കോട്ടയം ദേവലോകം അരമനയിൽ നടന്ന ഡ്രക്സിറ്റ് ഉച്ചകോടി വളരെയധികം സാമൂഹിക ശ്രദ്ധ നേടി.

പരി. കാതോലിക്കാ ബാവായുടെ സാമൂഹിക പ്രതിബദ്ധതയുടെയും പുതിയ മാനവികതയുടെയും ദർശനം അവതരിപ്പിച്ച ഡ്രക്സിറ്റ് ഉച്ചകോടി എല്ലാവിധ ലഹരികളും മനസ്സിനേയും ശരീരത്തെയും ബലഹീനമാക്കുന്നു എന്ന് വിളിച്ചറിയിച്ചു. നമ്മുടെ സമൂഹത്തെ ലഹരി രഹിത സമൂഹമാക്കി തീർക്കുന്നതിനുള്ള പോരാട്ടത്തിലും ബോധനപ്രവർത്തനത്തിലും സഭ ഒന്നടങ്കം അണിചേരുവാൻ ഈ ഉച്ചകോടി ആഹ്വാനം ചെയ്യുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ലഹരി വിമുക്ത സമൂഹത്തിനായുള്ള കൂട്ടായ പരിശ്രമത്തിന്റെ പ്രാരംഭം പരി. കാതോലിക്കാ ബാവ നിർവ്വഹിച്ചു. മനുഷ്യമനസ്സിനെ ഗ്രസിക്കുന്ന ലഹരികൾക്ക് എതിരെ വ്യാപകമായ പ്രചാരണം, കുടുംബം, സമൂഹം, സഭ എന്നിവിടങ്ങളിൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഉച്ചകോടി വിളംബരം ചെയ്തു.

ഡ്രഗ്സിറ്റ് ഉച്ചകോടിയിൽ സഭയിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പങ്കുചേർന്നു. അനേകം കാരുണ്യ പദ്ധതികൾക്ക് നേതൃത്വം നല്കി പുതിയ മാനവികതയുടെ ദർശനം പങ്കിടുന്ന പരി. ബാവ തിരുമേനിയുടെ നേതൃത്വത്തിൽ നടത്തിയ മുഖ്യ ഡ്രഗ്സിറ്റ് ഉച്ചകോടിയിൽ മഹാരാഷ്ട്രാ ഗവർണർ സി.പി. രാധാകൃഷ്ണൻ മുഖ്യാതിഥി ആയിരുന്നു.

ലോകത്തെ കരുത്തുറ്റ മാഫിയയാണ് മദ്യ-മയക്കുമരുന്നുകൾക്ക് പിന്നിൽ എന്ന് അദ്ദേഹം പറഞ്ഞു. രാജ്യാന്തരതലത്തിലുള്ള വലിയ കച്ചവടത്തിലൂടെ ലഭിക്കുന്ന പണം തിന്മയെ പ്രോത്സാഹിപ്പിക്കുന്നതാണ്. ബോധവൽക്കരണമാണ് മയക്കുമരുന്നിന് എതിരായ ഏറ്റവും നല്ല പ്രതിരോധ മാർഗ്ഗം- ഗവർണർ പറഞ്ഞു.

ജീവിതത്തിൽ ലഹരി ഉപയോഗിക്കുകയില്ലെന്ന് വിദ്യാർത്ഥികളും യുവജനങ്ങളും പ്രതിജ്ഞയെടുക്കണെ

DRUXIT exit drugs

മദ്യവിപത്തിന്

കോട്ടയം: മനുഷ്യമനസ്സിന്റെ താളവും സൗന്ദര്യവും തകർക്കുന്ന മദ്യമയക്കുമരുന്ന് വിപത്തിനെതിരെ സഭയും സമൂഹവും ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യമാണെന്ന് പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ പ്രസ്താവിച്ചു.

മലങ്കര ഓർത്തഡോക്സ് സഭ സംഘടിപ്പിച്ച ഡ്രഗ്സിറ്റ് സമ്മിറ്റ് കോൺക്ലേവ് ഉദ്ഘാടന സമ്മേളനത്തിൽ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

മനുഷ്യരുടെ ബലഹീനത ചൂഷണം ചെയ്തു മദ്യം ഒഴുക്കി ലാഭം കൊയ്യുന്ന പ്രവണത സർക്കാർ അനസാനിപ്പിക്കണം എന്നും മദ്യ ഉപയോഗം ലളിതവൽക്കരിക്കുന്ന സിനിമകളും സീരിയലുകളും മനുഷ്യ സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ

മെന്നും ലഹരിക്ക് എതിരായ പോരാട്ടം രാജ്യം ഒന്നടങ്കം ഏറ്റെടുക്കണമെന്നും ഗവർണർ ആഹ്വാനം ചെയ്തു.

സാമൂഹിക മാധ്യമങ്ങളിൽ ലഹരിക്ക് എതിരെ പ്രചരിക്കുന്ന മനോഹരമായ പോസ്റ്ററാണ്-

Say Yes to Life, Say No to Drugs.

ജീവിതത്തെ ചേർത്തു പിടിക്കുക. മയക്കുമരുന്നുകൾ വേണ്ട എന്നു പറയുക. ജീവിതത്തെ ഉൾക്കൊണ്ട് ലഹരിയോട് അകന്നിരിക്കുവാൻ കഴിയണം.

ഡ്രഗ്സിറ്റിന്റെ ഭാഗമായുള്ള അവതരണഗാനത്തിലെ ആദ്യവരികൾ എന്തിനാണ് ലഹരിവിമുക്ത സമൂഹത്തിനായുള്ള ഡ്രക്സിറ്റ് എന്ന് വ്യക്തമാക്കുന്നുണ്ട്.

ഒരു നവയുഗമായ് ഉയരാം
ഒരു നവജനമായ് ഉയരാം
ഒരു ചെറു തിരിയായ് എരിയാം
ലഹരിമുക്ത സഭയ്ക്കായ്......

സഭയിലും സമൂഹത്തിലും ഒരു നവയുഗവും നവജനതയും ഉണ്ടാകുന്നതിനും ലഹരിമുക്ത സഭയ്ക്കായ് ഒരു ചെറുതിരിയായ് എരിയുന്നതിനുമുള്ള ആഹ്വാനം ഡ്രക്സിറ്റിൽ ശ്രദ്ധേയമായി....

ലഹരി വലയിൽ നിന്നും വിമോചിപ്പിക്കണം

ഡോ. റൂബിൾ രാജ്

ലഹരി വലയിൽ കുടുങ്ങുന്ന വ്യക്തികളെ ശുഭകരമായ ജീവിതത്തിലേക്ക് വിമോചിപ്പിക്കുവാൻ സഭകൾക്കും സമൂഹത്തിനും ഉത്തരവാദിത്വമുണ്ടെന്ന് ഡോ. റൂബിൾ രാജ്. ഡ്രക്സിറ്റ് സിംപോസിയത്തിൽ പങ്കെടുത്ത് ലഹരിയുടെ സാമൂഹികമാനങ്ങൾ പ്രബന്ധം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ മോഡറേറ്ററായിരുന്നു. കോട്ടയം ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വർഗീസ് പി. പുന്നൂസ് (ലഹരിയുടെ ശാരീരിക മാനസിക പ്രത്യാഘാതങ്ങൾ), പ്രൊഫ. സി. മാമ്മച്ചൻ (ലഹരി വിമുക്തി പ്രായോഗിക തലങ്ങൾ) എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

എതിരെ ബോധവൽക്കരണം അനിവാര്യം

പരിശുദ്ധ കാതോലിക്കാ ബാവ

പുതുസമൂഹം അകാലത്തിൽ തകർന്നുപോകുന്നു എന്നും പരി. ബാവ പറഞ്ഞു.

മദ്യമയക്കുമരുന്നുകളുടെ ഉപയോഗത്തിൽ പുതുസമൂഹം അകാലത്തിൽ തകർന്നു പോകുന്നു. ഇത് സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുമ്പോൾ തിരുത്തൽ ശക്തിയായി പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വം മതങ്ങൾക്കുണ്ട്.

മദ്യ ഉപയോഗം ലളിതവൽക്കരിക്കുന്ന നിരവധി സിനിമകളും പരസ്യങ്ങളും സമൂഹത്തെ നശിപ്പിക്കുന്നുണ്ട്. മനുഷ്യസമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന സീനുകൾ ഒഴിവാക്കിയുള്ള സിനിമകളും സീരിയലുകളും സൃഷ്ടിച്ച്, ഗുണപാഠമുള്ള സിനിമകൾ നിർമ്മിക്കുവാൻ കഴിയണം.

സഭകൾക്കു മാത്രമല്ല സർക്കാരുകൾക്കും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ മുഖ്യ പങ്ക് വഹിക്കുവാൻ കഴിയും. മദ്യത്തിന്റെ ലഭ്യത സുലഭമാക്കുന്ന നയങ്ങൾ അപലപനീയമാണ്. മദ്യം മനുഷ്യന് ലഭ്യമാക്കുവാൻ കഴിയുന്ന സാധ്യതകൾ സുലഭമായി ഉണ്ടാക്കിയിട്ട് മദ്യപിക്കരുത് എന്നു പറയുന്നതിൽ എന്തർത്ഥം. മദ്യത്തിൽനിന്നും ലഭിക്കുന്ന ലാഭത്തിലാണ് കണ്ണ്. കേരളത്തിൽ ബിവറേജസ് കോപ്പറേഷനിൽനിന്നും ലഭിക്കുന്ന ലാഭം 1880 കോടിയാണ്. ഈ ലാഭത്തിന് വേണ്ടി എത്രയധികം മനുഷ്യജീവതങ്ങളാണ് നശിപ്പിക്കുന്നത്. ഈ തുക കൊണ്ട് ഒരു മനുഷ്യജീവിതം പോലും തിരിച്ചു പിടിക്കുവാൻ കഴിയുകയില്ല.

സർക്കാരിന് ടാക്സ് ഇനത്തിൽ പിരിഞ്ഞുകിട്ടാനായി 5600 കോടി രൂപ ഉണ്ട്. എന്നാൽ അത് പിരിച്ചെടുക്കുവാൻ ആരും ശ്രമിക്കുന്നില്ല. വലിയ കോൺട്രാക്ടറുടെ സംഭാവനകൾ സ്വീകരിച്ചാണ് ഇലക്ഷൻ പ്രചരണം നടക്കുന്നത്. വലിയ വലിയ തുകയുള്ള കമ്പനികളുടെ ടാക്സ് പിരിച്ചെടുക്കുവാൻ ഇവിടെ സംവിധാനമില്ല. പകരം ജനങ്ങളുടെ ബലഹീനവശം ചൂഷണം ചെയ്ത് മദ്യം ഒഴുക്കി ലാഭം ഉണ്ടാക്കുന്നതുവഴി എന്താണ് സമൂഹത്തിന് ഗുണം? സമൂഹത്തിന് പ്രയോജനമില്ലാത്ത ധൂർത്തുള്ള സമ്മേളനങ്ങൾ നടക്കുകയാണ്. സർക്കാർ കണ്ണു തുറന്ന് പ്രവർത്തന ശൈലിയിൽ മാറ്റം ഉണ്ടാക്കണം. സർക്കാരിനുള്ള ടാക്സ് കൃത്യമായി പിരിച്ചെടുത്താൽ കേരളത്തിലെ മദ്യശാലകൾ പൂട്ടുവാൻ കഴിയും. ടാക്സ് പിരിച്ചെടുക്കാതെ, ലോട്ടറി കച്ചവടവും മദ്യശാലകളും കൂടുതൽ അനുവദിക്കുന്നതും മനുഷ്യന്റെ ബലഹീനതയെ ചൂഷണം ചെയ്തു ലാഭം ഉണ്ടാക്കുന്നതും സമൂഹത്തിന്റെ പുരോഗതിയെ തടയുകയാണെന്നും പരി. ബാവാ പറഞ്ഞു.

മദ്യമയക്കുമരുന്ന് : സമഗ്രപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ

അഡ്വ. ബിജു ഉമ്മൻ (അസോസിയേഷൻ സെക്രട്ടറി)

മദ്യമയക്കുമരുന്ന് പ്രതിസന്ധിക്ക് സ്ഥിരമായ സാമൂഹിക ഇടപെടൽ കുടുംബത്തിലും സഭയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉണ്ടാകണമെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നേതൃത്വത്തിൽ 2025 ജൂൺ 14 ന് കോട്ടയം ദേവലോകം അരമനയിൽ സംഘടിപ്പിച്ച ഡ്രക്സിറ്റ് ഉച്ചകോടി (Druxit Summit) രൂപപ്പെടുത്തിയ പ്രസ്താവന അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

മദ്യ-മയക്കുമരുന്ന് പ്രതിസന്ധി ഒരു സാമൂഹിക പ്രശ്നം മാത്രമല്ല, അത് ഒരു പൊതുജനാരോഗ്യ അടിയന്തരാവസ്ഥകൂടി (Pubilc health emergency) ആണ്. അമിതമായ പാശ്ചാത്യവൽക്കരണം, കുടുംബഘടനകളുടെ തകർച്ച, സമപ്രായക്കാരുടെ സമ്മർദ്ദം, മാനസികാരോഗ്യ പ്രശ്നങ്ങൾ, ലഹരിയുടെ കൂടിക്കൊണ്ടിരിക്കുന്ന ലഭ്യത, മാറിമാറി വരുന്ന സർക്കാരുകളുടെ താൽപ്പര്യങ്ങൾ എന്നിവ ഈ പ്രതിസന്ധിക്ക് കാരണമാണ്. ഇതിനെതിരെ പോരാടാൻ ഒരു lifespan approach ആവശ്യമാണ്.

1. ലഹരിയോടുള്ള ആസക്തി ഒരു ആരോഗ്യ പ്രശ്നമാണ്. ലഹരി ഉപയോഗത്തെ കുറ്റകൃത്യമായി കണ്ട് ശിക്ഷിക്കാതെ അതൊരു രോഗാവസ്ഥയാണെന്നു തിരിച്ചറിഞ്ഞു ചികിത്സിക്കേണ്ടത് ആവശ്യമാണ്.

2. അമിതമായ പാശ്ചാത്യവൽക്കരണവും വ്യക്തിസ്വാതന്ത്ര്യവരവും സമൂഹത്തെ സാംസ്കാരിക തകർച്ചയിൽ എത്തിച്ചിരിക്കുന്നു. ഇതിനു മാറ്റമുണ്ടാകണമെങ്കിൽ മൊബൈൽ ഫോൺ-ഇന്റർനെറ്റ് അധിഷ്ഠിത ജീവിതത്തിന് പകരം കുടുംബ - കേന്ദ്രീകൃത ജീവിതം പുനഃസ്ഥാപിക്കണം.

3. സുഹൃത്തുക്കളുടെയും സമപ്രായക്കാരുടെയും സമ്മർദ്ദവും അവരെ അനുകരിക്കാനുള്ള പ്രവണതയും ലഹരി ഉപയോഗത്തിന്റെ പ്രധാന കാരണമാണ്. മാതാപിതാക്കൾ, അദ്ധ്യാപകർ, സെലിബ്രിറ്റികൾ, മതനേതാക്കന്മാർ എന്നിവർ ആരോഗ്യകരമായ ജീവിതത്തിലൂടെ കുട്ടികൾക്ക് മാതൃകയാകണം. മദ്യവും മയക്കുമരുന്നു വയലൻസും ആഘോഷിക്കപ്പെടുന്ന വിധത്തിലുള്ള മാധ്യമ ചിത്രീകരണങ്ങൾ നിയന്ത്രിക്കപ്പെടണം.

ശേഷം 25-ാം പേജിൽ...

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണം അവർ വലഭാഗത്തിൽ..."

In Fond Remembrance of Our Loving Parents

10 Years of Eternal Rest

M.V. Oommen

12.08.1918 - 30.07.2015

25 Years of Eternal Rest

Mariamma Oommen

06.05.1926 - 08.06.2000

Inserted by:

Children, Grandchildren & Great Grandchildren
Chenkilathu, Kuttemperoor, Mannar

കേരളത്തിലെ മദ്യ – മയക്കുമരുന്ന് പ്രതിസന്ധി : സമഗ്ര പരിഹാരത്തിനായി ആഹ്വാനം



ഫാ. പി.എ. ഫിലിപ്പ്

(മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നേതൃത്വത്തിൽ 14-06-2025 ശനിയാഴ്ച കോട്ടയത്തു സംഘടിപ്പിച്ച ഡ്രക്സിറ്റ് ഉച്ചക്കോടിയിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളിലും ചർച്ചകളിലും നിന്ന് ഉരുത്തിരിഞ്ഞ ആശയങ്ങളുടെ സംക്ഷിപ്ത രൂപം.

ഉയർന്ന സാക്ഷരതയും പുരോഗമന മൂല്യങ്ങളും കൊണ്ട് പ്രശംസിക്കപ്പെട്ട കേരളം ഇന്ന് ഭയാന കമായ ഒരു മദ്യ -മയക്കുമരുന്ന് പ്രതിസന്ധിയെ നേരി ടുകയാണ്. സ്ഥിതിവിവരക്കണക്കുകൾ ഭീതിദമായ ചിത്ര മാണ് വരയ്ക്കുന്നത്.

2024-ൽ 2,800-ത്തോളം കുട്ടികൾ മയക്കുമരുന്ന് ചികിത്സാ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ടു.

:: ലഹരി ഉപയോഗത്തിന്റെ ശരാശരി താഴ്ന്നപ്രായം 12 വയസ്സായിരിക്കുന്നു. പെൺകുട്ടികളും ലഹരിയ്ക്ക് വൻതോതിൽ അടിപ്പെടുന്നു.

:: 10-വയസ്സിന് താഴെയുള്ള 9% കുട്ടികൾ ലഹരി ഉൽപ്പന്നങ്ങൾ പരീക്ഷിക്കുന്നു; കുട്ടികളുടെ 70% പതി നഞ്ചു(15) വയസ്സിന് മുമ്പ് ലഹരി പരീക്ഷിക്കുന്നവരാണ്.

:: 104 സ്കൂളുകൾ മയക്കുമരുന്ന് ഹോട്ട്സ്പോട്ടുക ളെന്നനിലയിൽ ഔദ്യോഗികമായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

:: 1,140 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സമീപം ലഹരി ഉൽപ്പന്നങ്ങൾ വിനിമയം ചെയ്യപ്പെടുന്നു.

:: മദ്യപാനവും മയക്കുമരുന്ന് ഉപയോഗവും സമൂഹ ത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. കോവിഡിന് ശേഷം ക്രൂരമായ കൊലപാതക ശ്രമങ്ങൾ 47% വർദ്ധിച്ചു; സൈബർ കുറ്റങ്ങളുടെ വർദ്ധനവ് 330% ആണ്.

മദ്യ-മയക്കുമരുന്ന് പ്രതിസന്ധി ഒരു സാമൂഹിക പ്ര ശ്നം മാത്രമല്ല, അത് ഒരു പൊതുജനാരോഗ്യ അടി യന്തിരാവസ്ഥ (Public health emergency) കൂടി ആണ്. അമിതമായ പാശ്ചാത്യവൽക്കരണം, കുടുംബ ഘടനക ളുടെ തകർച്ച, സമപ്രായക്കാരുടെ സമ്മർദ്ദം, മാനസികാ രോഗ്യ പ്രശ്നങ്ങൾ, ലഹരിയുടെ കൂടിക്കൊണ്ടിരിക്കുന്ന ലഭ്യത, മാറിമാറിവരുന്ന സർക്കാരുകളുടെ താൽപ്പ ര്യങ്ങൾ എന്നിവ ഈ പ്രതിസന്ധിക്ക് കാരണമാണ്. ഇതിനെതിരെ പോരാടാൻ ഒരു lifespan approach ആവശ്യ മാണ്. കുടുംബം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, മത സംഘടനകൾ, ഭരണകൂടം, സമൂഹം, സന്നദ്ധസംഘടന കൾ എന്നിവ മുന്നിൽ നിന്നുകൊണ്ട് പ്രശ്നത്തിന്റെ വേരുകളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടുള്ള പ്രവർത്തന മാണ് ആവശ്യം.

1. ലഹരിയോടുള്ള ആസക്തി, ധാർമ്മിക പ്രശ്നത്തി ലുപരിയായി ഒരു ആരോഗ്യപ്രശ്നമാണ്.

ലഹരി ഉപയോഗത്തെ ഒരു കുറ്റകൃത്യമായി കണ്ട് ശി ക്ഷിക്കുന്നതിലുപരി , അതൊരു രോഗാവസ്ഥയാണെന്നു തിരിച്ചറിഞ്ഞു ചികിൽസിക്കേണ്ടത് ആവശ്യമാണ്. ശാ സ്ത്രീയ പഠനങ്ങൾ സ്ഥിരീകരിക്കുന്നത് അഡിക്ഷൻ മസ്തിഷ്ക രസതന്ത്രത്തെ മാറ്റുന്നുവെന്നും പ്രൊഫ ഷണൽ സഹായമില്ലാതെ അതിൽ നിന്നുള്ള മാറ്റം സാധ്യമല്ലെന്നുമാണ്. ലഹരിക്ക് അടിമപ്പെട്ടവരെ കുറ്റവാ ളികളായി കാണുന്നത് പ്രശ്നം ആഴത്തിലാക്കും. പകരം വൈദ്യശാസ്ത്രവും മനഃശാസ്ത്രവും അടിസ്ഥാനമാക്കി ചികിത്സ നടത്തുന്ന കേന്ദ്രങ്ങൾ കൂടുതലായി ഉണ്ടാകണം. ആരോഗ്യ പ്രവർത്തകർക്കും കൗൺസിലർമാർക്കും ഇക്കാ ര്യത്തിന് പ്രത്യേക പരിശീലനം ആവശ്യമാണ്. മാന സികാരോഗ്യ പ്രശ്നങ്ങൾക്കും ലഹരി വിമോചനത്തി നും സഹായം തേടുന്നത് അപമാനകരമാണ് എന്ന ചിന്ത (stigma)സമൂഹത്തിൽ നിന്നു നീക്കണം.

2. അമിതമായ പാശ്ചാത്യവൽക്കരണവും വ്യക്തി സ്വാതന്ത്ര്യ വാദവും സമൂഹത്തെ സാംസ്കാരിക തകർച്ച യിൽ എത്തിച്ചിരിക്കുന്നു. ആഗോളവൽക്കരണം ഭൗതി കവാദത്തെ ശക്തിപ്പെടുത്തുകയും അതിവ്യക്തിവാദത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കേരളത്തിന്റെ പരമ്പ രാഗതമായ സാമൂഹ്യ മൂല്യങ്ങൾ ദുർബലമാകാൻ ഇത് കാരണമായി. യുവതീ യുവാക്കൾ തൽക്ഷണ സംതൃ പ്തി തേടി മയക്കുമരുന്നിലേക്കും മദ്യത്തിലേക്കും തിരിയുന്നു. ഇതിനു മാറ്റമുണ്ടാകണമെങ്കിൽ നഷ്ടപ്പെട്ടു

പോയ സാമൂഹിക കൂട്ടായ്മകളും, മുതിർന്നവരോടും അദ്ധ്യാപകരോടുമുള്ള ബഹുമാനവും, പങ്കാളിത്ത ബോധവും പ്രോത്സാഹിപ്പിക്കപ്പെടണം. മൊബൈൽ ഫോൺ-ഇന്റർനെറ്റ് അധിഷ്ഠിത ജീവിതത്തിന് പകരം കുടുംബ-കേന്ദ്രീകൃത ജീവിതം (Family centred life) പുനഃസ്ഥാപിക്കണം.

3.സുഹൃത്തുക്കളുടെയും സമപ്രായക്കാരുടെയും സമ്മർദ്ദവും അവരെ അനുകരിക്കാനുള്ള പ്രവണതയും ലഹരി ഉപയോഗത്തിന്റെ പ്രധാന കാരണമാണ്. നേരിട്ട് എന്തു കാണുന്നുവോ അത് അനുകരിക്കാനുള്ള പ്രവണത കുട്ടികൾക്കുണ്ട്. ജീവിത നൈപുണ്യങ്ങൾ സ്കൂളുകളിൽ പ്രായോഗികമായി പരിശീലിപ്പിക്കപ്പെടുകയും 'ഇല്ല', 'വേണ്ട' എന്നു പറയാൻ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യണം. മാതാപിതാക്കൾ, അധ്യാപകർ, സെലിബ്രിറ്റികൾ, മതനേതാക്കന്മാർ എന്നിവർ മൂല്യവത്തായ ജീവിതത്തിലൂടെ കുട്ടികൾക്ക് മാതൃകയാകണം. മദ്യവും മയക്കുമരുന്നും അക്രമവും ആഘോഷിക്കപ്പെടുന്ന വിധത്തിലുള്ള മാധ്യമ ചിത്രീകരണങ്ങൾ നിയന്ത്രിക്കപ്പെടണം. സെൻസർ ബോർഡ് Age Ratings നൽകുകയും അവ കർശനമായി പാലിക്കപ്പെടുകയും ചെയ്യണം.

4. മതങ്ങളും ആത്മീയതയും മുന്നോട്ടുവയ്ക്കുന്ന ധാർമ്മിക അടിത്തറ പുനഃസ്ഥാപിക്കേണ്ടത് ആവശ്യമാണ്. 'മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപമാണ്; മനുഷ്യശരീരം ദൈവത്തിന്റെ ആലയമാണ്'. എന്നിങ്ങനെയുള്ള ആത്മീയ സത്യങ്ങൾ യുവാക്കളെ നയിക്കാനുള്ള സാഹചര്യമാണ് ഉണ്ടാകേണ്ടത്. സ്കൂളുകളിലും കോളേജുകളിലും മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നടത്തുന്നതിൽ മതസ്ഥാപനങ്ങൾക്ക് പ്രധാന പങ്കുണ്ട്. അമിത മാനസിക സമ്മർദ്ദം കുറയ്ക്കാനും ആരോഗ്യം നിലനിർത്താനും ധ്യാനവും യോഗയും പ്രോത്സാഹിപ്പിക്കപ്പെടണം. സാമൂഹിക സേവനം വഴി പങ്കാളിത്തത്തെക്കുറിച്ചും ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യത്തെക്കുറിച്ചുമുള്ള ബോധ്യം വളർത്തണം.

5. മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും കുട്ടികളുടെമേൽ ഉണ്ടായിരുന്ന സ്വാധീനം ഇന്ന് നഷ്ടമായിരിക്കുന്നു. അത് തിരികെ കൊണ്ടുവരേണ്ടത് സമൂഹത്തിന്റെ കെട്ടുറപ്പിനും മൂല്യങ്ങളുടെ സംരക്ഷണത്തിനും ആവശ്യമാണ്.അദ്ധ്യാപക - രക്ഷാകർതൃ സമിതികൾ (PTA) വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കും അധ്യാപകർക്കും വേണ്ടി പരിശീലന ശില്പശാലകൾ ക്രമീകരിക്കണം. അർത്ഥവത്തായ രക്ഷാകർതൃത്വം(meaningful parenting), മയക്കുമരുന്ന് ഉപയോഗം തിരിച്ചറിയൽ, ഡീ-അഡിക്ഷന് കൗൺസിലിങ് എന്നീ മേഖലകളിലുള്ള പരിശീലനങ്ങൾ PTA യ്ക്ക് ക്രമീകരിക്കാനാകും.

മാതാപിതാക്കൾക്ക് കേരളീയ കുടുംബ ജീവിതത്തിൽ ഉണ്ടായിരുന്ന സ്ഥാനവും ഉത്തരവാദിത്തവും പുനഃസ്ഥാപിക്കപ്പെടണം. മാതാപിതാക്കൾ കുട്ടികൾക്ക് സ്നേഹം പകർന്നുനൽകുകയും ആവശ്യമുള്ളപ്പോൾ അവരെ തിരുത്താൻ തയ്യാറാവുകയും ചെയ്യണം. വീടുകളിൽ മൊബൈൽ ഫോൺ, ടി.വി എന്നിവയുടെ അമിത ഉപയോഗം നിയന്ത്രിക്കപ്പെടണം. ഡിജിറ്റൽ മാധ്യമങ്ങളെ കൂടുതൽ ആശ്രയിക്കുന്നത് ഏകാന്തതയും ഒറ്റപ്പെടലും വർദ്ധിപ്പിക്കുന്നു; ഇതു മൂലം ലഹരി ഉപയോഗത്തിലേക്ക് നയിക്കപ്പെടാം.

സ്കൂളുകളിൽ മയക്കുമരുന്നിന് സീറോ ടോളറൻസ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും മയക്കുമരുന്നു വിൽപ്പനക്കാരുടെ സ്വാധീനത്തിൽനിന്നും എല്ലാ സ്കൂളുകളും മുക്തമല്ല. അവിടെ അധ്യാപകർക്ക് ഫലപ്രദമായി ഇടപെടാൻ കഴിയും. മയക്കു മരുന്നിനു സ്വാധീനപ്പെട്ട വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിനും അവരെ അതിൽനിന്നു മോചിപ്പിച്ചു സംരക്ഷിക്കുന്നതിനും അധ്യാപകർക്ക് കഴിയണമെങ്കിൽ അവരുടെ നിയന്ത്രണാധികാരം തിരികെ കൊണ്ടുവരേണ്ടിയിരിക്കുന്നു. മാതാപിതാക്കളും അധ്യാപകരും കുട്ടികളെ തിരുത്തുകയോ ശാസിക്കുകയോ ചെയ്ത് ശരിയായ ശിക്ഷണം (ശാരീരിക ശിക്ഷയോ, മാനസിക അധിക്ഷേപമോ അല്ല) നടത്തുമ്പോൾ അതിനെ ക്രിമിനൽ നടപടിയായി കാണുകയും അവർക്കെതിരേ ശിക്ഷാനടപടികൾ എടുക്കുകയും ചെയ്യുന്ന പ്രവണത നിയമം മൂലം തിരുത്തപ്പെടണം.

6. സമൂഹത്തിൻറെ പ്രതിരോധം ഒരു സുരക്ഷാ കവചമാണ്. പ്രാദേശിക നേതാക്കൾ, യുവജന സംഘടനകൾ, റെസിഡൻറ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ എന്നിവ സമൂഹത്തിന്റെ കാവൽക്കാരായി മാറണം. മയക്കുമരുന്ന് വിൽപ്പനയും വ്യാപനവും പോലീസ് / എക്സൈസ് വകുപ്പുകൾക്ക് റിപ്പോർട്ട് ചെയ്യാൻ കഴിവുള്ള കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം പ്രയോജനം ചെയ്യും. മയക്കുമരുന്ന് സംസ്കാരത്തിന് പകരമായി സ്പോർട്സ്, കല, സാംസ്കാരിക പ്രവർത്തനങ്ങൾ, സന്നദ്ധപ്രവർത്തനം എന്നിവയ്ക്ക് പ്രാധാന്യം നൽകി യുവതീ യുവാക്കളെ അവയിൽ പങ്കാളികളാക്കുന്നത് പ്രയോജനകരമാണ്. മാതാപിതാക്കൾ, അധ്യാപകർ, അയൽപക്ക കൂട്ടായ്മകൾ, മത-ആത്മീയ സംഘടനകൾ, രാഷ്ട്രീയപ്രവർത്തകർ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട പ്രതിരോധമതിൽ ഓരോ കുട്ടിക്കും, സ്ക്കൂളിനും പ്രദേശത്തിനും ചുറ്റും ഉണ്ടാക്കിയെടുക്കണം. കംപ്യൂട്ടറുകളെ വൈറസുകളിൽ നിന്ന് പ്രതിരോധിക്കാനുള്ള 'Fire wall' പോലെയുള്ള (അഥവാ Iron dome എന്ന വ്യോമ പ്രതിരോധ സംവിധാനം പോലെയുള്ള) പ്രതിരോധ സംവിധാനത്തിന് സർക്കാർ തലത്തിൽ ആധികാരികമായ സംവിധാനങ്ങൾ ഉണ്ടാകണം.

7. മയക്കുമരുന്ന് ശൃംഖലയെ തകർക്കാൻ തക്കവണ്ണം ഭരണനിർവ്വഹണ-നിയമനിർമ്മാണ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. നിയമങ്ങൾ ഉണ്ടാക്കുന്നതിനോടൊപ്പം അവ കർശനമായി നടപ്പാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ കൂടുതൽ നിരന്തരമായ ജാഗ്രത പുലർത്തുകയും വേണം. മയക്കുമരുന്ന് കടത്തിന് പല രാജ്യങ്ങളിലും മരണശിക്ഷവരെ വിധിക്കുമ്പോൾ - പ്രത്യേകിച്ച് കുട്ടികളെ ലക്ഷ്യമിടുന്നവർക്ക് - നമ്മുടെ നിയമ സംവിധാനങ്ങൾ ഇക്കാര്യത്തിൽ വേണ്ടത്ര ഗൗരവം കൊടുക്കുന്നതായി തോന്നുന്നില്ല നീതിന്യായ വ്യവസ്ഥയുടെ സമകാലിക സ്വഭാവം അത്ര നീതിപൂർവ്വമാണെന്ന് പറയാനാവില്ല. പോലീസ്/എക്സൈസ് വകുപ്പുകളുടെ പ്രവർത്തനങ്ങളിലും കോടതി

യുടെ നടപടി ക്രമങ്ങളിലും ഉണ്ടാകാറുള്ള കാലവിളംബം ഒഴിവാക്കാൻ കഴിഞ്ഞാൽ മാത്രമേ നീതി ന്യായ വ്യവസ്ഥ നീതിപൂർവമാവുകയുള്ളു.

മദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനം ഇപ്പോൾ സർക്കാരിൻറെ ഒരു പ്രധാന സാമ്പത്തിക സ്രോതസ്സാണ്; എന്നാൽ മദ്യ വിൽപ്പനയെ ആശ്രയിച്ച് ഭരണനിർവ്വഹണം നടത്തുമ്പോൾ പലവിധത്തിലുള്ള നീക്കുപോക്കുകകൾക്കും സർക്കാരിന് വിധേയമാകേണ്ടിവരുന്നു. ഇത് പൊതു സമൂഹത്തിന്റെ നന്മയ്ക്കുഗുണം ചെയ്യുന്ന കാര്യമല്ല. സർക്കാരുകൾ മാറിമാറി വരുമ്പോൾ പൊതു നന്മയെ ലക്ഷ്യമാക്കിമാത്രം മദ്യനയം രൂപീകരിക്കുകയാണ് വേണ്ടത്.

ഒരുവശത്തു മദ്യ വിൽപ്പന പ്രോത്സാഹിപ്പിക്കാൻ നടപടികൾ എടുക്കുകയും മറുവശത്തു മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം നടത്തുകയുമാണ് സർക്കാർ ചെയ്യുന്നത്.ഈ വിരോധാഭാസം ആത്യന്തികമായി യാതൊരു പ്രയോജനവും സമൂഹത്തിന് ഉണ്ടാക്കുകയില്ല. ഇക്കാലമത്രയും നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങൾകൊണ്ട് എന്ത് പ്രയോജനം സമൂഹത്തിനു ഉണ്ടായി എന്നതിന് ഒരു കണക്കെടുപ്പ് (Social auditing) ആവശ്യമാണ്.

സർക്കാർ ബസുകളിലും മറ്റും മദ്യ വിജ്ഞാപനങ്ങൾ പരസ്യപ്പെടുത്തുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സമീപം പരസ്യങ്ങൾ കൊടുക്കുന്നതും നി രോധിക്കുകയും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുകയും ചെയ്യാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളണം.

8. മദ്യ-മയക്കുമരുന്ന് ആസക്തിയുടെ മറഞ്ഞിരിക്കുന്ന കാരണം മാനസികാരോഗ്യ പ്രശ്നങ്ങളാണെന്നു വ്യക്ത മാക്കപ്പെട്ടിട്ടുണ്ട്. വിഷാദം, ഉൽകണ്ഠ, ട്രോമ എന്നിവയിൽ നിന്ന് രക്ഷപ്പെടാൻ മദ്യമയക്കുമരുന്നുകൾ ഉപയോഗിക്കുയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനസികാ രോഗ്യ സ്ക്രീനിംഗ് നടത്തുന്നതിനും കൗൺസിലിംഗ് സേവനങ്ങൾ കൂടുതലായി ഉണ്ടാകുന്നതിനും നടപടികൾ വേണം. ശാരീരികാരോഗ്യം പോലെതന്നെ മാനസികാരോഗ്യവും പ്രധാനമാണ് എന്ന ചിന്ത സമൂഹത്തിൽ വേരൂന്നണം.

കേരളത്തിന്റെ മയക്കുമരുന്ന് പ്രതിസന്ധിക്ക് സ്ഥിരമായ സാമൂഹ്യഇടപെടലും ശ്രദ്ധയും ആവശ്യമാണ്. കുടുംബങ്ങളിൽ നിന്ന് ജീവിത മൂല്യങ്ങൾ കുട്ടികൾക്ക് ലഭിക്കണം. സ്കൂളുകൾ മൂല്യങ്ങളുടെ സംരക്ഷകരാവണം മതങ്ങൾ മുന്നോട്ടുവയ്ക്കുന്ന ധാർമ്മികത പുനഃസ്ഥാപിക്കപ്പെടണം. മയക്കുമരുന്ന് മാഫിയയെ തകർക്കാനുള്ള ആത്മാർത്ഥമായ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

കേരളത്തിന്റെ ഭാവി ശോഭനമാകണമെങ്കിൽ ഇപ്പോഴുള്ള തലമുറയെ രക്ഷിക്കേണ്ടതുണ്ട്. ഇതാണ് പ്രവർത്തിക്കേണ്ട സമയം!

(സഭാമാനവശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയത്)

○

10-ാം ചരമ വാർഷികം
(15-07-2025)



Very Rev. Fr. K. J. Kuriakose Corepiscopa
Mulanthuruthy

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യന്നേകുക പുണ്യം
നാഥാ സ്തോത്രം"

സഹധർമ്മിണി :
Mariamma Kuriakose

മക്കൾ :
Ajee & Saya; Ciji & George

കൊച്ചുമക്കൾ :
Kurian & Sherin
Anna, Tijo & Joanna
Mary, Sojan & Hannah

ലഹരി വലയിൽ കുടുങ്ങിയ വ്യക്തിയും കുടുംബവും സമൂഹവും

ലഹരി പാനീയങ്ങളുടെ പിന്നാലെ ഓടുവാൻ വേണ്ടി ഉണർന്നിരിക്കുകയും
വീഞ്ഞു കുടിച്ച് മദിക്കുവാൻ വേണ്ടി ഉറങ്ങാതിരിക്കുകയും ചെയ്യുന്നവർക്ക് ദുരിതം.
ഏശയ്യാ 5:11

ഡോ. റൂബിൾ രാജ്
(മുൻ പ്രിൻസിപ്പൽ മരിയൻ കോളജ്, കുട്ടിക്കാനം)

ഈ ദുരിതം ദുരന്തമായി പരിണമിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാല പരിതസ്ഥിതിയിലാണ് DRUXIT ഉച്ചകോടിയുടെ ഭാഗമായി നാം ഇവിടെ സമ്മേളിച്ചിരിക്കുന്നത്. കാലഘട്ടത്തിന്റെ നൊമ്പരവും ആവശ്യവും അറിഞ്ഞ്, അതിനുള്ള ക്രിയാത്മക പ്രതികരണമാണ് ഈ പരിപാടി. സംഘാടകരെ എല്ലാവരേയും, പ്രത്യേകിച്ച് പരി. കാതോലിക്കാ ബാവാ തിരുമേനിയേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയും പൊതുസമൂഹത്തിന്റെ പേരിൽ നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

ഏശയ്യായുടെ പുസ്തകത്തിലെ വാക്കുകൾ കടമെടുത്ത് പറയട്ടെ. 'ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കുകയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന' യഹോവയുടെ പ്രവർത്തി' മാതൃകയാക്കിയാണ് പരി.ബാവാ തിരുമേനി DRUXIT സംഘടിപ്പിച്ചിരിക്കുന്നത്. വിശ്വാസികളുടെ സമാധാനം നദിപോലെയും നീതി സമുദ്രത്തിലെ തിരപോലെയും ആകാതെ പോകുന്നതിന്റെ നൊമ്പരം ഒരു സഭാ മേലദ്ധ്യക്ഷൻ ഉൾക്കൊണ്ടതിന്റെ നേർക്കാഴ്ചയാണ് ഈ ഉച്ചകോടി. ഒരിക്കൽ കൂടി വേദിക്ക് മുമ്പിലും പിമ്പിലും പ്രവൃത്തിക്കുന്നവർക്ക് കൃതജ്ഞതയുടെ സുഗന്ധ മലരുകൾ സമ്മാനിക്കുന്നു.

ലഹരി വലയിൽ കുടുങ്ങിയ വ്യക്തിയും കുടുംബവും സമൂഹവും എന്ന വിഷയം സംബന്ധിച്ച പ്രബന്ധം അവതരിപ്പിക്കുവാൻ നിൽക്കുമ്പോൾ, നമ്മുടെ ശ്രദ്ധയിലുണ്ടാവേണ്ട ഏതാനും കണക്കുകൾ, എന്റെ വാദങ്ങൾക്ക് ബലമായിട്ടല്ല, സാഹചര്യത്തിന്റെ ഗൗരവം നിങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് ഉദ്ധരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സാക്ഷര ജില്ലയെന്ന് നാം അഭിമാനിക്കുന്ന കോട്ടയം ജില്ലയിൽ മാത്രം ഒരു ദിവസം ശരാശരി 4 ദമ്പതിമാർ വിവാഹമോചിതരാകുന്നു. ശരാശരി 6 വിവാഹമോചന കേസുകൾ രണ്ട് കുടുംബകോടതികളിലായി രജിസ്റ്റർ ചെയ്യപ്പെടുന്നു. വേർപിരിയലിന്റെ പ്രധാന കാരണങ്ങളിലൊന്ന് ലഹരി ഉപയോഗമാണ്.

ഇക്കൊല്ലം സംസ്ഥാനത്തു നടന്ന 63 കൊലപാതകങ്ങളിൽ 30 എണ്ണവും മയക്കുമരുന്നു കേസുകളുമായി ബന്ധപ്പെട്ടാണ്. മയക്കുമരുന്ന് ഉപയോഗമോ, ഉപയോഗത്തിനിടയിലെ സംഘർഷമോ ആണ് കൃത്യത്തിലേക്ക് നയിച്ചതെന്ന് സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോ.

മയക്കുമരുന്നു കേസുകളിൽ ഗണ്യമായ വർദ്ധനയാണ് സമീപ വർഷങ്ങളിൽ ഉണ്ടായിരിക്കുന്നത്. 2021 ൽ 5695, 2023 ൽ 30,697, 2024 ൽ 27,530.

എക്സൈസ് വകുപ്പിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ 1057 സ്കൂളുകൾ ലഹരി മാഫിയായുടെ വലയിലാണ്.

2024 ൽ കേരളത്തിൽ റിപ്പോർട്ട് ചെയ്തത് 4594 പോക്സോ കേസുകളാണ്. പലതിലും ലഹരി ഉപയോഗമാണ് പ്രധാന വില്ലൻ.

2016ൽ 29 ബാറുകളുണ്ടായിരുന്ന നമ്മുടെ സംസ്ഥാനത്ത് 2025 ജനുവരി 31 ലെ കണക്കനുസരിച്ച് 847 ബാറുകളുണ്ട്.

സ്ഥിതിവിവര കണക്കുകളിൽ നിന്ന് നമുക്ക് യഥാർത്ഥ സ്ഥിതിയിലേക്ക് കടക്കാം.

1. വ്യക്തിയും ലഹരിയും

ഒരു വ്യക്തിയുടെ നിലനിൽപ് വ്യക്തി, കുടുംബം, സമൂഹം എന്നീ മൂന്നു തലങ്ങളിലാണ് നിലകൊള്ളുന്നത്. അതുകൊണ്ട് രാസലഹരി അടക്കമുള്ള ലഹരിയുടെ ഉപയോഗം വ്യക്തിയിലാണ് ആരംഭിക്കുന്നതെങ്കിലും അതവിടെ ത്തന്നെ അവസാനിക്കുന്നില്ല. വ്യക്തിയിൽ നിന്ന് അതിന്റെ ആഘാതം കുടുംബത്തിലേക്കും, സമൂഹത്തിലേക്കും വ്യാപിക്കുന്നത് നമ്മുടെ സമകാലിക ദുരന്ത കാഴ്ചകളിൽ ഒന്നാണ്.

വ്യക്തികൾ എങ്ങനെ, എന്തുകൊണ്ട് ലഹരിവലയിൽ പെടുന്നു

Carnivalisation

ജീവിതത്തെ മേളമായും ആഘോഷമായും പരിഗ

ണിക്കുമ്പോൾ, പൊലിമ കൂട്ടുവാൻ ലഹരി അവഗണിക്കാനാവാതെ വരുന്നു. വ്യക്തികൾ തമ്മിൽ വളരെ വേഗത്തിൽ 'sync' ആകാനും, കൂടിച്ചേരലിന്റെ 'Wibe' വർദ്ധിപ്പിക്കാനും ലഹരിയെ പുതുതലമുറ കൂട്ടുപിടിക്കുന്നു. അതിന് പ്രേരകമാകുന്നതോ ന്യൂജെൻ സിനിമകളും, മ്യൂസിക് ആൽബങ്ങളും, റീലുകളും, Whatsapp ഗ്രൂപ്പുകളിലെ പങ്കുവെയ്ക്കലുകളും. എല്ലാം, ആനന്ദത്തിന് പുതുവഴികൾ വെട്ടുകയും പുതു നിർവ്വചനങ്ങൾ നൽകുകയും ചെയ്യുന്നു. കാഴ്ചക്കാരായി തുടങ്ങി ലഹരിയുടെ കാര്യക്കാരായി വ്യക്തികൾ മാറുന്നു.

ഇതിനു പുറമെ, Peer influence Experimentation, Easy availability using online facilities, Pseudo remedy problem for personal crisis, casual beginning leading to casuality, consumer-buyer-seller-progression, loose family connectivity, absence of stringent laws എന്നിവയെല്ലാം വ്യക്തികളുടെ ഇടയിലെ ലഹരി വ്യാപനത്തിന്റെ കാരണഹേതുക്കളാണ്.

അതുകൊണ്ട് എന്ത് സംഭവിക്കുന്നു

വികസിത രാജ്യം എന്ന ലക്ഷ്യത്തിലേക്ക് നടന്നടുക്കുന്ന ഒരു രാജ്യം പ്രതീക്ഷയർപ്പിച്ചിരിക്കുന്ന യുവത ലഹരിയിൽ മയങ്ങിയാൽ, രാജ്യത്തിന്റെ കുതിപ്പ് കിതപ്പായി മാറും. വ്യക്തികൾ പരാജയങ്ങളാകും, ബന്ധങ്ങൾ ശിഥിലമാകും, ക്ലാസ് മുറികളിൽ ഇരിക്കേണ്ടവർ കാരാഗ്രഹത്തിലാകും, മക്കളെ ഓർത്ത് തല ഉയർത്തി നിൽക്കേണ്ട മാതാപിതാക്കൾ, തലകുനിച്ച് മക്കളെ പഴിച്ച് ജീവിക്കേണ്ടി വരും. സർവ്വോപരി, അനുഗ്രഹങ്ങളായി മാറേണ്ട ജന്മങ്ങൾ ശാപമായി മാറും.

14-ാം വയസ്സിൽ ഹെറോയിൻ ഉപയോഗിച്ചു തുടങ്ങി, ലഹരിക്കടിമയായി മാറിയ Narcopolis എന്ന പ്രശസ്ത നോവലിന്റെ രചയിതാവ് ജീത് തയ്യിലിന്റെ വാക്കുകൾ നമുക്ക് ശ്രവിക്കാം. "ആർക്കും നിങ്ങളെ മയക്കുമരുന്നിൽ നിന്ന് പിൻതിരിക്കാനാ വില്ല. സ്വയം തോന്നണം. അപ്പോഴേക്കും വൈകിയിരിക്കും. ഞാൻ ജീവിച്ചതുപോലെ ഒരു ജീവിതത്തിലൂടെ ആരും കടന്നു പോകരുത്. കാരണം മയക്കുമരുന്നു കയത്തിൽ നിന്ന് വളരെ കുറച്ചു പേർ മാത്രമേ രക്ഷപ്പെട്ടിട്ടുള്ളൂ." നമ്മുടെ പുതുതലമുറ ആവർത്തിച്ചു കേൾക്കേണ്ട വാക്കുകളാണിത്.

2. കുടുംബവും ലഹരിയും

കുടുംബമാണ് ലഹരി എന്ന ചിന്തയിൽ നിന്ന് വ്യതിചലിച്ച് ലഹരിക്ക് മറുവഴികൾ തേടിയതാണ് കുടുംബത്തിന്റെ അപചയത്തിനു കാരണം. ഭവനങ്ങൾ കോൺക്രീറ്റിൽ നിർമ്മിച്ച വെറും വീടുകളോ, വാസസ്ഥലങ്ങളോ ആയി രൂപാന്തരം പ്രാപിച്ചതും ഈ അപചയത്തിന് ആക്കം കൂട്ടി. ഭവനങ്ങളിലുണ്ടായിരുന്ന Quality Time Screen Time നും Real presence Virtual presence നും ആയി വഴിമാറിയപ്പോൾ അപചയം ഗൗരവമുള്ളതായി. കുടുംബത്തിലെ അംഗങ്ങൾ തമ്മിലുണ്ടാവേണ്ട സ്നേഹം ദിശമാറി സഞ്ചരിക്കുകയും, സ്നേഹത്തിൽ ഉറപ്പിക്കേണ്ട അടിത്തറ ദുർബലമാവുകയും ചെയ്തപ്പോൾ, നമ്മുടെ ദേശീയ പാതയിലെപ്പോലെ, കുടുംബത്തിൽ വിള്ളലും, അടിത്തറ ഇളകലും പതിവു കാഴ്ചകളായി.

കുടുംബം വ്യക്തികൾക്ക് എന്നും ഒരഭയകേന്ദ്രമായിരുന്നു. ഭാരങ്ങൾ ഇറക്കി വെയ്ക്കാനും, സങ്കടങ്ങൾ പങ്കുവെയ്ക്കാനുമുള്ള ആശ്വാസ കേന്ദ്രങ്ങളായിരുന്നു നമ്മുടെ ഭവനങ്ങൾ. അവിടെ എല്ലാവർക്കും തിരക്കാവുകയും, ബന്ധങ്ങളിൽ ദൂരം ഇടംപിടിക്കുകയും ചെയ്തപ്പോൾ പരസ്പര ശ്രദ്ധയും കരുതലും കുറഞ്ഞു. പലരും ഇത് മുതലാക്കി. ലഹരി വഴിയിലെ അപഥ സഞ്ചാരം തടസ്സമില്ലാതെ കുടുംബങ്ങളിലും തുടർന്നു.

ഓരോ കുടുംബത്തിനും അതിന്റേതായ ഒരു ആത്മീയ ജീവിതശൈലിയുണ്ട്. ദൈവവുമായുള്ള ജൈവ ബന്ധമായിരുന്നു അതിന്റെ കാതൽ. ദൈവത്തിന്റെ ഹിതമെന്ത്, അഹിതമെന്ത് എന്നൊക്കെ മാതാപിതാക്കൾ മക്കളെ പഠിപ്പിച്ചിരുന്നു. 'സ്വമേധാ പാപങ്ങളെ അകറ്റി അടിയനെ കാക്കണമേ, അവ എന്റെമേൽ വാഴരുതേ' എന്ന ദാവീദിന്റെ 19-ാം സങ്കീർത്തനത്തിലെ പ്രാർത്ഥന, ഭവനങ്ങളിൽ നിന്ന് വചനമായും, യാചനയായും ഉയർന്നിരുന്നു.

കുടുംബത്തിലെ പാവന കർമ്മങ്ങൾക്കുപോലും ലഹരി അകമ്പടി സേവിക്കുമ്പോൾ, കുഞ്ഞുങ്ങൾ ലഹരി അകറ്റി നിർത്തേണ്ടതല്ല ചേർത്ത് പിടിക്കേണ്ടതാണ് എന്ന ബോദ്ധ്യത്തിലേക്ക് നീങ്ങും.

ഇതിന്റെയെല്ലാം പരിണിത ഫലമോ? കുടുംബ ശൈഥില്യം, കുടുംബത്തിന്റെ നിയന്ത്രണ ശക്തിയുടെ ശോഷിപ്പ്, കുടുംബത്തിന് പകരം തേടൽ, മാതാപിതാക്കളുടെ സ്ഥാനത്തിന്റെ മാഹാത്മ്യം നഷ്ടമാകൽ, വിവാഹ മോചനം, മക്കളുടെ വളർച്ചാ വഴികളിലെ ശോഷിപ്പുകൾ എന്നു തുടങ്ങി എണ്ണിയാലൊടുങ്ങാ ത്തതാണ് ദുരിതപർവ്വങ്ങൾ.

3. സമൂഹവും ലഹരിയും

ഒരു സമൂഹത്തിന്റെ സുരക്ഷിതത്വവും, സുസ്ഥിരതയും, സാംസ്കാരിക സമ്പന്നതയും അപകടത്തിലാക്കുന്ന കെണിയാണ് ലഹരിയുടേത്. വ്യക്തിയും, കുടുംബവും ലഹരി ഉപയോഗത്തിലൂടെ നാശത്തിലേക്ക് ചരിക്കുമ്പോൾ സമൂഹവും അതിന്റെ ആഘാതം ഏറ്റുവാങ്ങേണ്ടിവരുന്നു.

സമൂഹം ലഹരിയുടെ ഉപഭോക്താവ് ആവുമ്പോൾ ഹിംസ തീവ്രവൽക്കരിക്ക പ്പെടും. ഹിംസയുടെ പ്രയോഗം രൂക്ഷവും തീവ്രവുമാകും. എന്നാൽ ഈ തീവ്രത യുടെ ആഴമോ പരപ്പോ ലഹരിയുടെ അടിമകൾക്ക് മനസ്സിലാവുകയില്ല. കാണികളിൽ ഒരു തരം നിസംഗതയും മരവിപ്പും ബാധിക്കും. ഇത് മനസിന്റെ ക്രൗരവൽക്കരണം (Brutalisation) എന്ന പ്രക്രിയയിലേക്ക് നയിക്കും. ഇതിന്റെ ഫലമായി സമൂഹത്തിൽ അക്രമം സ്ഥാപനവൽക്കരിക്കപ്പെടും. Marco Culture സമൂഹത്തിൽ വേരുകളാഴ്ത്തും. ഈയിടെ പത്രവാർത്തകളിൽ ഇടംപിടിച്ച അക്രമ സംഭവങ്ങൾ ഹീനമായ തോതിൽ ഹിംസ പ്രകടിപ്പിക്കുന്ന ഭ്രാന്തമായ അവസ്ഥയിൽ മനുഷ്യൻ എത്തിച്ചേർന്നതിന്റെ നേർസാക്ഷ്യങ്ങളാണ്.

ലഹരി പടരുന്ന സമൂഹം അരക്ഷിതമായിരിക്കും. നിയമവാഴ്ച താറുമാറാകും. എപ്പോഴും എന്തും വിപരീതമായി സംഭവിക്കാവുന്ന സമൂഹത്തിൽ സമാധാന ജീവിതം അപകടത്തിലാകും. പൗരബോധവും മൗലിക കടമകളും വിസ്മൃതിയിലാഴും.

ലഹരിയുടെ ലാഭകരമായ വിപണന മാർഗ്ഗങ്ങൾ പലരേയും മോഹിപ്പിക്കും. ഉപഭോക്താവ് ഉൽപാദകനായും, വിൽപ്പനക്കാരനായും മാറാം. എളുപ്പധനം (Easy money) അനേകരെ ലഹരി വലയിൽ കുടുക്കും. അനേകരുടെ കർമ്മശേഷി അങ്ങനെ സമൂഹത്തിന് നഷ്ടമാകും.

എന്താണ് പരിഹാര മാർഗ്ഗങ്ങൾ

വ്യക്തി, കുടുംബം, സമൂഹം എന്നീ മൂന്ന് ഘടകങ്ങളിലും ലഹരി വ്യാപനവും ഉപയോഗവും നിയന്ത്രിക്കുവാൻ നമുക്ക് എന്ത് ചെയ്യുവാനാകും.

1. ആയുസ് കുറയ്ക്കുന്ന ആരോഗ്യം തകർക്കുന്ന ലഹരിയെക്കുറിച്ച് സമഗ്രഹവും ശാസ്ത്രീയവുമായ ബോധവൽക്കരണം നടത്തണം.

2. 'Catch them young' എന്ന സൂക്തം സ്കൂൾ വിദ്യാഭ്യാസ കാലം മുതൽ പ്രാവർത്തികമാക്കുന്നതിന് കർമ്മപരിപാടികൾ ആവിഷ്കരിക്കണം.

3. ജീവിതത്തിൽ ഏതെങ്കിലും ഒരു ലഹരി കണ്ടെത്തി, അതിൽ മുന്നേറാൻ ആളുകളെ സജ്ജമാക്കണം.

4. ലഹരി വ്യാപനത്തിന് ഉപയോഗിച്ച അതേ മാർഗ്ഗങ്ങൾ അതിന്റെ പ്രതിരോധ ത്തിനും ഉപയോഗപ്പെടുത്തണം.

5. സ്കൂളും കുടുംബവും Drugs Free Zone ആയി നിലനിർത്തണം.

6. എല്ലാ മത, സഭാ വിഭാഗങ്ങളും ലഹരിക്കെതിരായ പ്രവർത്തനങ്ങൾ തനിച്ചും, സംഘാതമായും നടത്തണം.

7. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിവിധ ക്ലബുകളിൽ വിദ്യാർത്ഥികളെ സജീവമായി പങ്കെടുപ്പിച്ചാൽ അവരുടെ കർമ്മശേഷിയെ ഗുണപരമായി വഴിതിരിച്ചുവിടാൻ കഴിയും.

8. വിശുദ്ധ കർമ്മങ്ങളുടെ വിശുദ്ധി കളങ്കപ്പെടാതെ സൂക്ഷിക്കുവാനുള്ള നിരന്തര പ്രബോധനവും ആഹ്വാനവും ദേവാലയങ്ങളിൽ നിന്നു നൽകണം.

9. Social Etiquette ന് ഒപ്പം Digital Etiquette ഉം യുവജനങ്ങളെ പഠിപ്പിക്കണം.

10. മദ്യത്തിന്റെ ഉപയോഗത്തിൽ തുടങ്ങി ക്രമേണ അടിമയായി, അവിടെ നിന്ന് മദ്യത്തിന്റെ ലഹരി മതിയാവാതെ രാസലഹരിയിലേക്കുള്ള സ്ഥാനക്കയറ്റം ഇന്ന് പതിവു കാഴ്ചയാണ്. ലഹരിയുടെ മാരകമായ പരിണിത ഫലം നമ്മുടെ ദൃശ്യ, ശ്രാവ്യ, ഡിജിറ്റൽ മാദ്ധ്യമങ്ങൾ കലാപരമായി പുറത്തുകൊണ്ട് വന്ന് ഹൃദയ സ്പർശിയായി അവതരിപ്പിക്കണം.

11, രാഷ്ട്രീയ, അധികാര സ്ഥാനത്തുള്ളവർ ലഹരികടത്തുകാരെയും, പ്രതികളെയും സംരക്ഷിക്കുന്ന പ്രവണത അവസാനിപ്പിക്കണം.

12. അദ്ധ്യാപകർ രക്ഷാകർത്താക്കളുടെ പകരക്കാരാവണം. ഡിറ്റക്ടീവ്, റഫറി, ജഡ്ജി, സംരക്ഷകൻ എന്നീ റോളുകൾ അവർ ആത്മാർത്ഥമായി നിർവ്വഹിക്കണം.

13. Social Parenting ൽ സമൂഹം കുറേക്കൂടി ജാഗ്രത പുലർത്തണം.

14. മാതാപിതാക്കൾ, Parenting ൽ കുറേക്കൂടി ജാഗ്രത പുലർത്തണം. Parenting ൽ വീഴ്ച വരുത്തരുത്. കുടുംബത്തിനുള്ളിലെ സംഘർഷങ്ങൾ മക്കൾ മറയാക്കി സമാധാനത്തിന് അവർ ലഹരി വഴി തേടുന്നതിന് തടയിടണമെങ്കിൽ നമ്മുടെ കുടുംബങ്ങളിൽ സമാധാനവും സുരക്ഷിതത്വവും സന്തോഷവും നാം നിലനിർത്തണം.

15. Social media influencers ലഹരിക്കെതിരായി നിലകൊള്ളുകയും യുവജനങ്ങളെ ഗുണപരമായി സ്വാധീനിക്കുകയും വേണം.

16. ലഹരിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും, അതിന്റെ ഭവിഷ്യത്തിനെ ലഘൂകരിക്കുകയും ചെയ്യുന്ന സിനിമകൾ കർശന സെൻസറിങ്ങിനു വിധേയമാക്കണം.

17. കായികരംഗത്തും, ചലച്ചിത്ര രംഗത്തുമുള്ള celebrities നെ ലഹരി വിരുദ്ധ സന്ദേശ പ്രചാരണത്തിന് ഉപയോഗപ്പെടുത്തണം.

18. നിയമങ്ങൾ കർശനമാക്കുകയും പഴുതടച്ചുള്ള നിയമ നിർവ്വഹണം സാദ്ധ്യമാക്കുകയും വേണം.

19. Excise, Police വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങളിലൂടെ ലഹരിയുടെ വ്യാപാരം നിയന്ത്രിക്കുകയും തടയുകയും ചെയ്യണം.

20. രാസലഹരിയിലൂടെ ബാഹ്യസ്രോതസ്സിൽ നിന്നുള്ള ആനന്ദമാണ് ലഭിക്കുക. ക്ഷണികവും ആപൽക്കരവുമാണത്. അതിനു ബദലായി ഉള്ളിൽ നിന്നുള്ള ആനന്ദം വളർത്തുവാൻ സ്ഥാപനങ്ങളും സംവിധാനങ്ങളും യത്നിക്കണം.

ലഹരിയെക്കുറിച്ചുള്ള ചർച്ചയല്ല, ലഹരിക്കെതിരായ യുദ്ധമാണ് വർത്തമാന കാലം ആവശ്യപ്പെടുന്നത്. പ്രസ്തുത യുദ്ധം ആരംഭിക്കുന്നതിനുള്ള കാഹളമായി Druxit മാറട്ടെ എന്നാശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

ലോകത്തിലെ 21 ശ്രേഷ്ഠ സംസ്കാരങ്ങളെക്കുറിച്ച് പഠിച്ച Arnold Toynbee പറഞ്ഞു: 'Of the 21 notable civilizations 19 perished not because of external aggression but because of internal decay.' സംസ്കാരത്തിന്റെ നാശത്തിന് കാരണം അകത്തുനിന്നുള്ള അപചയമാണ്, ബാഹ്യമായ ആക്രമണമല്ല. ലഹരിയുടെ വ്യാപനം ആന്തരിക അപചയത്തിന്റെ സൂചനയാണ്. നാമത് പ്രതിരോധിക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ വ്യക്തിയും കുടുംബവും സമൂഹവും നാശഗർത്തത്തിൽ പതിക്കും. നാമത് തടഞ്ഞേ തീരൂ.

(2025 ജൂൺ 14ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സംഘടിപ്പിച്ച DRUXIT SUMMIT ൽ അവതരിപ്പിച്ച പ്രബന്ധം)

5th DEATH ANNIVERSARY (20-07-2025)

ANNIE PHILIP
(KUNJUMOL)
Vadakkedath House
Puthussery, Chengaroor

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി...

V.C. PHILIPOSE (HUSBAND) & FAMILY

With Prayers



Inserted By

Very. Rev. C. John Chirathalattu Cor-Episcopa



വചന വെളിച്ചം

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി)

2025 ജൂലൈ 20
പെന്തിക്കോസ്തിക്ക് ശേഷം ആറാം ഞായർ
വി. ലൂക്കോസ് 13: 22-30

ദൈവരാജ്യത്തിന്റെ പ്രാധാന്യത്തെ കുറിച്ചും അതിലേക്ക് പ്രവേശിക്കുന്നതിനായി ഓരോരുവനും താല്പര്യത്തോടെ പ്രവർത്തിക്കേണ്ടതിനെക്കുറിച്ചുമാണ് ഇന്നത്തെ വേദഭാഗത്തിൽ കർത്താവ് പഠിപ്പിക്കുന്നത്. പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് ജെറുസലേമിലേക്ക് യാത്ര ചെയ്യുന്ന അവസരത്തിൽ ഒരു മനുഷ്യൻ ചോദിക്കുന്ന ചോദ്യത്തിനുള്ള മറുപടിയാണ് ഇന്നത്തെ സുവിശേഷത്തിന്റെ ആദ്യഭാഗത്ത് നാം കാണുന്നത്. ദൈവരാജ്യസംബന്ധിയായ ഏറെ പഠിപ്പിക്കലുകൾ കർത്താവിന്റെ ഉപദേശങ്ങളിൽ നമുക്ക് കാണാം. കടുകുമണിയിൽ നിന്നും വളർന്നുവരുന്ന വൃക്ഷമായും അപ്പത്തെ പുളിപ്പിക്കുന്ന പുളിപ്പായും ദൈവരാജ്യത്തെ കർത്താവ് അവതരിപ്പിക്കുന്നു. എന്നാൽ അതിലേക്ക് പ്രവേശിക്കുവാനുള്ള മാർഗം അത്ര അനായാസകരമല്ല എന്ന് കർത്താവ് ഓർമിപ്പിക്കുന്നു. ജീവിതത്തെ അത്ര ഗൗരവമായൊന്നും എടുക്കേണ്ട ആവശ്യമില്ല എന്ന ഒരു ചിന്തയിൽ ജീവിക്കുന്ന നമ്മിൽ പലർക്കുമുള്ള ഒരു സന്ദേശമാണ് ഇന്നത്തെ സുവിശേഷം.

ദൈവരാജ്യത്തിലേക്കുള്ള മാർഗ്ഗം
ക്രിസ്തു എന്ന ഇടുക്ക് വാതിൽ

താൻ കൊല്ലപ്പെടേണ്ടത് യെരുശലേമിൽ വച്ചാണ് എന്ന ഉത്തമ ബോധ്യത്തോടെ അവിടേക്ക് യാത്രയാകുന്ന കർത്താവിനെയാണ് ഈ വേദഭാഗത്ത് നാം കാണുന്നത്. രക്ഷ പ്രാപിക്കുന്നവർ ചുരുക്കമോ എന്ന ചോദ്യത്തിന് മറുപടിയായി ദൈവരാജ്യത്തിലേക്കും അതുവഴി രക്ഷയിലേക്കും ഉള്ള വാതിൽ ഒരിടുക്ക് വാതിലാണെന്ന് കർത്താവ് അടിവരയിടുന്നു. വാസ്തവത്തിൽ ആ വാതിൽ താൻ തന്നെയാണെന്ന് കർത്താവ് ചുറ്റുമുള്ളവരോട് പറയുകയാണ്.

ലോക ജീവിതത്തിൽ ആകർഷണീയമായ പല വിശാല വാതിലുകളും ഉണ്ടാകാം. ലോകസുഖങ്ങളും സന്തോഷങ്ങളും പ്രദാനം ചെയ്യുന്ന അത്തരം വാതിലുകളല്ല ദൈവ രാജ്യത്തിലേക്ക് നയിക്കുന്നത്. ക്രിസ്തുമാർഗം ബാഹ്യമായി നോക്കുമ്പോൾ അത്രയൊന്നും ആകർഷണീയമല്ല. താൻ തന്നെ സഹനങ്ങളും കഷ്ടതകളും സഹിക്കുകയും സഹിക്കുവാൻ പോകുകയും ചെയ്യുന്നവനാണ്. യെശയ്യാവ് 53:2-3 വാക്യങ്ങൾ ശ്രദ്ധേയമാണ്, '...അവന്നു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൌന്ദര്യവുമില്ല". അത്ര ആകർഷണീയമല്ലാത്ത കഷ്ടതകൾ ഉണ്ടാകാൻ സാധ്യത ഉണ്ട് എന്ന് ബോധ്യമുള്ള ക്രിസ്തു എന്ന വാതിലിലൂടെ കടന്നു വരുവാൻ ആണ് കർത്താവ് ക്ഷണിക്കുന്നത്.

ഞാൻ നല്ല വാതിൽ ആകുന്നു എന്ന് കർത്താവ് പറയുന്ന വാക്കുകളെ ഇതിനോട് ചേർത്തു വായിക്കണം. ആ വാതിലിലൂടെ കടക്കുവാൻ പോരാടുക എന്നാണ് കർത്താവ് നിർദ്ദേശിക്കുന്നത്. കേവലം ക്രിസ്തുവിനെ അറിയാമെന്ന് പറയുന്നതോ അവനോടൊപ്പം ഭക്ഷണം കഴിച്ചു എന്ന് പറയുന്നതോ ഒന്നും ആ വാതിലിലൂടെയുള്ള പ്രവേശനത്തിന്റെ മാനദണ്ഡമല്ല. മറിച്ച് ഒരു ജീവിത സപര്യയാണ് ആ മാനദണ്ഡം; ഒരു പോരാട്ടം ആണ് ആ മാനദണ്ഡം; ഒരു അച്ചടക്കമാണ് ആ മാനദണ്ഡം.

തനിക്ക് ചുറ്റും ഉള്ളവരെ നോക്കി മറ്റു പലരും ഈ വാതിലിലൂടെ പ്രവേശിച്ചിരിക്കുന്നു എന്ന് പറഞ്ഞ് അവരുടെ അവസ്ഥകളെ കർത്താവ് അവർക്ക് ബോധ്യമാക്കുകയാണ്. ദൈവരാജ്യം നമ്മുടെ അവകാശമാണ് എന്ന് നാം പറയുമ്പോഴും നമ്മുടെ ജീവിത ക്രമീകരണങ്ങൾ അതിലേക്ക് നമ്മെ നയിക്കുന്നുണ്ടോ എന്ന് ആത്മാർത്ഥമായി അന്വേഷിക്കണം. ജീവിതത്തിലെ സഹനങ്ങളെയും നൊമ്പരങ്ങളെയും ആത്മീയ അച്ചടക്കത്തോടെ നേരിട്ട് ക്രിസ്തുവാകുന്ന ഇടുക്ക് വാതിലിലൂടെ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ നമുക്കും സാധ്യമാകണം .

സംരക്ഷിക്കുന്ന രാജാവിനെ കുറിച്ചുള്ള
ഓർമ്മപ്പെടുത്തൽ

അധികാരമുള്ള രണ്ട് രാജാക്കന്മാരുടെ സ്വഭാവത്തെ അടയാളപ്പെടുത്തുവാനായി രണ്ട് മൃഗങ്ങളുടെ സൂചനകൾ കർത്താവ് ഇവിടെ ഉപയോഗിക്കുന്നു. രാജ്യം ഭരിക്കുന്ന ഹെരോദാവ് അവിടെയുള്ള ഒരു പ്രജയെ കൊല്ലുവാൻ നോക്കുന്നുവെന്ന് പറയുമ്പോൾ കർത്താവ് അയാളെ വിളിക്കുന്നത് കുറുക്കൻ എന്നാണ്. നശീകരണ സ്വഭാവം ഉള്ളതും ആക്രമണ വാസന ഉള്ളതുമായ ഒരു രാജാവിനെ ആണ് ഇവിടെ നാം കാണുന്നത്. ദൈവ രാജ്യത്തിന്റെ

രാജാവായ ക്രിസ്തു തന്നെത്തന്നെ ഉപമിക്കുന്നത് ഒരു
തള്ളക്കോഴിയോട് ആണ്. സ്വന്തം ജീവൻ നൽകി തന്റെ
കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ക്രിസ്തു എന്ന രാജാവ്.

ജീവൻ നൽകി സംരക്ഷിക്കുവാനായി വന്ന തന്നെ
തള്ളിപ്പറയുകയും അക്രമണ വാസനയുള്ള ഹെരോദാ
വുമാരെ അംഗീകരിക്കുകയും ചെയ്യുന്ന ലോകത്തെ
ഓർത്താണ് കർത്താവ് നൊമ്പരപ്പെടുന്നത്. യുദ്ധഭീതിയിൽ
ജീവിക്കുന്ന ആധുനിക ലോകത്തിൽ കർത്താവിന്റെ ഈ
നൊമ്പരപ്പെടലിന് ഏറെ പ്രസക്തിയുണ്ട്. സമാധാനത്തിനു
ള്ള മാർഗ്ഗം ആക്രമണമാണ് എന്ന് വാദിക്കുന്ന ആധുനിക
ലോക ക്രമത്തിൽ സംരക്ഷണം ഒരുക്കുന്ന അമ്മക്കോഴി
എന്ന ക്രിസ്തു സ്നേഹ മാതൃക ഏറെ ആശ്വാസകരമാണ്.

അധികാരമുള്ളവൻ എപ്രകാരം ആ അധികാരത്തെ
പ്രയോഗവൽക്കരിക്കണം എന്നത് നാം ആഴത്തിൽ പ
ഠിക്കേണ്ട ഒന്നാണ്. രാജ്യത്തിന്റെ അധികാരി എന്നതു
പോലെ നാം എല്ലാവരും ഓരോ വ്യവസ്ഥകളുടെ അധിപ
തികളാണ്. കുടുംബത്തിൽ ആയാലും തൊഴിൽ മേഖല
യിൽ ആയാലും സഭാ ജീവിതത്തിൽ ആയാലും ഭയം ജനി
പ്പിച്ചുള്ള ഭരണമാണോ നാം ശീലിക്കേണ്ടത് എന്ന് നാം
ചിന്തിക്കണം.ഭയപ്പെടുത്തി കീഴടക്കുന്നതിനേക്കാളും സ്നേ
ഹിച്ചു കീഴടക്കുവാൻ കഴിയുമ്പോഴാണ് നാം ഉത്തമരായ
നേതാക്കന്മാർ ആകുന്നത്.

2025 ജൂലൈ 27
പെന്തിക്കോസ്തിക്ക് ശേഷം ഏഴാം ഞായർ
വി. മർക്കോസ് 3: 20-30

യേശുക്രിസ്തുവിനെ അംഗീകരിക്കുകയും തിരസ്കരി
ക്കുകയും ചെയ്തിരുന്ന സമൂഹങ്ങൾ കർത്താവിന്റെ ശു
ശ്രൂഷാ വേളയിൽ ഉടനീളം ഉണ്ടായിരുന്നു. തന്റെ ദൗത്യ
ത്തെ തിരസ്കരിച്ചവർ അംഗീകരിച്ചവരേക്കാൾ പ്രബ
ലരായിരുന്നു എന്നതാകാം കർത്താവിന്റെ മരണത്തിലേക്ക്
പോലും നയിച്ചത്. വലിയ പുരുഷാരം കർത്താവിനൊപ്പം
വന്നു കൂടുമ്പോഴും യേശുവിന്റെ കുടുബാംഗങ്ങൾക്കിടയി
ൽ തന്നെയുള്ള അഭിപ്രായവ്യത്യാസം മുതലെടുത്ത് യേശു
വിനെതിരെ അതീവഗുരുതരമായ ആരോപണങ്ങൾ ഉന്നയി
ച്ചുകൊണ്ട് ജനക്കൂട്ടത്തെ യേശുവിനെതിരെ തിരിക്കാനുള്ള
മതനേതൃത്വത്തിന്റെ ശ്രമം ആണ് ഈ വേദഭാഗത്ത് നാം
കാണുന്നത്. എന്നാൽ അത്തരം ശ്രമങ്ങളെ കർത്താവ് നേ
രിടുന്നത് തീർത്തും കാലിക പ്രസക്തിയുള്ള നിർദേശങ്ങൾ
കൊണ്ടാണ്.

അന്ധതയിലേക്ക് നയിക്കുന്ന മുൻവിധികൾ

ഭക്ഷണം കഴിക്കുവാൻ പോലും സാധിക്കാത്ത
തരത്തിൽ ജനക്കൂട്ടം കർത്താവിന്റെ അടുക്കലേക്ക് എത്തി
എന്ന് സുവിശേഷം രേഖപ്പെടുത്തുമ്പോൾ അക്കാലത്ത്
കർത്താവിന് ഉണ്ടായിരുന്ന അംഗീകരണത്തിന്റെ വലിയ
സൂചനയാണത്. എന്നാൽ രണ്ടു കൂട്ടം ആളുകൾ ആ
സ്ഥലത്തേക്ക് എത്തിച്ചേരുന്നു എന്നാണ് പറയുന്നത്.
കർത്താവിന്റെ ചർച്ചക്കാർ തീർച്ചയായും നസ്രേത്തിൽ
നിന്നും വന്നവരാകാം. തങ്ങൾക്ക് വളരെയധികം അറിയാ
വുന്ന. തങ്ങളുടെ കുടുംബത്തിൽപ്പെട്ടവൻ ആയ ഇവൻ
മശിഹാ ആകില്ല എന്ന മുൻവിധിയോടെ ആകാം അവർ
കടന്നുവരുന്നത്. അത്തരം മുൻവിധിയോടെ വന്നവർ
ഈ ജനക്കൂട്ടത്തെ കണ്ടപ്പോൾ ഇവന് ബുദ്ധിഭ്രമം പിടി
ച്ചിരിക്കുന്നു എന്ന് തീരുമാനത്തിലേക്ക് എത്തുകയാണ്.

രണ്ടാമത്തെ വിഭാഗം യരുശലേമിൽ നിന്നും ഇറങ്ങി വന്നവരാണ്. ആത്മീക കാര്യങ്ങളിലെ അവസാന വാക്കുകാരായ വേദപണ്ഡിതന്മാരും മുൻവിധിയോടെയാണ് കർത്താവിനെ നോക്കി കാണുന്നത്. യേശുവിനെക്കുറിച്ചുള്ള ആ മുൻവിധിയാണ് ഭൂതങ്ങളുടെ തലവനെ കൊണ്ടാണ് ഇവൻ ഭൂതങ്ങളെ പുറത്താക്കുന്നത് എന്ന തീരുമാനത്തിലേക്ക് അവരെ എത്തിക്കുന്നത്. വാസ്തവത്തിൽ അവരുടെ മുൻവിധികൾ സത്യം കാണാതെ വണ്ണം അവരുടെ കണ്ണുകളെ മറയ്ക്കുകയാണ്. മുൻവിധികളാൽ അന്ധരാക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് ഈ വേദഭാഗത്ത് നാം ദർശിക്കുന്നത്.

ഈ രണ്ട് കൂട്ടരേയും പോലെ സത്യത്തെ അതിന്റെ മുഖത്തുനോക്കി മിഥ്യ എന്ന് വിളിക്കുന്ന ഒരു സമൂഹമാണ് നമുക്ക് ചുറ്റുമുള്ളത്. നമ്മിൽ പലരും പല കാര്യങ്ങളെയും മുൻവിധിയോടെ നോക്കി കാണുന്നവരാണ്. സത്യം മനസ്സിലാക്കുന്നതിന് മുൻപ് പലതും ഇപ്രകാരം ആകാം എന്ന് നാം തീരുമാനിക്കുകയാണ്. പല സമൂഹങ്ങളുടെയും തകർച്ചയ്ക്ക് കാരണം ഇത്തരം മുൻവിധികളാണ്. ഒരുവൻ ഏറ്റവും അധികം അംഗീകരിക്കപ്പെടേണ്ട സ്വന്തം ഭവനത്തിനുള്ളിൽ പോലും മുൻവിധിയോടുള്ള മുദ്രകുത്തലുകൾ (prejudiced labeling) നടക്കുന്നുണ്ട്. തെറ്റായ മുൻവിധികൾക്ക് ഏറെ ദോഷവശങ്ങൾ ഉണ്ട് - നല്ല കേൾവിക്കാർ ആകുന്നതിൽ നിന്ന് അത് നമ്മെ തടയും, മറ്റൊരാളുടെ സാഹചര്യങ്ങളെ മനസ്സിലാക്കുന്നതിൽ നിന്ന് അത് നമ്മെ വിമുഖരാക്കും, തെളിച്ചമുള്ള തീരുമാനങ്ങളിലേക്ക് എത്തിച്ചേരുവാൻ അത് ബുദ്ധിമുട്ടുണ്ടാകും. ഒരു വസ്തുതയെ അതിന്റേതായ രീതിയിൽ അപഗ്രഥിക്കുമ്പോൾ അത് സത്യത്തിന് സാക്ഷിയാവുക എന്ന അനുഭവമാണ് പകരുന്നത്.

ആത്മാഭിമാനം നഷ്ടപ്പെടുത്തുന്ന അന്തഃഛിദ്രം

തന്നെ അപഹസിക്കുന്നവരെ എതിർക്കുവാൻ കർത്താവ് ചൂണ്ടിക്കാട്ടുന്ന ഉപമ ഉള്ളിൽ ഛിദ്രതയുള്ള സംവിധാനങ്ങളെ ചൊല്ലിയുള്ളതാണ്. സാത്താന്റെ രാജ്യത്തെ ഉദാഹരിച്ചാണ് കർത്താവ് പറയുന്നതെങ്കിലും താൻ മുൻപോട്ടു വെക്കുന്ന ആശയത്തിന് ഏറെ സാധ്യതകൾ ഉണ്ട്. ഒരു വ്യക്തിക്കോ കുടുംബത്തിനോ സമൂഹത്തിനോ അഭിമാനത്തോടെ നിലനിൽക്കുവാൻ കഴിയുന്നത് അതിന്റെ ഉയർച്ചകളിലാണ്. എന്നാൽ തകർക്കപ്പെടലുകൾ സംഭവിക്കുമ്പോൾ അതിന്റെ ആത്മാഭിമാനം നഷ്ടമാകും. ഉള്ളിലെ അനൈക്യവും പരസ്പരം ഉള്ള പോരുകളുമാണ് ഈ തകർച്ചയ്ക്കും അതുവഴി ആത്മാഭിമാനം നഷ്ടമാകുന്നതിനും കാരണം.

ഒരുവന് അവനോട് തന്നെയുള്ള വിശ്വാസം നഷ്ടപ്പെടുമ്പോഴാണ് ജീവിതം അവസാനിപ്പിച്ചേക്കാം എന്ന് തോന്നൽ അവന് ഉണ്ടാവുന്നത്. ഏതെങ്കിലും ഒക്കെ കാരണങ്ങൾ കൊണ്ട് ഒരു കുടുംബത്തിന്റെ ഉള്ളിൽ പോരു പെരുകുമ്പോൾ കുടുംബാന്തരീക്ഷം ശിഥിലമാകും. ഒരു നേതാവിന് തന്റെ അണികളോടും അവർക്ക് തിരിച്ചുമുള്ള വിശ്വാസം നഷ്ടമാകുമ്പോഴാണ് രാജ്യത്ത് അസംതൃപ്തി ഉണ്ടാവുന്നത്. ഏതൊന്ന് അതിനോട് തന്നെ എതിർക്കുന്നുവോ അത് നശിച്ചു പോകും. ഇവിടെയെല്ലാം ആവശ്യമായിരിക്കുന്നത് ആന്തരിക ഐക്യം എന്ന ഘടകമാണ്.

ശരീരത്തിലെ ഒരു കോശം അതിനോട് തന്നെ പോരാടുന്നതിനെയാണ് നാം അർബുദം എന്ന് വിളിക്കുന്നത്.

ആധുനിക സമൂഹത്തിന് ഇത്തരത്തിലുള്ള അർബുദം ബാധിച്ചിരിക്കുന്നു എന്ന് കാലം നമ്മെ ഓർപ്പിക്കുന്നുണ്ട്. ആന്തരിക ഐക്യം എന്ന വാക്ക് ഇന്ന് തീർത്തും പ്രസക്തമാണ്.

ആദിമ സഭയെക്കുറിച്ച് രേഖപ്പെടുത്തുമ്പോൾ വിശ്വസിച്ചിരുന്നവരുടെ കൂട്ടത്തിന് ഏക മനസ്സും ഏക അഭിപ്രായവുമായിരുന്നു എന്ന് പറയുന്നുണ്ട് ഏക മനസ്സും ഏക അഭിപ്രായവും ഉള്ള ഇടങ്ങൾ മാത്രമേ വളർച്ചയുടെ അനുഭവത്തിലേക്ക് എത്തുകയുള്ളൂ. ആദിമസഭ ഏറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോയിരുന്നത് എങ്കിലും അവരുടെ ഉള്ളിൽ ഉണ്ടായിരുന്ന ഏകതാബോധവും ക്രിസ്തീയമായ ഐക്യവും ആത്മാഭിമാനമുള്ള ഒരു സമൂഹമായി അവരെ പരുവപ്പെടുത്തിയിരുന്നു.

പരിശുദ്ധാത്മാവിന് എതിരായുള്ള പാപം

പരിശുദ്ധാത്മാവിന് എതിരായുള്ള പാപം ക്ഷമിക്കപ്പെടില്ല എന്ന് ഈ വേദഭാഗം അടിവരയിടുന്നു. ഏതു പാപവും ക്ഷമിക്കപ്പെടുന്നതിന് പശ്ചാത്താപവും അനുതാപവും ആവശ്യമാണ്. അനുതപിച്ച് ദൈവകൃപയും കാരുണ്യവും സ്വീകരിക്കുന്നതിന് കൃപ നൽകുന്നത് പരിശുദ്ധാത്മാവാണ് വാസ്തവത്തിൽ ഈ കൃപ നിരസിക്കുന്നതാണ് പരിശുദ്ധാത്മാവിനെ എതിരായുള്ള പാപം. പശ്ചാത്തപിക്കാത്ത ആളുടെ പാപങ്ങൾ നിത്യപാപങ്ങളായി അവശേഷിക്കുന്നു. പാപം ക്ഷമിക്കപ്പെടില്ല എന്ന ഓർമ്മപ്പെടുത്തലിനേക്കാളും പാപങ്ങൾ ക്ഷമിക്കുവാനായി പരിശുദ്ധാത്മ നിറവുള്ള ജീവിതം ഉണ്ടാവണം എന്നാണ് കർത്താവ് ഓർപ്പിക്കുന്നത്.

2025 ഓഗസ്റ്റ് 3
പെന്തിക്കോസ്തിക്ക് ശേഷം എട്ടാം ഞായർ
വി. മർക്കോസ് 4: 1-20

സാധാരണ മനുഷ്യന്റെ ജീവിത അനുഭവങ്ങളുമായി ചേർന്നു നിന്നാണ് കർത്താവ് എപ്പോഴും തന്റെ ഉപദേശങ്ങളെ നൽകുന്നത്. ലളിതമായ സംഗതികളിലൂടെ മഹത്തായ ഉപദേശങ്ങളെ പകർന്നു നൽകുന്ന രീതിയാണ് വിതക്കാരന്റെ ഉപമയിലും സ്വീകരിച്ചിരിക്കുന്നത്.

വിതക്കാരൻ വിതയ്ക്കുന്നത് ഒന്നു പോലെയാണ്. എന്നാൽ അത് സ്വീകരിക്കുന്ന ഇടങ്ങളാണ് വിത്തിന്റെ വളർച്ചയെ നിശ്ചയിക്കുന്നത്. ദൈവ വചനം ജീവിതങ്ങളിൽ കൃത്യമായി പതിക്കാറുണ്ടെങ്കിലും മനുഷ്യരുടെ ഭാഗത്തുനിന്നുള്ള പ്രതികരണങ്ങളാണ് അതിന്റെ വളർച്ചയെ നിശ്ചയിക്കുന്നത്. മനുഷ്യന്റെ സ്വാതന്ത്ര്യവും സഹകരണവും ആണ് അവന്റെ ജീവിതത്തിലെ ദൈവവചനത്തിന്റെ ഫലപ്രാപ്തിയെ നിശ്ചയിക്കുന്നത്.

ശബ്ദമുഖരിതമായ പാതയോരം

വഴി എന്ന പദം തന്നെ പ്രലോഭനപരമായ കാഴ്ചകളുടെയും ജനത്തിരക്കിന്റെയും ബഹളങ്ങളുടെയും സൂചനയുള്ള ഒന്നാണ്. പുതിയ ലോകക്രമത്തെ ഏറ്റവും ഭംഗിയായി ഉപമിക്കാൻ ആകുന്നത് വഴി എന്ന സങ്കൽപ്പത്തോടാണ്. ശബ്ദമുഖരിതമായ ഒരു ലോകമാണിത്. ആ തിരക്കിലേക്ക് ദൈവവചനം വന്നു വീണാലും തീർത്തും അശ്രദ്ധമായി അത് ചവിട്ടി കളയപ്പെടുന്നു എന്നതാണ് വാസ്തവം. ലോകത്തിന്റെ കാഴ്ചകളിലും ശബ്ദങ്ങളിലും താത്പര്യങ്ങളിലും ദൈവവചനം തമസ്കരിക്കപ്പെട്ടു പോകുന്ന ഒരു അവസ്ഥയാണിത്.

സഹിഷ്ണതയില്ലാത്ത പാറപ്പുറം

പാറപ്പുറങ്ങൾ വളരെ കുറച്ച് മണ്ണ് ഉള്ളവയും അതിന്റെ പരപ്പിൽ ജലത്തിന്റെ സാന്നിധ്യം കുറവുള്ളവയും ആയിരിക്കും. വളർച്ചയ്ക്ക് അടിസ്ഥാനപരമായി ആവശ്യമുള്ള രണ്ട് ഘടകങ്ങളാണ് മണ്ണും വെള്ളവും.

ദൈവവചനം വളരുവാൻ തക്കവണ്ണം അതിനെ സ്വീകരിക്കുന്നവന്റെ ഉള്ളിൽ സഹിഷ്ണുതയാകുന്ന മണ്ണ് അത്യന്താപേക്ഷിതമാണ്. ഒരുതരത്തിലുള്ള നൊമ്പരങ്ങളെയും ജീവിതത്തോട് ചേർക്കുവാൻ തയ്യാറല്ലാത്ത ഇന്നിന്റെ ലോകത്ത് ദൈവവചനത്തെ അതിന്റെ പൂർണ്ണതയിൽ ഉള്ളിലേക്ക് സ്വീകരിക്കുവാൻ അതിന് കഴിയുന്നില്ല എന്നതാണ് വാസ്തവം. ഏതുകാര്യവും വളരെ പെട്ടെന്ന് ലഭിക്കണമെന്ന് ശാഠ്യം പിടിക്കുന്ന നമുക്ക് കാത്തിരുന്ന് നേടേണ്ട ഒരു വളർച്ചയാണ് ദൈവാനുഭവം എന്ന ചിന്ത അർഥശൂന്യമായി തോന്നിയേക്കാം.

ദൈവവചനം സുഖവും സ്വച്ഛതയും മാത്രം വാഗ്ദാനം ചെയ്യുന്ന ഒന്ന് എന്ന് ധരിച്ച് ജീവിതത്തിലേക്ക് സ്വീകരിക്കുകയും പരുക്കൻ അനുഭവങ്ങൾ വരുമ്പോൾ അവയെ തള്ളിക്കളയുകയും ചെയ്യുന്ന സാഹചര്യം നമ്മൾ പലർക്കും ഉണ്ട്. ക്രിസ്തു മാർഗം സഹനത്തിന്റേതു കൂടെയാണ് എന്നെ ഓർമ്മപ്പെടുത്തൽ ആണിത്. "എന്റെ നിമിത്തം നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ"(മത്തായി 5:11) എന്ന് കർത്താവ് പറയുമ്പോൾ ജീവിതത്തിൽ അനിവാര്യമായിരിക്കുന്ന സഹിഷ്ണുത ഉണ്ടാവണം എന്നാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്.

ജീവിത തിരക്കുകളുടെ മുൾച്ചെടിക്കൂട്ടം

വിതക്കാരൻ വിതച്ച വിത്തും മുൾച്ചെടികളും ഒരേ നിലത്താണ് വളരുന്നത്. എന്നാൽ മുൾച്ചെടികളുടെ തിങ്ങലും ബാഹുല്യവും ആണ് വിത്തിന്റെ വളർച്ചയെ ഇല്ലാതെയാക്കുന്നത്.

ഇന്ന് ലോകത്തെ നാം അടയാളപ്പെടുത്തുന്നത് അതിവേഗം ചലിക്കുന്ന ലോകമെന്നാണ്. ഒരു സാധാരണക്കാരന്റെ ജീവിതത്തിൽ പോലും അവൻ ഏറ്റവും അധികം വിലപിക്കുന്നത് സമയമില്ലായ്മയെ ചൊല്ലിയാകാം. എത്തിപിടിക്കുവാനുള്ള ഉയരങ്ങളും ചെയ്തുതീർക്കുവാൻ ഉള്ള ജോലികളും അത് ചെയ്തു തീരാത്തതിലുള്ള ആകുലതകളും മനുഷ്യ ജീവിതങ്ങളെ വല്ലാതെ തിക്കി തിരക്കുന്നുണ്ട്. ദേവാലയ ആരാധനയും പ്രാർത്ഥന അനുഭവങ്ങളും ദൈവവചനവും ജീവിതങ്ങളിലേക്ക് കടന്നു വരുന്നുണ്ടെങ്കിലും അവയെ വേണ്ടും വണ്ണം വളർത്തിയെടുക്കുവാൻ തിരക്കുകൾ നമ്മെ അനുവദിക്കുന്നില്ല.

ഒരുക്കപ്പെട്ട ഹൃദയവയൽ

ഏതൊരു കർഷകന്റെയും ആത്യന്തികമായ വിജയം താൻ വിതച്ചത് നല്ല ഫലം പുറപ്പെടുവിക്കുമ്പോഴാണ്. ആ ഫലപ്രാപ്തിയിലേക്ക് എത്തുവാൻ ഏറ്റവും മുഖാന്തരം ആയിരിക്കുന്നത് ഒരുക്കപ്പെട്ട വയലുകളാണ്.

വാസ്തവത്തിൽ പാതയോരവും പാറപ്പുറവും മുൾച്ചെടികൂട്ടവും നല്ല നിലവും ഓരോ ജീവിതങ്ങളിലും ഉണ്ട്. തീരുമാനമെടുക്കുക എന്നത് ഓരോരുവന്റെയും താല്പര്യമാണ്.

ഏതൊരു വ്യക്തിയും പൂർണ ഹൃദയത്തോടെ ദൈവവചനത്തെ സ്വീകരിക്കുമ്പോഴാണ് അവനിൽ വീഴുന്ന ദൈവവചനം ഫലം പുറപ്പെടുവിക്കുന്നത്. ഫലം

പുറപ്പെടുവിക്കുന്നു എന്നതിന്റെ പ്രകടഭാവം അവന്റെ ജീവിതം തന്നെയാണ്. ഒരു വ്യക്തിയിലും അവനോട് ചേർന്ന് നിൽക്കുന്ന സമൂഹത്തിലും ക്രിയാത്മകമായ വ്യതിയാനങ്ങൾ ആണ് അതുവഴി സാധ്യമാകുന്നത്.

2025 ഓഗസ്റ്റ് 10
കൂടാരപ്പെരുന്നാളിന് ശേഷം ഒന്നാം ഞായർ
വി. മത്തായി 21: 28-32

ഒരു ഉപമ എന്നതിനേക്കാൾ ഉപരി ഒരു കണ്ണാടി എന്നവണ്ണം അന്നത്തെ സമകാലീന ജീവിതത്തെ കർത്താവ് തുറന്നുകാട്ടുന്ന ഒരു സാഹചര്യമാണ് ഇന്നത്തെ പ്രതിപാദ്യം. സ്വന്തമായി മുന്തിരിത്തോട്ടം ഉള്ള ഒരു പിതാവ് തന്റെ മക്കളെ തന്റെ തോട്ടത്തിൽ അധ്വാനിക്കുവാനായി ക്ഷണിക്കുമ്പോൾ അതിനോട് ഉള്ള അവരുടെ പ്രതികരണം വ്യത്യസ്തമാണ്. അധരം കൊണ്ട് പ്രീതിപ്പെടുത്തുകയാണോ പ്രവർത്തികൊണ്ട് പ്രീതിപ്പെടുത്തുകയാണോ ഉത്തമമായത് എന്നാണ് കർത്താവിൻറെ ചോദ്യം.

കാപട്യമില്ലാത്ത ആത്മീയത

ഈ വേദഭാഗത്തിലെ രണ്ട് മക്കൾ രണ്ടുതരം മനു
ഷ്യരുടെ പ്രതിനിധികളാണ്. ആദ്യത്തേത് വിശ്വാ
സികൾ എന്ന് നടിച്ച് ജീവിക്കുന്നവരാണ്. വേദഭാഗത്ത്
കർത്താവ് പ്രതിപാദിക്കുന്ന മഹാ പുരോഹിതന്മാരും
ജനത്തിന്റെ മൂപ്പന്മാരും ഇതിന്റെ ഉദാഹരണങ്ങളാണ്.
ആധുനിക ആത്മീയ മണ്ഡലങ്ങളിലും ഇത്തരം ആളു
കളെ നമുക്ക് കാണാം. ഈ കൂട്ടർ അധരം കൊണ്ട്
വിശ്വാസം ഏറ്റു പറയുന്നവരാണ്. എന്നാൽ അവരുടെ
വിശ്വാസം വാക്കുകളിൽ മാത്രമാണ്. പ്രവർത്തികൾ വഴി
അവരുടെ വിശ്വാസത്തെ പ്രയോഗവൽക്കരിക്കുവാൻ
അവർക്ക് സാധിക്കുന്നില്ല. വിശ്വാസത്തെക്കുറിച്ച് വാചാ
ലരാകുവാനും സകലയിടങ്ങളിലും അഭിപ്രായങ്ങൾ ന
ൽകുവാനും ഒരുക്കമുള്ള ഇവർ സ്വന്തം ജീവിതത്തിൽ
അതിനെ പ്രാവർത്തികമാക്കുവാൻ ചെറുവിരൽ പോലും
അനക്കാറില്ല. യാക്കോബ് ശ്ലീഹാ ഓർപ്പിക്കുന്നു. 'പ്ര
വർത്തികൾ കൂടാതെയുള്ള വിശ്വാസം നിർജീവമാണ്
(2:17)

രണ്ടാമത്തെ വിഭാഗം പുറമേ ഭക്തരെന്നോ വിശ്വാ
സികൾ എന്നോ പുകഴുന്നവരല്ല. എന്നാൽ തങ്ങളുടെ
പ്രവർത്തികൾ അവരെ നീതീകരിക്കുന്നുണ്ട്. തങ്ങ
ളുടെ ജീവിതം വഴി അവർ വിശ്വാസത്തിന് മാതൃകക
ളും സാക്ഷികളും ആകുന്നു. കർത്താവേ കർത്താവേ
എന്ന് വിളിക്കുന്നവൻ അല്ല സ്വർഗ്ഗസ്ഥനായ പിതാവിന്റെ
ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് സ്വർഗ്ഗരാജ്യ
ത്തിന് അവകാശിയായി തീരുക (മത്തായി 7 :21). നല്ല
ശമരിയക്കാരന്റെ ഉപമയിലെ പുരോഹിതനും ലേവ്യ
നും ആത്മീയർ എന്ന മുദ്രയോടെ ജീവിക്കുന്നവ
രാണ്. എന്നാൽ യഥാർത്ഥ ആത്മീയ ജീവിതത്തിന്റെ
ഉടമ അത്രയൊന്നും പ്രാമുഖ്യം ഇല്ലാത്ത ശമരി
യക്കാരൻ ആയിരുന്നു. ആത്മീയതയുടെ സുതാര്യത
യാണ് ഈ വേദഭാഗത്തിന്റെ കാതൽ. വിശ്വാസം പ്രയോ
ഗവൽക്കരിക്കുമ്പോൾ ആണ് നാം ദൈവസന്നിധിയിൽ
മൂല്യമുള്ളവർ ആകുന്നത്.

സമയത്തിന്റെ ശരിയായ വിനിയോഗം

സമയത്തിന്റെ ശരിയായ വിനിയോഗം ആത്മീയ നിഷ്ഠയുടെ ലക്ഷണം കൂടിയാണ്. സമയം തക്കത്തിൽ ഉപയോഗിക്കുക എന്നത് കർത്താവ് ആവർത്തിച്ചു പറയുന്ന ആദർശങ്ങളിൽ ഒന്നാണ്. അനുതപിക്കുവാനും പരിവർത്തനപ്പെടുവാനുമുള്ള സമയം കഴിഞ്ഞു പോയില്ല എന്ന ബോധ്യത്തോടെ പിതൃ ബോധത്തിലേക്ക് തിരികെ വരുന്ന ഒന്നാമത്തെ മകനും ഇനിയും ഏറെ സമയം ഉണ്ട് എന്ന് കരുതി നീട്ടിവെക്കുന്ന രണ്ടാമത്തെ മകനും നമ്മുടെയും മുൻപിലുള്ള സാധ്യതകളാണ്.

പിന്നീടാകട്ടെ എന്ന് കരുതി ആത്മീയതയുടെ അനുഭവങ്ങളെ നീട്ടിവെക്കുന്നത് നാശത്തിലേക്കുള്ള പ്രയാണം ആണെന്ന് നാം വിസ്മരിച്ചു പോകരുത്. ശ്ഹീമ നമസ്കാരത്തിൽ നാം ഇപ്രകാരം പാടുന്നു

"എൻ തപനം നാളേക്കേന്നോരോ ദിനവും ഞാൻ തീർപ്പുണ്ടാക്കും

കാലം പോകുന്നു പിഴ നില നിൽക്കുന്നു കൃപ ചെയ്യുക നാഥാ"

തകർന്ന ബന്ധങ്ങളോട് അനുരഞ്ജനപ്പെടുക, അശരണരെ സഹായിക്കുക, പ്രാർത്ഥനയിലും വേദവായനയിലും വളരുക, പശ്ചാത്താപത്തിന്റെ പാത തിരഞ്ഞെടുക്കുക തുടങ്ങിയ അടിസ്ഥാന ആത്മീയ അനുഭവങ്ങൾ യാതൊരു കാരണവശാലും പിന്നീട് ഒരു സമയത്തേക്ക് മാറ്റിവയ്ക്കരുത്. അർഹതയുണ്ടായിട്ടും അവകാശിയായിട്ടും പിതാവിൻറെ മുന്തിരിത്തോപ്പിൽ നിന്ന് പുറന്തള്ളപ്പെടുന്ന മക്കളായി നാം മാറുവാൻ സമയത്തിന്റെ ദുർവിനിയോഗം കാരണമായിത്തീരും. ⴰ

34-ാം ചരമവാർഷികം, 01-07-2025

റവ. ഫാ. കെ.എസ്. സഖറിയ
കടമാൻപതാലിൽ, അയിരൂർ

ജൂലൈ 3 ന്
അയിരൂർ
സെ. ജോൺസ്
ശാലേം പള്ളിയിൽ
വി. കുർബാനയും
അനുസ്മരണവും
നടത്തപ്പെടുന്നു

For Favours Received



Poonthuruthil Canavil

ORTHODOX CHRISTIAN YOUTH MOVEMENT
ST. THOMAS ORTHODOX CATHEDRAL, DUBAI

P.O. Box: 2563, Dubai-U.A.E., E-mail: ocymdubai@gmail.com, www.stthomasocymdubai.org

ഉന്നത വിദ്യാഭ്യാസ സഹായ പദ്ധതി - 2025

EDIFY CARE

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം 2008 മുതൽ ആവിഷ്ക്കരിച്ചിട്ടുള്ള വിദ്യാഭ്യാസ സഹായ പദ്ധതിയാണ് **എഡിഫൈ കെയർ**. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു എന്നതിന്റെ പേരിൽ മാത്രം കഴിവുണ്ടായിട്ടും ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് പുറന്തള്ളപ്പെട്ടുപോകുന്ന നമ്മുടെ സഭാംഗങ്ങളായ കുട്ടികൾക്ക് തുടർന്ന് പഠിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യം. 2025-26 അധ്യയന വർഷത്തിലേക്ക് എം.ബി.ബി.എസ്. / എൻജിനീയറിംഗ് / ബി.എസ്.സി. നഴ്സിംഗ് എൻട്രൻസിൽ മെറിറ്റ് മുഖേന ഉപരിപഠനത്തിനു യോഗ്യത നേടുന്ന അർഹതയുള്ള ഒരു വിദ്യാർത്ഥി / വിദ്യാർത്ഥിനിക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥിയുടെ ഉപരിപഠനത്തിനുവേണ്ട മുഴുവൻ ചെലവുകളും പ്രസ്ഥാനം വഹിക്കും. ഇതിനായി അപേക്ഷാ ഫോറം പൂരിപ്പിച്ച് ആവശ്യമായ ഡോക്യുമെന്റ്സ് ഉൾപ്പെടെ, ocymdubai@gmail.com എന്ന ഇമെയിലിലൂടെ **2025 ഓഗസ്റ്റ് 31**-ന് മുമ്പായി അയച്ച് തരേണ്ടതാണ്.

അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും:
ocymdubai@gmail.com / Whatsapp numbers: 0097150 782 0787, 0097156 783 2830.

32-ാം ചരമ വാർഷികം
22-07-2025

കരുമാങ്കൽ
പാച്ചിറ,
ചാന്നാനിക്കാട്

29-ാം ചരമ വാർഷികം
ജൂലൈ 23

(D.O.B.) 15-07-90 to 22-07-93 (D.O.B.)

മാതാപിതാക്കൾ:
റജി വർഗീസ് , സുമ വർഗീസ്

സഹോദരങ്ങൾ:
എൽസേബ, എയ്ഞ്ചൽ,
സ്ലീബാച്ചൻ

സെബിമോൾ

കെ. തോമസ്
നെടുംപറമ്പിൽ, പള്ളം
ഭാര്യ: **ഏലിയാമ്മ**
മക്കൾ: **സുജ, സുമ**

Sahodaran (Brother) 2024-25
29-May-25 to 29-Jun-25

Educational Aid	2,80,000.00
Housing Aid	4,55,000.00
Marriage Aid	2,00,000.00
Medical Aid	10,48,415.00
SPECIAL AID	2,38,305.00
Grand Total	**22,21,720.00**

പദ്ധതിയിൽ അംഗങ്ങളായവരുടെ പേരുവിവരങ്ങൾ.

3311 Joseph, Melpadom
3312 Asha John, Padipura Villa Kuripally
3313 Reji, Kallumpurail Parumala
3314 Suja Alex Chengannur
3315 Thomas Ernakulam
3316 Mathew, Maylapra
3317 Biju John - Parumala
3318 Susan Oommen, Ponithra Venmony
3319 Laly Mattakal Karakal Thiruvalla
3320 Sosamma Mammen, Parumala
3321 George Varghese, Kuttapallil Kadapra Mannar
3322 George Cheriyan, Mannar
3323 Renni Yohannan Parumala
3324 Aby Philip, Thiruvalla
3325 Abraham John, Parumala
3326 Varghese, Parumala
3327 Varghese John Thacheril Parumala
3328 Sunilkumar, Champakulam
3329 Cheriyan George, Vilayil Chathanoor
3330 Saju Paul, Kottuvillayil H, Ellathur
3331 Teena Cherian, Parumala
3332 Sabu T s Mannar
3333 St.Gregorios Orthodox Church, Gurgaon
3334 St.Gregorian Sapling Pocket, Kankerkhera Meerut Up
3335 Rajan Luke,Chathannur
3336 Very.Rev.Philipose Ramban, Jyothis Ashram Abu Road Rajastha
3337 Saramma Paulose,Kunnackal
3338 Andriya Hanna Baiju, C/o Baiju T Joseph Kunnackal
3339 Abhilash Thomas, Prakkanam, Elanthoor,PTM
3340 P.C Yoyak Pallippurath Pattimattom, Ernakulam
3341 Jayan Varghese, USA
3342 Thykadavil Cherian Family, Philadelphia USA
3343 Sheba Titus Alwaye
3344 Susamma Thomas Chegannur Alapuzha
3345 Ninan Thomas Panicker, Abu dhabi
3346 Jogesh Kuriakose SGIOC Fujairah
3347 Johnson kattoor, Abudhabi
3348 Binny Mathew, Dubai
3349 Thomas Tharakan, Muleckel Asraya Thevalakkara Quilon
3350 Binu C Ninan
3351 George v George, Abu dhabi UAE
3352 Jacob P Peter Colonial USA
3353 Mini Joseph, Chengannur
3354 Benony Kochupurackal NJ
3355 Raju Philip, Island NY
3356 Jinu Kurian Hufury NJ
3357 Jaison Thomas, NY
3358 Kunjumon & Leelamma
3359 Rajan & Salamma
3360 George Mathew Missouri City Tx
3361 Benony Kochupurackal NJ
3362 Thresia Alex, NY
3363 Thresia Alex, NY
3364 Superior Mount Thabor Diara, PTM
3365 Dennes Joy, Vazhamuttom East Pathanamthitta
3366 E.J Varghese Moolavattom Po Kottayam
3367 Aby B Kuriyan, Kottayam
3368 MMVS - Mar Baselios Gregorios Orthodox Syrain Church Kalayapuram
3369 MMVS - St.Thomas Orthodox Syrain Church, Vilayanthoor
3370 St.George Orthodox Syrain Church Meeyannur TVM
3371 Rev.Fr.Anil Joy New Delhi
3372 Dr.Mathew Thomas Sharjah UAE
3373 MMVS - St.Gregorios Orthodox Syrain Church - payyavoor
3374 MMVS - St.Gregorios Orthodox Syrain Church - Malom
3375 MMVS - St.George Orthodox Syrain Church - Pakkanjikad
3376 MMVS - St.Gregorios Orthodox Syrain Church - Birikulam
3377 MMVS - St.Thomas Orthodox Church - Ariprode
3378 MMVS - St.Marys Orthodox Syrain Church - Ettukuduka
3379 MMVS - St.George Orthodox Syrain Church - Chuzhali
3380 MMVS - St.George Orthodox Syrain Church - Shimoga
3381 MMVS - St.Gregorios Orthodox Syrain Church - Byndoor
3382 MMVS - St.Marys Orthodox Syrain Church - kasaragod
3383 MMVS - St.George Orthodox Syrain Church - Kudiyanmala
3384 MMVS - St.Marys Orthodox Syrain Church - Narikilkad
3385 MMVS - St.George Orthodox Syrain Church - Aravanchal
3386 MMVS - St.George Orthodox Syrain Church - Thannirpanthal
3387 MMVS - St.George Orthodox Syrain Church Vanchian & Karayathumchal- St Mary's OSC
3388 Rev.Fr.Mathew Nedumparambil
3389 Delhi Orthodox Dioces Council New Delhi
3390 V Thomas ,Thiruvananthapuram
3391 Dr. Neethu Jose, Kochi
3392 MMVS - Salalah St.stephens Orthodox Church
3393 Sibi Thomas
3394 Saji Thomas
3395 Santhosh Daniel
3396 Thomas George
3397 Jose C.S Fujarah
3398 Santhosh Philip F

Malankara Orthodox Syrian Church

Address:
Baselios Marthoma Mathews III,
Catholicate Aramana, Devalokam,
Kottayam-686004, Kerala, India

ACCOUNT DETAILS:
Indian Currency
Account Name : Sahodharan MOSC
Account Number : 99900012021949
IFSC : HDFC0005242,
Bank & Branch: HDFC BANK LTD.KANJIKUZHY
Branch Code : 05242

Catholicate Aramana,
Devalokam P.O.(Via.)
Muttambalam,
Kottayam-686004,
Kerala, India
Tel no. 0481 2578500,
2578499,
Email:
catholicos@mosc.in
Web Manager :
webmanager@mosc.in
Public Relations officer :
pro@mosc.in

സംഭാവനയായി പണം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ 9074925272 എന്ന വാട്ട്സപ് സമ്പറിലേക്ക് അഡ്രസ്സ് അയയ്ക്കുക.

സംക്ഷിപ്ത കേരള സഭാ ചരിത്രവും മലങ്കര നസ്രാണി പാരമ്പര്യങ്ങളും

ഗ്രന്ഥകർത്താവ്:
പ്രസിദ്ധ സഭാചരിത്രകാരൻ നൈനാൻ കാടുവെട്ടൂർ



പുരാതന ചേരനാട്ടിൽ ക്രി.വ.345 വരെയുള്ള ഔപ്പൻ/മൂപ്പൻ യുഗത്തിനുശേഷമുള്ള 1500 വർഷങ്ങളിൽ മലങ്കരയിൽ നില നിന്ന ആർക്കദിയാക്കോൻ യുഗത്തിൽ കേരളക്രിസ്തീയസഭ യിലും നസ്രാണി സമൂഹത്തിലും, കുലശേഖര രാജാക്കന്മാരുടെ യും നാടുവാഴികളുടെയും ഭരണകാലത്തുണ്ടായിരുന്ന സുവർണ്ണകാലത്തിൻറെയും പാരമ്പര്യങ്ങളുടെയും, പേർഷ്യൻ/പോർച്ചുഗീസ്/സിറിയൻ വൈദേശിക സഭകളുടെ ആധിപത്യവും, 1953-ലെ കൂനൻകുരിശു സത്യത്തിനു മുമ്പുംപിൻപും നാളതുവരെയുള്ള മലങ്കരസഭയിലെ വിവിധ സഭാവിഭജനങ്ങളും ഉൾപ്പടെയുള്ള വിശദമായ ചരിത്രം.

340 പേജുകളുള്ള സചിത്രഗ്രന്ഥം. ബഹു.ഗോവ ഗവർണ്ണർ പ്രകാശനം ചെയ്തത്
അഭി.മെത്രാപ്പോലീത്താമാർ അവതാരിക എഴുതി അനുഗ്രഹിച്ചത്
അഭി.മെത്രാപ്പോലീത്താമാർ അവതാരിക എഴുതി അനുഗ്രഹിച്ചത്
കാലയവനികയിൽ മറഞ്ഞ, പ.പൗലോസ്ദ്വിതീയൻ കാതോലിക്കാ ബാവായും,
വന്ദ്യ ഡോ.ഓ.തോമസ്അച്ചനും അനുഗ്രഹിച്ച് ആശീർവദിച്ചത്
എല്ലാ MOC, MGOCSM, ബഥേൽ ബുക്ക്ഷോപ്പുകളിലും മറ്റും ലഭ്യം
വില: 500 രൂപാ- ഫോൺ:8129293539 (നൈനാൻ കാടുവെട്ടൂർ)

BRIDE WANTED

Orthodox parents from central travancore invite proposals for their son (MBA. HR,35years/6Ft) working as Company Executive in Sharjah from parents of suitably qualified and employed girls.

Contact:
9895431148

BRIDEGROOM WANTED

ഓർത്തഡോക്സ് യുവതി 25 വയസ്സ്. കോട്ടയം ഭദ്രാസനം. മാസ്റ്റർ ഓഫ് ഡിസൈൻ ഇൻ ഫാഷൻ മാനേജ്മെന്റ് (M.Des) UK.. യു.കെ. യിൽ ജോലി. ഇടത്തരം കുടുംബം അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

Contact: 9446359217

BRIDE WANTED

Orthoox family from Pathanamthitta Dist. invite proposals from godfearing educated girls for their son (38/165 cms MTech from NIT, Calicut) gazetted officer (Eng) in Govt of Kerala.

Contact:
9496600933/9447115777

BRIDEGROOM WANTED

Orthodox girl, 27yrs, 155cm, Msc(phy), B.Ed, SET qualified, teacher at C & MD Schools,Malabar diocese,from qualified, employed and God fearing boys.

Contact: 9539833484, 9447883196

BRIDE WANTED

ഓർത്തഡോക്സ്യുവാവ് എഞ്ചിനീയർ 28Yrs/168 Cms, 70kg B. Tech. Engineering, കൊല്ലം (kollam) ജില്ലയിൽ കൊട്ടാരക്കര വടകോട് സ്വദേശി, ഓർത്തഡോക്സ് കുടുംബത്തിപ്പെട്ട യുവതികൾക്ക് മുൻഗണന.

Contact:
9074906202,9562777226

BRIDEGROOM WANTED

ഓർത്തഡോക്സ് പെൺകുട്ടി 27/158 MD (gen. medicine). ഗവ. ഡോക്ടർ MD/MS യോഗ്യതയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചന ക്ഷണിക്കുന്നു.

Contact:
9495270962, 9447570962

BRIDE WANTED

Orthodox parents from Mavelikara invite proposals for their son, 41 years old and 172 cm tall. He works as an IT Manager at an MNC in Infopark, Kochi. Seeking proposals from parents of suitably qualified girls.

Contact:
9495118979, 8547101353

BRIDE GROOM WANTED

Orthodox Parents invite proposals for their Daughter (Mtech in Ocean Engineering from IIT, Madras, Currently placed as an associate structural engineer at McDermott International, Chennai) 26 yrs, 167 cm.Preference will be given to those working in India or Middle East countries with similar educational or any other profession.

Contact: 9495162201

BRIDEGROOMS WANTED

Parents from Kochi seeking professionally established Orthodox Christian grooms from respected families for twin daughters (25 years; 162 cm & 159 cm) - academically accomplished finance professionals working in the UK. Suitable matches must be devout, church-regular, with excellent qualifications and stable careers. Share detailed Christian biodata including recent full-size photographs to:

mpmenorah@gmail.com

BRIDEGROOM WANTED

Orthodox parents invite proposal for their daughter 26 yrs/161cm,CA(UK settled) seek alliance from CA/IT Engineer/Doctor grooms.

Contact:
919846524142,
00447828220611,
00447984450352
Email ID:
johnsong0004@gmail.com.

Cont...page 39

മദ്യമയക്കുമരുന്ന്

10-ാം പേജിൽ നിന്നും...

4. മതങ്ങളും ആത്മീയതയും മുന്നോട്ടു വയ്ക്കുന്ന ധാർമ്മിക അടിത്തറ പുനഃസ്ഥാപിക്കേണ്ടത് ആവശ്യമാണ്. ആത്മീയ സത്യങ്ങൾ യുവാക്കളെ നയിക്കാനുള്ള സാഹചര്യം ഉണ്ടാകണം. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നടത്തുന്നതിൽ മതസ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

5. സമൂഹത്തിന്റെ കെട്ടുറപ്പിനും മൂല്യങ്ങളുടെ സംരക്ഷണത്തിനും അർത്ഥവത്തായ രക്ഷാകർതൃത്വം (meaningful parenting) അനിവാര്യമാണ്.

6. മദ്യവിപത്തിന് എതിര് സമൂഹത്തിന്റെ പ്രതിരോധം ശക്തമാക്കുവാൻ യുവജന സംഘടനകൾ, റെസിഡന്റ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ ആദ്ധ്യാത്മിക സംഘടനകൾ സമൂഹത്തിന്റെ കാവൽക്കാരായി മാറണം.

7. മയക്കുമരുന്ന് ശൃംഖലയെ തകർക്കാൻ തക്കവണ്ണം ഭരണ-നിയമ നിർമ്മാണ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കണം. നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണം.

മദ്യ-മയക്കുമരുന്ന് ആസക്തിയുടെ മാനസികാരോഗ്യം പ്രശ്നങ്ങളാണെന്നു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനസികാരോഗ്യ സ്ക്രീനിംഗ് നടത്തുന്നതിനും കൗൺസിലിംഗ് സേവനങ്ങൾ കൂടുതലായി ഉണ്ടാകുന്നതിനും നടപടികൾ വേണം. കുടംബങ്ങളിൽ നിന്ന് ജീവിത മൂല്യങ്ങൾ കുട്ടികൾക്ക് ലഭിക്കണം. സ്കൂളുകൾ മൂല്യങ്ങളുടെ സംരക്ഷകരാവണം.

സമൂഹത്തിന്റെ ഭാവി ശോഭനമാകണമെങ്കിൽ ഇപ്പോഴുള്ള യുവതലമുറയെ രക്ഷിക്കേണ്ടതുണ്ട്. ഇപ്പോഴാണ് പ്രവർത്തിക്കുവാനുള്ള സമയം. മദ്യമയക്കുമരുന്നുകൾക്ക് എതിരെ ഏവരും ജാഗ്രത പുലർത്തണം. ○

സിറിയക് തിയോളജി ഗസ്റ്റ് ഫാക്കൽറ്റി നിയമനം

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ സിറിയക് തിയോളജി ഗസ്റ്റ് അധ്യാപക തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. അംഗീകൃത സർവ്വകലാശാലയിൽ നിന്നും സുറിയാനി ഭാഷയിലും വേദശാസ്ത്രത്തിലും ബിരുദാനന്തര ബിരുദങ്ങൾ ഉണ്ടായിരിക്കണം. ഡോക്ടറേറ്റ് അഭികാമ്യം.

അപേക്ഷ ഫോം 2025 ജൂൺ 20 മുതൽ സെമിനാരി ഓഫിസിൽ നിന്നും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2025 ജൂലൈ 15.

വിലാസം:

പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം, 686001.

BRIDEGROOM WANTED

REMARRIAGE

Orthodox parents invite proposal for their daughter 32yrs, MTech. Working as assistant professor in Sree Narayana Polytechnic College, Kottiyam Govt. Aided College, working in UGC scale (Divorced) seeking alliance from suitable orthodox grooms.

Contact :

+91 94470 13374

ഓർമ്മ

മലങ്കരസഭാ തേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് V മെത്രാപ്പോലീത്തായുടെ 115-ാം ഓർമ്മ (ജൂലൈ 12), കോട്ടയം പഴയസെമിനാരിയിൽ

ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മ (ജൂലൈ 23), റാന്നി ഹോളി ട്രിനിറ്റി ആശ്രമം.

പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 12-ാം ഓർമ്മ (ഓഗസ്റ്റ് 1, റാന്നി പെരുനാട് ബഥനി ആശ്രമം)

അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 59-ാം ഓർമ്മ (ഓഗസ്റ്റ് 6, റാന്നി പെരുനാട് ബഥനി ആശ്രമം)

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 4-ാം ഓർമ്മ (ജൂലൈ 12, ദേവലോകം അരമന)

പ. മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 109-ാം ഓർമ്മ (കുർക്കുമ ദയറാ)

സെന്റ് ഡയനീഷ്യസ് സ്പോർട്സ് സെന്റർ

വള്ളംകുളം

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ നാമത്തിൽ ഒരു കുരിശുംതൊട്ടി വള്ളംകുളത്തു നിർമ്മിക്കുകയും ഭാഗ്യസ്മരണാർഹനായ അഭി. ഒസ്താത്തിയോസ് തിരുമേനി, അഭി. ക്രിസോസ്റ്റമോസ് തിരുമേനി എന്നിവർ ചേർന്ന് കൂദാശ ചെയ്യുകയും എന്റെ ഇടവകയായ കവിയൂർ സ്ലീബാ പള്ളിക്ക് നൽകുകയും ചെയ്തു. അതിന് സമീപമുള്ള 32 സെന്റ് സ്ഥലത്ത് ഒരു കളിസ്ഥലം, കുട്ടികളുടെ പാർക്ക് എന്നിവയും ഒരു ഓഫീസ് കെട്ടിടവും 2023 ജൂലൈയിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇൻഡോർ ബാസ്ക്കറ്റ്ബോൾ, ഷട്ടിൽ, ടേബി ൾ ടെന്നീസ് എന്നിവ ഇവിടെ ഉൾപ്പെട്ടിരിക്കുന്നു. സഭാചരിത്ര പുസ്തകങ്ങൾ വിവിധ എഞ്ചിനീയറിങ്ങ് വിഷയങ്ങളുടെ ആധുനിക പുസ്തകങ്ങൾ ഉള്ള ഒരു ലൈബ്രറിയും ഇവിടെ ക്രമീകരിച്ചിരിക്കുന്നു. പുതിയ തലമുറയ്ക്കായി ഏകദേശം രണ്ടരക്കോടി രൂപായുടെ മുതൽമുടക്കുള്ള സംരംഭമാണിത്. ഇതിന്റെ തുടർ നടത്തിപ്പിനായി സമീപ ഇടവകകളിൽ ഉള്ളവരെ ഉൾപ്പെടുത്തി ഒരു ട്രസ്റ്റ് രൂപീകരിച്ച് 80 വർഷത്തെ ലീസിൽ ഈ സ്ഥാപനം നടത്തിക്കൊണ്ടു പോകുവാൻ ആഗ്രഹിക്കുന്നു.

Sponsored by

K.M. John

Rtd. BARC Scientific officer, Aramco, Saudi Arabia

Former Principal, St. Gregorios Instrumentation Institute, Thiruvalla

Mob.: 9446754294

പരിശുദ്ധ അബ്ദേദ് മിശിഹോ പാത്രിയർക്കീസ് : ദുരന്തങ്ങളും പ്രത്യാശയും രൂപപ്പെടുത്തിയ ജീവിതം

ഡോ. സിബി തരകൻ

പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദേദ് മിശിഹോ-II പാത്രിയർക്കീസിനെപ്പോലെ (18541915), ആത്മീയ വിജയവും ഭൗതിക ദുരന്തവും ഒരേസമയം അനുഭവിക്കേണ്ടിവരിക എന്ന വിരോധാഭാസം, ചരിത്രത്തിൽ അപൂർവം ചില വ്യക്തികൾക്കു മാത്രമെ ഉണ്ടായിട്ടുള്ളു.

മധ്യപൂർവേഷ്യൻ ക്രിസ്തുമത ചരിത്രത്തിലെ ഏറ്റവും പ്രക്ഷുബ്ധമായ കാലഘട്ടത്തിലാണ് പാത്രിയർക്കീസ് എന്ന നിലയിൽ അദ്ദേഹം സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക് നേതൃത്വം നൽകിയത്. സഭാ സ്വാതന്ത്ര്യത്തോടുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധത, ശ്രേഷ്ഠമായ നേതൃത്വം, അനുഭവിക്കേണ്ടിവന്ന നിരന്തര പീഡനം എന്നിവയാൽ അദ്ദേഹത്തിന്റെ ജീവിതം ചരിത്രത്തിൽ പ്രത്യേകം അടയാളപ്പെടുത്തിയിരിക്കുന്നു.

കിഴക്കിന്റെ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ചതാണ്, അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവനയായി ചരിത്രം വിലയിരുത്തുന്നത്. അതിലൂടെ, പുരാതന സുറിയാനി സഭാ പാരമ്പര്യവുമായുള്ള ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ, മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സ്വയം ഭരണാവകാശവും സ്വാതന്ത്ര്യവും കൈവരിക്കുവാൻ കഴിഞ്ഞു.

എന്നാൽ അബ്ദേദ് മിശിഹോ പാത്രിയർക്കീസിൻറെ ജീവിതം ഏറെ പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. താരതമ്യേന ചെറുപ്പത്തിൽത്തന്നെ അദ്ദേഹം മെത്രാപ്പോലീത്തായും പാത്രിയർക്കീസുമായി. രാജ്യത്തിന്റെ പരമാധികാരിയായ സുൽത്താൻ ആദ്യകാലത്തു അദ്ദേഹത്തെ പിന്തുണച്ചിരുന്നു. അദ്ദേഹത്തെ മെത്രാപ്പോലീത്താ സ്ഥാനത്തേക്കുയർത്തിയ പരിശുദ്ധ പത്രോസ് മൂന്നാമൻ പാത്രിയർക്കീസും, പാത്രിയർക്കാ സ്ഥാനത്തേക്ക് എത്താൻ പിന്തുണച്ച സുൽത്താൻ അബ്ദുൾ ഹമീദും അദ്ദേഹത്തിന്റെ കഴിവുകളിൽ വിശ്വാസമർപ്പിച്ചിരുന്നു. ചെറുപ്പത്തിൽത്തന്നെ ഉന്നത സ്ഥാനങ്ങളിൽ എത്താനുണ്ടായ സാഹചര്യം ഇതായിരിക്കാം. ഏറെക്കാലം സുറിയാനി സഭയെ നയിക്കാമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

സഭയ്ക്കുള്ളിൽ അധികാരത്തിനുവേണ്ടി നടന്ന മത്സരങ്ങൾ, ക്രിസ്ത്യാനികൾക്കെതിരെ തുർക്കിയിലുണ്ടായ അതിക്രമങ്ങൾ, ഭരണാധികാരികളിൽ നിന്നും നേരിട്ട വിശ്വാസ വഞ്ചന, സാമ്പത്തിക പ്രതിസന്ധിയും ക്ഷാമവും, ഒടുവിൽ ഒന്നാം ലോക മഹായുദ്ധത്തിന്റെയും പടർന്നുകൊണ്ടിരുന്ന മഹാ മാരിയുടെയും ഇടയിൽ 61-വയസ്സു മാത്രമുള്ളപ്പോൾ സംഭവിച്ച മരണം- ഇവയെല്ലാം അബ്ദേദ് മിശിഹോയെ ദുരന്തങ്ങൾക്കിടയിലും ക്രൈസ്തവമായ പ്രത്യാശ നിലനിർത്തിയ ഒരു സവിശേഷ കഥാപാത്രമാക്കുന്നു.

ആദ്യകാല ജീവിതം : ഓട്ടോമൻ സാമ്രാജ്യത്തിലെ (പഴയ തുർക്കി) മർദ്ദീൻ പ്രവിശ്യയിലുള്ള ഖൽ'അത്ത് മാറ ഗ്രാമത്തിലാണ് 1854-ൽ ജൂലിയോസ് അബ്ദേദ് മിശിഹോ ജനിച്ചത്. സുറിയാനി ക്രിസ്ത്യാനികൾ നൂറ്റാണ്ടുകളായി അഭിവൃദ്ധി പ്രാപിച്ച ഒരു പ്രദേശമായിരുന്നു അത്. എന്നാൽ മുസ്ലീങ്ങളായ കുർദിഷ് ഗോത്ര വിഭാഗങ്ങളിൽനിന്നും ഓട്ടോമൻ സർക്കാരിൽനിന്നും അവർക്ക് ഏറെ അടിച്ചമർത്തലുകൾ നേരിടേണ്ടതായി വന്നു.1866-ൽ പന്ത്രണ്ട് വയസ്സുള്ളപ്പോൾ, അദ്ദേഹം പ്രശസ്ത സുറിയാനി കേന്ദ്രമായിരുന്ന കുർകുമോ ദയറായിൽ (മാർ ഹാനനിയായുടെ ആശ്രമം) ചേർന്നു. ചെറുപ്പത്തിൽത്തന്നെ അനാഥനായ അദ്ദേഹത്തെ, പത്രോസ് തൃതീയൻ പാത്രിയർക്കീസ് ദയറായിലേക്കു ദത്തെടുക്കുകയിരുന്നു എന്ന് പറയപ്പെടുന്നു.

പത്തൊൻപതാം വയസ്സിൽ (1873) അദ്ദേഹം സന്യാസ വ്രതങ്ങൾ സ്വീകരിച്ചു; ഇരുപത്തിയൊന്നാം വയസ്സിൽ (1875) പുരോഹിതനായി. അദ്ദേഹത്തിന്റെ ആത്മീയവും ബൗദ്ധികവുമായ കഴിവുകളും, ലാളിത്യവും പത്രോസ് തൃതീയൻ ബാവാ ശ്രദ്ധിച്ചിരുന്നു. പാത്രിയർക്കീസ് 1886-ൽ അദ്ദേഹത്തെ സിറിയയിലെ മെത്രാപ്പോലീത്തായായി ഉയർത്തി.

പ്രതിസന്ധികൾക്കിടയിൽ:

പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയാർക്കീസ് 1894-ൽ കാലംചെയ്തപ്പോൾ സഭയിൽ വലിയ ഒരു നേതൃത്വ പ്രതിസന്ധി ഉണ്ടായി. ഒരു വിഭാഗം നേതാക്കന്മാർ ആമീദിലെ മെത്രാനായിരുന്ന ഗ്രിഗോറിയോസ് അബ്ദുള്ളയെ (സത്തുഫ്) പിന്തുണച്ചു; മറു വിഭാഗം അബ്ദേദ് മിശിഹോയെയും. എന്നാൽ സുൽത്താൻ അബ്ദുൽ ഹമീദിന്റെ ഇടപെടൽ അബ്ദേദ് മിശിഹായ്ക്ക് അനുകൂലമായിരുന്നു. 1895 ജൂൺ 14-ന്, സുന്നഹദോസ് അദ്ദേഹത്തെ അന്ത്യോഖ്യ പാത്രിയാർക്കീസായി

ப. அബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായോടൊപ്പം ഒന്നാം കാതോലിക്കാ പ. ബസേലിയോസ് പൗലോസ് പ്രഥമൻ, വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ്, യുയാക്കിം മാർ ഈവാനിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പ. ഗീവർഗീസ് ദ്വിതീയൻ ബാവാ) ഗീവർഗീസ് മാർ പീലക്സീനോസ് (പ. ഗീവർഗീസ് പ്രഥമൻ ബാവാ).

തെരഞ്ഞെടുത്തു, 1896 സെപ്റ്റംബർ 9-ന് സുൽത്താൻ അധികാര പത്രം (ഫിർമാൻ) നൽകി അദ്ദേഹത്തെ ഔദ്യോഗികമായി അംഗീകരിച്ചു.

ക്രൈസ്തവ പീഡനങ്ങൾ: അദ്ദേഹം പാത്രിയർക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട് അധികം വൈകാതെ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യാനികൾക്കെതിരെ അക്രമങ്ങളും കൂട്ടക്കൊലകളും ഉണ്ടായി. മുസ്ലിം ഭൂരിപക്ഷമുള്ള കുർദ്ദിഷ് ഗോത്രങ്ങളും സുൽത്താൻ ഹമിദിന്റെ സേനയും പരസ്പര ധാരണയോടെ ദിയാർബക്കീർ, മാർദ്ദീൻ തുടങ്ങിയ നഗരങ്ങളിലെയും സമീപ ഗ്രാമങ്ങളിലെയും ക്രിസ്ത്യാനി കളെ ആക്രമിക്കാൻ തുടങ്ങി.

അർമേനിയക്കാർക്കും അസീറിയക്കാർക്കും ഇതര ക്രിസ്ത്യാനി കൾക്കുമെതിരായി ആസൂത്രിതമായി നടന്ന അക്രമത്തിൽ (1895 -1896) മൂന്നുലക്ഷത്തിലധികം ആളുകൾ കൊല്ലപ്പെടുകയും സ്ത്രീകളും കുട്ടികളും നിർബന്ധിത മത പരിവർത്തനത്തിന് വിധേയമാവുകയും ചെയ്തു. ഹമീദിയൻ കൂട്ടക്കൊലകൾ എന്ന് ചരിത്രത്തിൽ അറിയപ്പെടുന്ന ഈ അക്രമങ്ങൾ അർമേനിയക്കാരെയാണ് പ്രധാനമായും ലക്ഷ്യം വച്ചതെങ്കിലും, സുറി യാനി ഓർത്തഡോക്സ്, കൽദായ സുറിയാനി സമൂഹങ്ങളും അതിക്രമങ്ങൾക്ക് ഇരയായി.

ആട്ടിൻകൂട്ടമില്ലാത്ത ഇടയൻ: അക്രമങ്ങളും കൊലപാതകങ്ങളും അവസാനിപ്പിക്കാൻ ഭരണ നേതൃത്വത്തോട് അഭ്യർഥിച്ചുകൊണ്ട് പാത്രിയർക്കീസ് അക്രമ കേന്ദ്രമായിരുന്ന ദിയാർബക്കീറിലേക്ക് യാത്ര ചെയ്തു. ദുരിതമനുഭവിക്കുന്ന സ്വന്തം ജനങ്ങൾക്കുവേണ്ടി പള്ളികൾ അദ്ദേഹം രക്ഷാ സങ്കേതങ്ങളായി തുറന്നുകൊടുത്തു; പക്ഷേ കൂട്ടക്കൊലകൾ തുടർന്നു. തന്റെ ആജ്ഞ അനു സരിച്ചു ആയുധങ്ങൾ താഴെവച്ച സുറിയാനിക്കാരെ പട്ടാളം ആക്രമിച്ചു കൊലപ്പെടുത്തിയത് അദ്ദേഹത്തെ ഒട്ടൊന്നുമല്ല വേദനിപ്പിച്ചത്. കത്തുന്ന ഗ്രാമങ്ങളും കൂട്ടക്കൊലകളും നശിപ്പിക്കപ്പെട്ട പള്ളികളും കണ്ടപ്പോൾ, താൻ പിന്തുണച്ചിരുന്ന ഒട്ടോമൻ ഭരണകൂടത്തിലുള്ള വിശ്വാസം അദ്ദേഹത്തിന് നഷ്ടപ്പെട്ടു.

പാശ്ചാത്യ ശക്തികളായ ബ്രിട്ടൺ, ഫ്രാൻസ്, ജർമ്മനി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള മിഷനറിമാർ തുർക്കിയിലെ സാഹചര്യം മുതലെടുത്തുകൊണ്ടിരുന്നു.അവരുടെ സഭകളിൽ ചേരുന്ന ക്രിസ്ത്യാനികൾക്കു ഈ രാജ്യങ്ങളുടെ സ്ഥാനാപതി കാര്യാലയങ്ങൾ സംരക്ഷണം വാഗ്ദാനം ചെയ്തു.

അവരോടൊപ്പം ചേർന്നവർക്ക് വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമ്പത്തിക സഹായം, എന്നിവ അവർ നൽകിക്കൊണ്ടിരുന്നു. നിരവധി സുറിയാനി കിസ്ത്യാനികളും അർമീനിയക്കാരും കൽദായരും ഫ്രഞ്ച് മിഷന്റെ സഹായം സ്വീകരിച്ചു കത്തോലിക്കാ സഭയിൽ ചേർന്നു. കുറെ ആളുകൾ പ്രൊട്ടസ്റ്റന്റ് സഭകളിലും അംഗത്വം നേടി. മിഷനറിമാരിൽനിന്ന് അകന്നു നിന്നതുകൊണ്ട്, സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെട്ടെങ്കിലും, കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് സഭകളുടെ പിന്തുണ ലഭിക്കാതിരിക്കാൻ ഇതു കാരണമായി.

അധികാരം നഷ്ടപ്പെടുന്നു: അധികാരമേറ്റ് പത്തുവർഷം കഴിഞ്ഞപ്പോൾ, ചില രാഷ്ട്രീയ കാരണങ്ങൾ കൊണ്ട്, 1905-ൽ തുർക്കി സുൽത്താൻ പാത്രിയർക്കീസിന്റെ അധികാര പത്രം പിൻവലിച്ചു. ഇത് പാത്രിയർക്കീസിന് ഓട്ടോമൻ സാമ്രാജ്യത്തിലെ സുറിയാനി സഭയുടെമേലുണ്ടായിരുന്ന ഭൗതിക ഭരണാധികാരം നഷ്ടപ്പെടുന്നതിനു കാരണമായി. എന്നാൽ, പാത്രിയർക്കീസ് എന്ന നിലയിൽ തുർക്കി രാജ്യത്തിനു പുറത്തുള്ള സുറിയാനി സഭ അദ്ദേഹത്തെ അംഗീകരിച്ചിരുന്നു.

സുറിയാനി സഭയുടെ അംഗീകൃത നിയമ സംഹിതയായ ഹൂദായ കാനോൻ (ഗ്രിഗോറിയോസ് ബാർ എബ്രായ സമാഹരിച്ചത്) അനുസരിച്ചു, സഭയിൽ ഒരു പാത്രിയർക്കീസ് ഉള്ളപ്പോൾ ഏതെങ്കിലും കാരണങ്ങൾകൊണ്ടു മറ്റൊരാൾ പാത്രിയർക്കീസ് പദവിയിലെത്തിയാൽ, ആദ്യ പാത്രിയർക്കീസ് തന്നെ യഥാർത്ഥ ഭരണാധികാരിയായി പരിഗണിക്കപ്പെടണം. ആ നിലയ്ക്ക്, പിന്നീട് പാത്രിയർക്കീസ് ആയി അധികാരപത്രം ലഭിക്കുകയും ഭരണ നിർവ്വഹണം നടത്തുകയും ചെയ്ത ഗ്രിഗോറിയോസ് അബ്ദുൾ ആലോഹോ (അബ്ദുള്ള പാത്രിയർക്കീസ്) കാനോനുകൾക്ക് വിരുദ്ധമായിട്ടാണ് പ്രവർത്തിച്ചത് എന്നു കാണാൻ കഴിയും.

കിഴക്കിന്റെ കാതോലിക്കേറ്റ്: മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കണമെന്നുള്ള ആവശ്യം മുളന്തുരുത്തി സുന്നഹദോസ് മുതലുള്ള കാലത്തു(1876)

പല സന്ദർഭങ്ങളിലും ഉയർന്നിട്ടുണ്ട്.അന്ത്യോഖ്യൻ സുറിയാനി സഭയിൽനിന്നു പതിനെട്ടാം നൂറ്റാണ്ടുമുതൽ വന്നുകൊണ്ടിരുന്ന മെത്രാന്മാർ, മലങ്കരയിൽ ഭിന്നിപ്പുണ്ടാക്കി അധികാരം നിലനിർത്താൻ ശ്രമിച്ചു. ഇവിടെനിന്ന് ആവശ്യമുള്ളപ്പോഴൊക്കെ ധനശേഖരണം നടത്താനും വിശുദ്ധ മൂറോൻ വിൽപ്പന നടത്തി പണമുണ്ടാക്കാനും പള്ളികളിലെ വിലപിടിപ്പുള്ള വസ്തുക്കൾ കൈക്കലാക്കാനും അവർ ഉത്സാഹി ച്ചിരുന്നു. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ്, അന്ത്യോഖ്യ പാത്രിയർക്കീസിൽനിന്നു നേരിട്ട് മെത്രാൻ സ്ഥാനം സ്വീകരിച്ചതോടെ മലങ്കര മെത്രാപ്പോലിത്ത സ്ഥാനം ലഭിക്കണമെങ്കിൽ പാത്രിയർക്കീസ് കനിയണം എന്ന അവസ്ഥയുമുണ്ടായി.

1909 -ൽ മലങ്കരയിൽ വന്ന പരിശുദ്ധ അബ്ദുള്ള പാത്രിയർക്കീസ്(അബ്ദെദ് ആലോഹൊ സത്തുഫ്), ഇടവക പള്ളികളുടെ സ്വത്തുക്കൾ പാത്രിയർക്കീസിന്റെ പേരിൽ രജിസ്റ്റർ ചെയ്തു കൊടുക്കണമെന്ന് ആവശ്യപ്പെട്ടത് മലങ്കര മെത്രാപ്പോലീത്തയ്ക്ക് അംഗീകരിക്കാൻ കഴിഞ്ഞില്ല. ഇതിനെത്തുടർന്നാണ് 1911-ൽ മലങ്കര മെത്രാപ്പോലീത്തായെ (വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്) സ്ഥാന ഭ്രഷ്ട്ടനാക്കി സഭയിൽ ഭിന്നിപ്പുണ്ടാക്കാൻ പാത്രിയർക്കീസ് ശ്രമിച്ചത്.

ഇതോടെ ഏറെക്കാലമായി സമുദായം ആവശ്യപ്പെട്ടുകൊണ്ടിരുന്ന കാതോലിക്കേറ്റ് സ്ഥാപനം കാലഘട്ടത്തിന്റെ അനിവാര്യതയായി മാറി. മലങ്കര മെത്രാപ്പോലീത്തയുടെയും മാനേജിങ് കമ്മിറ്റിയുടെയും അഭ്യർഥനപ്രകാരം 1912-ൽ പരിശുദ്ധ അബ്ദേദ് മിശിഹോ പാത്രിയർക്കീസ് മലങ്കരയിൽ എത്തുകയും മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാ പ്പോലീത്തായെ കിഴക്കിന്റെ കാതോലിക്ക ആയി വാഴിക്കുകയും ചെയ്തു.1912 സെപ്റ്റംബർ 15-നാണ് നിരണം വിശുദ്ധ മാർത്ത്മറിയം പള്ളിയിൽവച്ചു മോറാൻ മാർ ബസേലിയോസ് പൗലോസ്-I എന്ന പേരിൽ മലങ്കരയിലെ പ്രഥമ കാതോലിക്ക സ്ഥാനാരോഹണം ചെയ്യപ്പെട്ടത്.

പ്രഥമ കാതോലിക്കയെ വാഴിച്ചതുകൂടാതെ സഭയ്ക്ക് മൂന്നു മേല്പട്ടക്കാരെയും അദ്ദേഹം വാഴിച്ചു. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (കല്ലാശേരിൽ), ഗീവർഗീസ് മാർ പീലക്സിനോസ്(കാരുചിറ), യുയാക്കിം മാർ ഈവാനിയോസ്(കരോട്ടുവീട്ടിൽ) എന്നിവരെ മെത്രാപ്പോലീത്താമാരായി വാഴിച്ച് സഭയെ വലിയ പ്രതിസന്ധിയിൽനിന്നു രക്ഷിച്ചു.

കാതോലിക്കേറ്റിന്റെ സ്ഥാപനംകൊണ്ട് ഇന്ത്യയിലെ സുറിയാനി ഓർത്തഡോക്സ് സഭയ്ക്കുണ്ടായ പ്രയോജനങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. സഭയുടെ തലവനായി കാതോലിക്കാ വാഴിക്കപ്പെട്ടു: ആത്മീയവും ഭരണപരവുമായ കാര്യങ്ങളിൽ അങ്ങനെ സ്വയംഭരണം ഉറപ്പാക്കി. തുർക്കിയിലെ പാത്രിയർക്കീസിനെ ആശ്രയിക്കാതെ മെത്രാന്മാരെ നിയമിക്കാനും, വിശുദ്ധ മൂറോൻ കൂദാശ നടത്താനും സഭയ്ക്ക് അവകാശമുണ്ടായി.

2. അപ്പസ്തോലിക പാരമ്പര്യത്തിന്റെ തുടർച്ച: സഭയുടെ അന്തസ്സും അപ്പസ്തോലിക സ്വത്വവും നിലനിർത്തിക്കൊണ്ട്, കിഴക്കിന്റെ കാതോലിക്കോസ് എന്ന പദവി പുനരുജ്ജീവിപ്പിച്ചു. മാർത്തോമാ ശ്ലീഹായുടെ അപ്പസ്തോലിക പിന്തുടർച്ച എന്ന ആശയം ഇതിലൂടെ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞു.

3. സഭയുടെ നിയന്ത്രണം, അധികാരം എന്നിവ സംബന്ധിച്ച് ഉയർന്നുകൊണ്ടിരുന്ന തർക്കങ്ങൾക്കും കേസുകൾക്കുമുള്ള സ്വത്വബോധത്തിലൂന്നിയ ഒരു പ്രതികരണം കൂടിയായിരുന്നു കാതോലിക്കേറ്റ്.

4. സുറിയാനി ഓർത്തഡോക്സ് സഭയുമായുള്ള ആത്മീയ കൂട്ടായ്മയിൽനിന്ന് മാറാതെതന്നെ സഭയ്ക്ക് ഓറിയന്റൽ ഓർത്തഡോക്സ് ദൈവശാസ്ത്രവും ആരാധനാക്രമവും സംരക്ഷിക്കുവാൻ കഴിഞ്ഞു.

5) മലങ്കരയിലെ വിശ്വാസ സമൂഹത്തിൽനിന്ന് ഒരു കാതോലിക്കാ ഉണ്ടായത്, ഇവിടുത്തെ വിശ്വാസികളുടെ സാംസ്കാരികവും ഭാഷാപരമായുമുള്ള ആവശ്യങ്ങളുമായി കൂടുതൽ സംവദിക്കാൻ കാരണമായി.

6) കാതോലിക്കാ സ്ഥാപനം ഇന്ത്യയിലെ സഭാംഗങ്ങളുടെ മനോവീര്യവും ഐക്യവും വർദ്ധിപ്പിക്കുന്നതിനു കാരണമായി.വൈദേശിക ആധിപത്യത്തിൽനിന്നുമാറി, സഭാപരമായ അന്തസ്സിന്റെയും ദേശീയ സ്വത്വത്തിന്റെയും പ്രതീകമായി മാറി.

7) രാജ്യത്തിന്റെ പല ഭാഗത്തും ഭദ്രാസനങ്ങൾ, പള്ളികൾ, സെമിനാരികൾ, മിഷൻ കേന്ദ്രങ്ങൾ, ആശ്രമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിവയുടെ ഏകോപനം സാധ്യമാക്കുന്ന വിധത്തിൽ തദ്ദേശീയവും സ്ഥിരതയുള്ളതുമായ നേതൃത്വ ഘടന കാതോലിക്കേറ്റ് നൽകി.

1934-ൽ ഭരണഘടനാ നിർമ്മാണത്തിലൂടെ കാതോലിക്കേറ്റ് കൂടുതൽ ജനാധിപത്യ സ്വഭാവം കൈവരിച്ചു. വിവിധ സുന്നഹദോസുകൾ, മാനേജിങ് കമ്മിറ്റി തീരുമാനങ്ങൾ, മലങ്കര അസ്സോസിയേഷനുകൾ എന്നിവയിലൂടെ വ്യവസ്ഥാപിത ഭരണം നിലനിർത്താനും സാധിച്ചു.

കാതോലിക്കേറ്റ് സ്ഥാപിക്കാൻ തയ്യാറായതിലൂടെ പരിശുദ്ധ അബ്ദേദ് മിശിഹോ പാത്രിയർക്കീസ് മലങ്കര സഭയെ ശിഥിലീകരണത്തിൽനിന്ന് രക്ഷിക്കുകയും, ആധുനിക യുഗത്തിലേക്കുള്ള സഭയുടെ വളർച്ച ഉറപ്പാക്കുകയും ചെയ്തു.

ഒന്നാം ലോകമഹായുദ്ധത്തിനും അസീറിയൻ വംശഹത്യയ്ക്കും ഇടയിൽ 1915-ൽ(ഓഗസ്റ്റ് 30-ന്) കാലം ചെയ്ത പരിശുദ്ധ പിതാവിന്റെ ഭൗതിക ശരീരം തുർക്കിയിലെ മർദ്ദീനിലുള്ള പുരാതന പാത്രിയർക്കാ ആസ്ഥാനമായ കുർക്കുമോ ദയറായിൽ കബറടക്കിയിരിക്കുന്നു. ഒന്നര ലക്ഷത്തോളം സുറിയാനി ക്രിസ്ത്യാനികൾ കൂട്ടക്കൊല ചെയ്യപ്പെട്ട അസീറിയൻ വംശഹത്യയുടെ (സെയ്ഫോ) പാരമ്യതയിലായിരുന്നു അദ്ദേഹത്തിന്റെ വിയോഗം. അദ്ദേഹത്തിന്റെ 110-ാം ഓർമ്മ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, ശൂനോയോ പെരുന്നാളിനോടൊപ്പം (വിശുദ്ധ കന്യക മറിയാമിന്റെ സ്വർഗ്ഗാരോഹണം) ഓഗസ്റ്റ് 15 -ന് ആചരിക്കുന്നു.

സൗമ്യനും ബുദ്ധിമാനുമായിരുന്ന പുന്നത്ര മാർ ദീവന്നാസ്യോസ് തൃതീയൻ മലങ്കര മെത്രാപ്പോലീത്ത : ഭരണനേട്ടങ്ങൾ

പി. ജേക്കബ് തോമസ്
A1 പുരയ്ക്കൽ ഗാർഡൻസ്

പകലോമറ്റം, പുലിക്കോട്ടിൽ പിതാക്കന്മാരിൽ നിന്നും മലങ്കര സഭാനേതൃത്വം ദൈവനിയോഗത്താൽ കൈമാറി വന്ന് കോട്ടയത്തും, കോട്ടയത്തിനു തെക്കുമായി ആദ്യമായി മലങ്കര മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് നിയോഗിതനായ പിതാവാണ് പുന്നത്ര മാർ ദിവന്നാസിയോസ് മൂന്നാമൻ. മലങ്കര സഭാ നൗകയെ തന്മയത്വത്തോടുകൂടി നയിച്ച സഭാപിതാവ്. 200 വർഷങ്ങൾക്ക് മുൻപ് ദിശാ ബോധത്തിലേക്ക് സഭയെ തിരിച്ചുവിടാൻ കാരണഭൂതനായ ഈ ശ്രേഷ്ഠ മഹാപുരോഹിതന്റെ സഭാശുശ്രൂഷാ ജീവിതം രണ്ട് നൂറ്റാണ്ടുക്കൾക്കിപ്പുറത്തു നിന്നു ചിന്തിക്കുമ്പോൾ, മലങ്കര സഭയ്ക്ക് ഒരിക്കലും മറക്കാനാവാത്ത നേതൃത്വം നല്കിയ പുണ്യപിതാവായിരുന്നു പുന്നത്ര മാർ ദിവാന്ന്യാസിയോസ് മൂന്നാമൻ എന്നു അഭിമാനപുരസ്സം നമുക്ക് പറയുവാൻ സാധിക്കും. പുന്നത്ര തിരുമേനിയുടെ 200-ാം ഓർമ്മപെരുന്നാൾ 2025 മെയ് 19 ന് കോട്ടയം ചെറിയ പള്ളിയിലും മെയ് 20 ന് ഇരതോട് വീയപുരം സെന്റ് ജോർജ്ജ് ഓർത്തോഡോക്സ് പള്ളിയിലും ആചരിച്ചു. ഈ അവസരത്തിൽ തിരുമേനിയുടെ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം നിർവ്വഹിക്കുകയാണ്.

പരിമിതികളുടെയും പ്രതിസന്ധികളുടെയും നടുവിലാണ് മലങ്കര മെത്രാപ്പോലീത്ത സ്ഥാനം പുന്നത്ര തിരുമേനി ഏറ്റെടുത്തത്. ഈ സഭയെ ആധുനികതയുടെ പാതയിലേക്ക് നയിക്കുകയെന്ന ദൗത്യമാണ് അദ്ദേഹം ചുരുങ്ങിയ തന്റെ ശുശ്രൂഷാ കലയളവിൽ നിർവ്വഹിച്ചത്. അദ്ദേഹം 1777-ൽ കോട്ടയത്ത് പുരാതനമായ താഴത്തങ്ങാടി പുന്നത്തറ കുടുംബത്തിൽ കൊച്ചാക്കോത്തരകന്റെ ദ്വിതീയ പുത്രനായി ഭൂജാതനായി. അദ്ദേഹത്തിന്റെ മാതാവ് മറിയാമ്മ നിരണത്തു ഇലഞ്ഞിക്കൽ കുടുംബാംഗമായിരുന്നു. പുന്നത്ര കുടുംബത്തിന്റെ ശാഖയായ വീയപുരം പുരയ്ക്കൽ കുടുംബത്തിന്റെ പൂർവ്വികനായ ഇട്ടി മാത്യു തരകനും, നിരണത്തു വെങ്ങാഴി കുടുംബത്തിലെ പൂർവ്വികനായ ചാണ്ടപിള്ള തരകനും തിരുമേനിയുടെ പിതാവിന്റെ ജ്യേഷ്ഠസഹോദരങ്ങളാണ്. 1787 -ൽ ശെമ്മാശപട്ടവും തുടർന്ന് 1796-ൽ ആറാം മാർത്തോമാ വലിയ മാർ ദീവന്നാസ്യോസിൽ നിന്ന് കശീശ പട്ടവും സ്വീകരിച്ച് അദ്ദേഹം ചെറിയ പള്ളി വികാരിയായി പള്ളി മാളികയിൽ താമസമാക്കി. ദീവന്നാസ്യോസ് രണ്ടാമന്റെ കാലശേഷം മാർ പീലക്സീനോസ് ഭരണമേറ്റ് അധികം വൈകാതെ പുന്നത്രകുര്യൻ കത്തനാരെ, തന്നെ സഹായിക്കാനായി അർക്കദിയാക്കോനായി നിയമിക്കണം എന്നാവശ്യപ്പെട്ടു. ഇതനുസരിച്ച് കേണൽ മൺട്രോയോട് അപേക്ഷിക്കുകയും അദ്ദേഹം അത് അനുവദിക്കുകയും ചെയ്തു. പാതിരി സായിപ്പൻമാരും മൺട്രോ സായിപ്പ് അവർകളും കൂടിയാലോചിച്ച് വികാരി ജനറൽ കുര്യൻ കത്തനാരെ മെത്രാനായി വാഴിക്കണമെന്ന് തീർച്ചപ്പെടുത്തുകയും അഞ്ചൂറിൽനിന്ന് പീലക്സീനോസ് മെത്രാച്ചനെ (കിടങ്ങൻ) വരുത്തി കുര്യൻ കത്തനാരെ 1817 ഒക്ടോബറിൽ മെത്രാപ്പോലീത്തയായി കോട്ടയം ചെറിയപള്ളിയിൽ വെച്ച് വാഴിക്കുകയും ചെയ്തു.

കൊല്ലവർഷം 993 തുലാമാസം 26- തീയതി പുന്നത്ര മാർ ദീവന്നാസ്യോസ് തിരുമേനി പട്ടമേറ്റതു സംബന്ധിച്ച് ഗവണ്മെന്റ് വിളംബരം തിരുവിതാംകൂർ സ്റ്റേറ്റ് മനുവൽ 732-പേജിൽ ചേർത്തിട്ടുണ്ട്.

The following proclamation by the Travancore government followed immediately:

"Where as Philixinos Metropolitian is ill and indisposed and Mar Dinoysius Metropolitan has been consecrated by Mar Philixinos as his successor to govern the Syrians and the Syrian churches, this is to inform all the Syrians in our country that they should obey Mar Dionysius Metropolitan.'

ശെമ്മാശന്മാരുടെ പഠിത്തം നിർബാധം നടത്തുന്നതിന് കോട്ടയത്ത് 16 ഏക്കർ സ്ഥലവും എണ്ണായിരം രൂപയും ആദ്യം മഹാറാണി കൊടുത്തതിന് പുറമേ വൻതുകയായ ഇരുപതിനായിരം രൂപയും രണ്ടായിരം ഏക്കർ വിസ്തീർണ്ണമുള്ള മൺട്രോതുരുത്ത് എന്നറിയപ്പെടുന്ന കൃഷി സ്ഥലവും സംഭാവനയായി കൊടുത്തിരുന്നു. അന്ന് സമ്പാദിച്ചിട്ടുള്ള കല്ലട, മൺട്രോത്തുരുത്ത്, മങ്കോട്ട മുതലായ നിലങ്ങൾക്കുള്ള ആധാരങ്ങൾ മലങ്കര മെത്രാപ്പോലീത്തായുടെ പേരിലായിരുന്നു.

2024 ഫെബ്രുവരി 25 ഞായറാഴ്ച്ച കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച മാർത്തോമ്മൻ പൈതൃക സംഗമത്തിൽ മലങ്കര ഓർത്തോഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ്

തൃതീയൻ കാതോലിക്കാ ബാവാ നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ മാർത്തോമ്മ പൈതൃകത്തിന്റെ ഒന്നാം സാക്ഷ്യമായി അടയാളപ്പെടുത്തിയ സാക്ഷ്യമാണ്, പുന്നത്ര തിരുമേനിയുടെ സ്ഥാനാരോഹണം. 1817 വൃശ്ചികം 2 ന് കിടങ്ങൻ ഗീവർഗ്ഗീസ് മാർ ഫിലിക്സിനോസ് മെത്രാപ്പോലീത്ത പുന്നത്ര മാർ ദിവന്ന്യാസിയോസ് മൂന്നാമൻ മെത്രാപ്പോലീത്തയ്ക്ക് നല്കിയ കല്പനയാണ്. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം എന്ന പരാമർശം ലഭ്യമായ ആദ്യരേഖ.

പുന്നത്ര മാർ ദീവന്നാസ്യോസ് തിരുമേനിയെപ്പറ്റി ശ്രീ. ഇ.എം. ഫിലിപ്പ് തന്റെ സുറിയാനി സഭാ ചരിത്രത്തിൽ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ് : പുതിയ മെത്രാൻ അസാധാരണ ഗതിയോടും പ്രകൃതത്തോടും കൂടിയ മനുഷ്യമായിരുന്നു. ഈ അവസരത്തിൽ തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റ് കേണൽ മൺട്രോ തന്നെയായിരുന്നു, എന്ന് മാത്രമല്ല കുറേക്കാലത്തേക്ക് അദ്ദേഹം ഇവിടുത്തെ ദിവാൻ കൂടിയായിരുന്നു. മിഷനറിമാർ വഴിയായി മെത്രാന് അദ്ദേഹത്തിന്റെമേൽ ക്രമേണ ധാരാളം സ്വാധീന ശക്തി ഉണ്ടായിരുന്നു.

പുകുടിയിൽ ഇട്ടുപ്പ് റൈട്ടർ ഇപ്രകാരം പറയുന്നു: യോഗ്യതയുള്ള സുറിയാനി സഭാ അംഗങ്ങൾക്ക് ജഡ്ജി, മജിസ്ട്രേറ്റ്, തഹസിൽദാർ ആദിയായി ഉയർന്നതും താണതുമായ ഉത്തരവാദിത്വമുള്ള അനേകം ഗവണ്മെന്റ് ഉദ്യോഗങ്ങൾ ലഭിച്ചു. ഗവണ്മെന്റ് സർവ്വീസിൽ ഒരു ഉദ്യോഗം ലഭിക്കുന്നതിന് മെത്രാന്റെ ശുപാർശ കത്ത് മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളു. ക്രിസ്ത്യാനികൾക്ക് പാർപ്പിടത്തിന് സ്ഥലങ്ങളും കെട്ടിടങ്ങൾക്ക് തടിയും പണവും കൊടുത്ത് സഹായിക്കാൻ കേണൽ മൺട്രോയെ തിരുമേനി സ്വാധീനിച്ചിരുന്നു

മലങ്കര സഭ പ്രൊട്ടസ്റ്റന്റ് ആരാധനാക്രമം സ്വീകരിക്കണമെന്ന് അന്ന് സെമിനാരിയിൽ ഉണ്ടായിരുന്ന ബ്രിട്ടീഷ് മിഷനറിമാർ നിർബന്ധിച്ചു. തിരുമേനി തന്ത്രപൂർവ്വം വിഷയം മലങ്കര പള്ളി യോഗത്തിനു വിട്ടു. അതനുസരിച്ച് 1818 ൽ മാവേലിക്കരയിൽ മലങ്കര പള്ളിയോഗം കൂടി. മിഷണറിമാരുടെ ആവശ്യം നിരസിച്ചു. 1818 ൽ മാവേലിക്കരയോഗത്തിന് പോകുന്നതിനു മുമ്പായി അദ്ദേഹം ചെറിയപള്ളിയിൽ കയറിയ അവരത്തിൽ സമീപത്തുണ്ടായിരുന്ന വിശ്വസ്തൻമാരായ സ്നേഹിതരോട് ഞാനിപ്പോൾ ഒരു തിട്ടയിലാണ് നില്ക്കുന്നത്, ഒന്നുകിൽ സായിപ്പൻമാരോട് പിണങ്ങി പിരിയുകയോ അല്ലാത്തപക്ഷം എന്റെ സഭയെ ഒറ്റികൊടുക്കുകയോ ചെയ്യണം അവരുടെ ഉദ്ദേശം നമ്മുടെ വിശ്വാസം ഭേദപ്പെടുത്തണം എന്നുള്ളതാകുന്നു. എന്റെ മാനം നഷ്ടപ്പെട്ടാലും വഞ്ചകനായി തീരുകയില്ല അപകടം കൂടാതെ ഈ പരീക്ഷയിൽ കൂടി കടന്ന് കൂടുന്നതിന് നിങ്ങൾ പ്രാർത്ഥിക്കണം. അങ്ങനെ സഭയുടെ വിശ്വാസ ദീപംകെടാതെ സൂക്ഷിച്ച ഒരു വന്ദ്യദേഹമാണ് പുന്നത്ര തിരുമേനി.

കല്ലുങ്കത്തറ പള്ളി, ഇലന്തൂർ വലിയപള്ളി, ഇരതോട് വീയപുരം പള്ളി, വെങ്ങോല പള്ളി, പാമ്പാക്കുട വലിയപള്ളി ഇവ തിരുമേനിയുടെ കാലത്ത് പണിയിച്ച് കൂദാശ ചെയ്തിട്ടുള്ളതാണ്. ശ്രീ. കെ. സി. മാമ്മൻ മാപ്പിള 1106 കർക്കിടകം 9- തീയതി ബഹുമാനപ്പെട്ട ചാണ്ടപിള്ള കത്തനാരുടെ മരണത്തെ അനുസ്മരിച്ചും,അനുശോചിച്ചും ഒരു മുഖപ്രസംഗം എഴുതിയ വേളയിൽ സന്ദർഭവശാൽ പുന്നത്ര മാർ ദീവന്നാസ്യോസിനെപ്പറ്റി ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: സുറിയാനി സമുദായത്തിൽ ഇതിനു മുമ്പുണ്ടായിട്ടുള്ള മേലദ്ധ്യക്ഷൻമാരിൽ വച്ച് പല വിധത്തിലും പ്രതാപവാനും, ബുദ്ധിമാനും ആയിരുന്നു പുന്നത്ര മെത്രാപ്പോലീത്ത. ബ്രിട്ടീഷ് റസിഡന്റിന്റെ ആനുകൂല്യത്തോടു കൂടി സുറിയാനി സമുദായംഗങ്ങൾക്ക് പല ഉയർന്ന ഉദ്യോഗങ്ങൾ ഇദം പ്രദമായി കൊച്ചിയിലും തിരുവിതാംകൂറിലും ലഭിച്ചത് ഈ അതിശ്രേഷ്ഠനായ മലങ്കര മെത്രാപ്പോലീത്തയുടെ സ്വാധീന ശക്തി ഒന്നുകൊണ്ടുമാത്രമായിരുന്നു. അതുപോലെ തന്നെ അന്നത്തെ ഭരണ വൈകല്യം മൂലം പലതരം പ്രയാസങ്ങളും അപമാനങ്ങളും അനുഭവിക്കേണ്ടി വന്നിരുന്ന സമുദായാംഗങ്ങളെ അവയിൽ നിന്നും വിമുക്തനാക്കിയതും അദ്ദേഹമായിരുന്നു എന്നുള്ളത് സമുദായാംഗങ്ങൾ എക്കാലത്തും കൃതജ്ഞതയോടുകൂടി ഓർത്തിരിക്കേണ്ടതാണ്.

തിരുമേനി ഏതാനും വർഷം മാത്രമേ സഭയെ ഭരിച്ചുള്ളു. അദ്ദേഹം 1825 മെയ് 19 ന് (1000 ഇടവം 5) കാലം ചെയ്തു. തിരുമേനിയുടെ ഭൗതികശരീരം കോട്ടയം ചെറിയ പള്ളിയുടെ മദ്ബഹായിൽ ത്രോണോസിന്റെ തെക്കുഭാഗത്ത് കബറടക്കി. തിരുമേനിയുടെ ഓർമ്മ മെയ് 19 ന് ആചരിച്ചുവരുന്നു. ചെറിയ പള്ളിയുടെ കിഴക്കുവശത്ത് ഇപ്പോൾ കാണുന്ന പള്ളിമേട പണിയിച്ചിട്ടുള്ളത് പുന്നത്ര തിരുമേനിയാണ്.

ആദ്യമായി സുറിയാനി സഭയിൽ പുരോഹിതന്മാർക്ക് വിവാഹാനുവാദം നല്കുകയും തിരുമേനി തന്നെ ഇരുപത്തിയഞ്ചോളം പുരോഹിതന്മാരുടെ വിവാഹം നടത്തി കൊടുക്കുകയും ചെയ്തു. എല്ലാപ്രകാരത്തിലും സഭയെ ഇന്നത്തെ നിലയിലേക്ക് നയിച്ച ഒരു അതിശ്രേഷ്ഠ മലങ്കര മെത്രാപ്പോലീത്ത ആയിരുന്നു പുന്നത്ര തിരുമേനി.

2017 നവംബർ.1 ന് കോട്ടയം ചെറിയ പള്ളി പ്രസിദ്ധീകരിച്ച പുന്നത്ര മാർ ദിവാന്ന്യാസിയോസ് വ്യക്തിയും കാലവും എന്ന ബുക്കിൽ ഇപ്രകാരം രേഖപ്പെടുത്തിരിക്കുന്നു.കൂനൻ കുരിശു സത്യം മുതൽ ഇത:പര്യന്തമുള്ള മലങ്കര സഭാചരിത്രത്തിൽ ഏറ്റവും കുറഞ്ഞ പ്രായത്തിൽ കാലം ചെയ്ത സഭാ അദ്ധ്യക്ഷനാണ് പുന്നത്ര മാർ ദിവന്ന്യാസിയോസ് മൂന്നാമൻ.

ഈ പിതാവിന്റെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും മലങ്കര സഭയ്ക്കും, സഭാമക്കൾക്കും എന്നും കോട്ടയായിരിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

o

മറിയം

ആത്മാവിലെ അഴകുള്ള മെഴുകുതിരി

ഫാ. ജോൺ റ്റി. വർഗീസ്, കുളക്കട

അറ്റ്ലാന്റിക്കിനു കുറുകെ ആദ്യമായി വിമാനം പറത്തിയ അമീലിയ ഇയർഹാർട്ട്, മേഘങ്ങളെ കീറിമുറിച്ച് വെള്ളി രേഖകൾ വരച്ചുകൊണ്ട് പറന്നുയർന്ന വിമാനം തിരികെ വന്നില്ല അത് എവിടേക്ക് അപ്രത്യക്ഷമായെന്ന് ഇന്നും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ബർമുഡ ട്രയാംഗിളിലേക്ക് ആകർഷിക്കപ്പെടുന്ന ആകാശ നൗകകൾ എവിടേക്കാണ് വലിച്ചെടുക്കപ്പെടുന്നത് എന്നത് ഏറെക്കാലം ദുരൂഹമായ സമസ്യ മായിരുന്നു.

അത് സങ്കടകരമായ ഒരു വിസ്മയമായിരുന്നു. ഉത്തരമില്ലാത്ത ഒരു സങ്കടം ആകാശത്തിലേക്ക് നോക്കിയവരെല്ലാം പൊതിഞ്ഞു നിന്നു. എന്നാൽ ലോകം കണ്ട ഏറ്റവും മഹനീയമായ മഹത്വമായ അമ്മ മറിയത്തിന്റെ ശരീരം ക്രിസ്തുശിഷ്യഗണത്തിന്റെ മധ്യേ നിന്ന് വാനമേഘങ്ങളിലേക്ക് എടുക്കപ്പെട്ട നിമിഷങ്ങളുണ്ട്. അത് എവിടേക്ക് അപ്രത്യക്ഷമായെന്ന് നമുക്കറിയാം. അത് സന്തോഷകരമായ ഒരു വിസ്മയമായിരുന്നു. കബറിടമോ വിലാപമോ ബാക്കിവയ്ക്കാതെ നസറേത്തിലെ അമ്മ. ലോകത്തിലെ ഒരമ്മയും മക്കളുടെ ഹൃദയത്തിൽ മരിക്കുന്നില്ല. മരിക്കാത്തവർക്ക് എന്ത് ശവക്കുഴി? ഓർമ്മകളിൽ സുഗന്ധമുള്ളവർക്ക് ശവക്കുഴികളില്ല. ആവർത്തനപുസ്തകം 34-ാം അദ്ധ്യായത്തിൽ മോശയെക്കുറിച്ച് പറയുന്നത് അദ്ദേഹത്തിന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല, അങ്ങനെയൊരാൾ പിന്നെ ഉണ്ടായിട്ടില്ല എന്നും വിശേഷണമുണ്ട്. വിലാപകാലം കഴിഞ്ഞിട്ടും ആ ജ്ഞാനവൃദ്ധനെക്കുറിച്ച് പറഞ്ഞുകൊണ്ടേയിരുന്നു. അമ്മമറിയത്തിന് കല്ലറയില്ല. ഭൂമിയിലെ സകലമാന അമ്മമാർക്കും കല്ലറയില്ല. അവർ മക്കളുടെ മനസ്സിൽ ഉയരമേറിയ ജീവനുള്ള പിരമിഡുകളായി നിറഞ്ഞുനിൽക്കുന്നു. തന്റെ എഴുത്തുകളിൽ

ജനിമൃതികളെ കൃത്യമായി രേഖപ്പെടുന്ന സ്വഭാവമുള്ള വി. ലൂക്കോസ് പോലും നടപടികളുടെ പുസ്തകം ചമയ്ക്കുമ്പോൾ പ്രിയപ്പെട്ട അമ്മ മറിയത്തിന്റെ മരണമോ തുടർസംഭവങ്ങളോ രേഖപ്പെടുത്തുന്നില്ല. അമ്മയുടെ മരണമോർക്കാൻ ആരാണ് ഇഷ്ടപ്പെടുക. അവൾ ജീവനുള്ളവളായി ഉള്ളത്തിലലിഞ്ഞു ചേരട്ടെ എന്ന് വിചാരിച്ചിട്ടുണ്ടാകണം. ചരിത്രത്തെ എക്കാലവും വിസ്മയിപ്പിച്ച സ്ത്രീ എന്ന നിലയിൽ വ. മറിയത്തിന്റെ അഴകിന്റെ ആഴം എത്രമേൽ വലുതാണ്. മൂന്നു പദങ്ങൾ നമ്മുക്കൊന്നോർത്തിരിക്കാം.

1. ആത്മപ്രതിഫലനക്ഷമത (Self reflexivity)

ഒരാൾ തന്നിലേക്ക് തന്നെ നോക്കി വിലയിരുത്തുകയും വസ്തുനിഷ്ഠമായി അതിനനുസരിച്ച് പെരുമാറുകയും ചെയ്യുന്ന സവിശേഷമായ അവസ്ഥയാണ് ആത്മപ്രതിഫലനമക്ഷമത. അസാധാരണമായ മുഹൂർത്തത്തിൽ തന്നിലേക്ക് തന്നെ തിരിഞ്ഞുനോക്കുക എളുപ്പമല്ല. മറിയം ജീവിതത്തിലുടനീളം അത് നിലനിർത്തിയിരുന്നു. 'എനിക്കുള്ള അർഹതയെന്താണ്' എന്ന് നിരന്തരം ദൈവത്തോടും തന്നോടും ചോദിച്ചുകൊണ്ടേയിരുന്നു. കൗമാരത്തിന്റെ ചാരത്തിൽ നിന്ന് യൗവ്വനം കത്തിത്തുടങ്ങുന്ന കാലത്തിൽ ഒരു നാട്ടുപെൺകുട്ടി 'ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' എന്നു പറഞ്ഞുകൊണ്ട് പുലർത്തുന്ന അസാമാന്യമായ നിർമ്മമതയും ആത്മപ്രതിഫലനക്ഷമതയുമാണ് പ. മറിയത്തിന്റെ എക്കാലത്തേയും വലിയ സൗന്ദര്യം. അണുവിനെക്കാൾ ചെറുതാണ് ജീവിതമെന്ന് സ്വയം ബോധ്യപ്പെടുന്ന നിമിഷങ്ങൾ നമുക്ക് ഈ കെട്ടകാലത്തിൽ ഉണ്ടാകേണ്ടതില്ലേ?

ആര്യസംസ്ക്കാരത്തിൽ യാഗാർപ്പണവേളകളിൽ ആവർത്തിയ്ക്കുന്ന ഒരു മന്ത്രമുണ്ടത്രെ-ഇദം നമ മ ഇത് എന്റേതല്ല എന്നർത്ഥം. അഗ്നിയിൽ നിക്ഷേപിയ്ക്കുന്ന ഹവിസ്സ് എന്റേതല്ല, നീട്ടിയ ഈ

കൈകൾ എന്റേതല്ല ഈ കരത്തിന്റെ ഉടമയായ ഞാൻ എന്റെതല്ല എന്ന പറഞ്ഞുകൊണ്ട് അഹംബോധത്തെ മായിച്ചുകളയുന്നു. എല്ലാ യജ്ഞങ്ങളും ഈ അഹങ്കാരമുക്തിയാണ്. ഞാൻ എന്ന ഭാവത്തിൽ നിന്നുള്ള മോചനമാണ്. ജീവിതം യജ്ഞമാകുന്നത് ഈ 'ഞാൻ' നഷ്ടപ്പെടുമ്പോഴാണ്. മറിയം ഈ മന്ത്രം ചൊല്ലിക്കൊണ്ട് നസറേത്തിലെ കുടുസ്സുമുറിയിൽ തന്റെ ജീവതത്തെ ഒരു മഹായജ്ഞത്തിലേക്ക് പ്രവേശിപ്പിക്കുകയാണ്. ഓരോ ഞായറാഴ്ചയിലും നമ്മുടെ യാഗാർപ്പണങ്ങൾ അവസാനിക്കുന്നത് 'ഞാനോ ബലഹീനനും പാപിയുമായ ദാസൻ' എന്ന് പറഞ്ഞുകൊണ്ട് ആത്മപ്രതിഫലനക്ഷമത പ്രഖ്യാപിക്കുകയാണ്. മോശയും യെശയ്യാവും ഗിദയോനും ഒക്കെ തങ്ങൾക്കു ലഭിച്ച വിളിയുടെ പശ്ചാത്തലത്തിൽ ഇത് പ്രകടിപ്പിയ്ക്കുന്നുണ്ട്. തത്വജ്ഞാനിയായ സോക്രട്ടീസ് പറയുന്നു 'എനിക്കറിയാവുന്ന ഒരേ ഒരു കാര്യം എനിക്കൊന്നും അറിയില്ല' എന്നതാണ്. വൈദ്യശാസ്ത്രത്തെ മാറ്റിമറിച്ച എക്സറേയുടെ കണ്ടുപിടിത്തം സാധ്യമായ സമയത്ത് വില്യം കോൺറാഡ് റോൺജനോട് സഹപ്രവർത്തകരാകെ ആവശ്യപ്പെട്ടത് അതിന് റോൺജൻ റെയ്സ് എന്ന് പേര് വിളിയ്ക്കാനാണ്. തന്റെ തലമുറകൾക്ക് പോലും ലഭിയ്ക്കാവുന്ന വലിയ പേറ്റന്റിന്റെ സാധ്യതയായിരുന്നു അത്. പക്ഷേ റോൺജൻ കുറെക്കൂടി വിനയാന്വിതനാകുകയായിരുന്നു. നിലവിൽ അജ്ഞാതമായതിനെ സൂചിപ്പിക്കുന്ന എക്സ് എന്ന അക്ഷരം മതി ഇതിന്റെ ഉടമയാകാൻ എന്ന് അദ്ദേഹം ലോകത്തോടു പറഞ്ഞു. നമ്മുടെ നേട്ടങ്ങളൊന്നും നമ്മുടെ കഴിവുകൾ കൊണ്ടു മാത്രമല്ല. നാമറിയാത്ത അജ്ഞാതമായ കുറെ കാരണങ്ങളിൽ നാം മുന്നോട്ടുപോകുന്നു എന്ന് ഓർമ്മയായിരിക്കണം.

മനുഷ്യന്റെ മഹത്വം നിർണ്ണയിക്കുന്നത് അവൻ തന്റെ ജീവിതത്തിൽ അനുഭവിക്കുന്ന ധർമ്മസങ്കടങ്ങളുടെ തീഷ്ണതയാണ്. കയ്ച്ചിട്ടിറക്കാനും മധുരിച്ചിട്ട് തുപ്പാനും വയ്യാതെ ആകെ കുഴങ്ങുന്ന അവസ്ഥ. ബൈബിളിൽ ഏറ്റവും തെളിവായി കാണുന്നത് രണ്ടു പേരിലാണ്. ഒന്ന് ഉല്പത്തി 22-ൽ മോറിയ കയറുന്ന അബ്രഹാം ദൈവസ്നേഹത്തിനും പുത്രസ്നേഹത്തിനുമിടയിൽ ധർമ്മസങ്കടത്തിലായി പോകുന്നു. അതിലദ്ദേഹം വിജയിച്ച കഥ നമ്മുടെ മനസിൽ സുഖമുള്ള ഓർമ്മകളായി പെയ്യുന്നു. രണ്ട് അമ്മ മറിയമാണ് വിവിഹനിശ്ചയം ചെയ്യപ്പെട്ട ഒരു പെൺകുട്ടിയുടെ മുന്നിലേക്ക് വച്ചു നീട്ടുന്ന ദൈവപദ്ധതിയുടെ മധുരിക്കുന്ന കാസാ ഒരിടത്ത്, അത് ഏറ്റെടുത്താലുണ്ടാകുന്ന അപകടകരമായ സാമൂഹിക നിലനിൽപ്പിന്റെ ചഷകം മറുവശത്ത്. കുഴങ്ങിപോകുന്നതാണിത്. അവർ അതിൽ നിന്ന് വിജയകരമായ മന്ദഹാസത്തോടെ നടന്നു കയറി. സത്യമായും മനുഷ്യന്റെ വലിപ്പം അയാൾക്കു ലഭിച്ച സന്തോഷങ്ങളുടെ വലിപ്പമല്ല അയാൾ അനുഭവിച്ച ദുഃഖങ്ങളുടെ വലിപ്പമാണ്. അവൻ നേരിട്ട പരീക്ഷകളുടെ കാഠിന്യമാണ്. ഇത്തരമൊരു സാഹചര്യത്തിന്റെ മുന്നിൽ മറിയം നിന്നുകൊടുക്കുകയാണ്. ആ നിൽപ്പ് ഒന്നിനും കഴിയാത്തവളുടെ നിസംഗതയല്ല, ആത്മപ്രതിഫലനക്ഷമത കൊണ്ട് നേടിയ വിപദിധൈര്യമാണ്.

2. പരക്ലേശബോധം

ഒരാളുടെ ഉള്ളിലെ ആത്മീയത എന്നതിന് കൊടുക്കാവുന്ന ഏറ്റവും വലിയ അർത്ഥങ്ങളിലൊന്നാണ് പരക്ലേശബോധം. സഹജീവികളുടെ സങ്കടങ്ങളെ കൃത്യമായി അറിയുകയും പ്രതികരിക്കുകയും ചെയ്യുന്ന വിവേകമാണിത്. വർത്തമാനകാലജീവിതത്തിൽ സ്വന്തം കാര്യം നടത്തിയെടുക്കാനുള്ള കഴിവിന്റെ പേരായി 'വിവേകം' മാറി. ചുറ്റും കാണാനിടയുള്ള അപകടങ്ങളിലൊന്നും പെടാതെ അവനവന്റെ കാര്യം നോക്കി മുന്നോട്ടു പോകുന്നവരെ നാം നല്ല മനുഷ്യരുടെ ലിസ്റ്റിൽ പെടുത്തുന്നു. വാർദ്ധക്യത്തിന്റെയും ഗർഭാവസ്ഥയുടെയും സങ്കീർണ്ണതകളിൽ പെട്ടുഴലുന്ന ഏലിശുബായുടെ വീട്ടിലേക്ക് മറിയം ബദ്ധപ്പെട്ടുപോകുന്നത് അവൾ അവളിൽ തന്നെ സൗഖ്യം അനുഭവിച്ചുകൊണ്ടല്ല. നീറുന്ന മനസ്സും അസ്വസ്ഥതകൾ വിരുന്നുവന്നുതുടങ്ങിയ കൗമാരക്കാരിയുടെ ശരീരവുമായാണ് മറിയം ഈ യാത്രയ്ക്ക് ഭാണ്ഡമൊരുക്കുന്നത്. നസറേത്തിൽ നിന്നും മലനാട്ടിലേക്കുള്ള ദൂരം പരക്ലേശബോധത്തിന്റെ പ്രതിഫലനമാണ്. നമ്മുടെ ആത്മീയ ജീവിതവും നമ്മുടെ കാലത്തെ വിദ്യാഭ്യാസവും നമ്മെ സഹായിക്കേണ്ടത് പരക്ലേശബോധത്തിന്റെ ഈ ദൂരം താണ്ടാനാണ്. കാനാവിലെ കല്യാണവീട്ടിലെ ആഹ്ലാദാരവങ്ങൾക്കിടയിൽ പുറമെ ചിരിച്ചുകൊണ്ട് ഉള്ള് വെന്തുപോയ വീട്ടുകാരന് തുണയാകാൻ മറിയം എത്തിയതും ഈ ബോധത്തിലാണ്. എല്ലാവരും ചിരിയ്ക്കുമ്പോൾ ഒപ്പം ചിരിയ്ക്കുന്ന നമുക്ക് ചിരികൾക്കിടയിലെ നൊമ്പരം കണ്ടെത്താൻ കഴിവുണ്ടാകണമെന്നില്ല പുറമെ ചിരിച്ചുംകൊണ്ടകമേ കരയുന്ന എല്ലാവർക്കും ഇനി ധൈര്യമായി അമ്മയുടെ മടിയിൽ തലചായ്ച്ചുറങ്ങാം.

ആരാണ് സുഹൃത്ത്? എന്ന ചോദ്യത്തിന് ഏറ്റവും സങ്കീർണ്ണമായ സമയത്ത് ആവശ്യത്തിലേക്ക് ഇറങ്ങി വരുന്നയാളിന്റെ പേരാണ് സുഹൃത്ത് എന്നൊരുത്തരമുണ്ട്. നമുക്കൊക്കെ അങ്ങനെയെത്രപേരുണ്ട്? മറിയത്തിന്റെ ചാരത്ത് അല്പനേരമിരുന്നാൽ അങ്ങിനെയൊരു സുഹൃത്തിനെ കാണാം. സ്നേഹിച്ചവർക്ക് വേണ്ടി എല്ലാ ക്ഷതവും അപമാനവും ഏറ്റുവാങ്ങി നിശബ്ദരായവർ എല്ലാക്കാലത്തുമുണ്ട്. അവരുടെ ഗന്ധമാണ് ഈ ലോകത്തിന് ഇത്ര സൗന്ദര്യമുണ്ടാക്കുന്നത്. സ്നേഹം ചിലപ്പോൾ അപമാനങ്ങളുടെ ഘോഷയാത്രയാണ്. നിറയെ മുള്ളുകൾ ചുഴികൾ. അതിലേക്ക് കൈചൂട്ട് പോലും കൂട്ടില്ലാതെ ഒരു പെണ്ണ് വീണ്ടും വീണ്ടും കേറി പോകുന്നു. ദൈവസ്നേഹത്തിന്റെ ഭ്രാന്തിൽ മുങ്ങിമരിയ്ക്കാൻ തയ്യാറായവൾ. പൊള്ളുമെന്നറിഞ്ഞിട്ടും ആ സ്നേഹത്തിലേയ്ക്ക് കുതിച്ചുചാടുന്നത് ഒരു കൗമാരക്കാരിയാണെന്നോർക്കണം.

നിവർന്നുനടക്കുന്നെങ്കിലും വല്ലാതെ ചുരുങ്ങിപ്പോയ മനുഷ്യരാണ് നാം. കുമാരനാശാൻ പാടിയത് മറിയത്തെക്കുറിച്ചാണെന്ന് ഇപ്പോൾ തോന്നിപ്പോകുന്നു 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' എന്നതാണ്. പണ്ട് രമണമഹർഷിയോട് ഒരാൾ ചോദിക്കുന്നത് അങ്ങ് മറ്റുള്ളവരെ എങ്ങനെയാണ് പരിഗണിക്കുന്നത്? (how do you treat others) അദ്ദേഹം ഒറ്റവാക്കിൽ ഉത്തരം നൽകുന്നുണ്ട്. There is no other അന്യരാരുമില്ല. പ്രശ്നം അവിടെ തീരുകയാണ്. സുവിശേഷം വായിക്കുമ്പോൾ യേശുവിന്റെ മനസ്സലിഞ്ഞു എന്ന പ്രയോഗം നമ്മുടെ മനസിൽ കൊളുത്തി വയ്ക്കുന്നു. പരക്ലേശബോധത്തിന്റെ സമവാക്യങ്ങൾ കൊണ്ട് ലോകത്തിനു തീപിടിപ്പിക്കുന്ന പുസ്തകത്തിന്റെ പേരാണ് സുവിശേഷം.

വർത്തമാനകാലത്ത് സഹാനുഭൂതിയുടെ കണികകൾ കുറഞ്ഞുവരുന്നു. ദൈവബോധം കുറയുന്നു, ഏകാന്തത,

Digital addiction അനുഭവങ്ങളുടെ അഭാവം, ഉലയുന്ന ബന്ധങ്ങൾ എല്ലാം കൂടി പുതിയ കാലം മറ്റൊരു മാനസിക അവസ്ഥയിലാകുന്നു. ഫാ. ജെയ്സ് ബേബി ചെട്ട്യാശ്ശേരിയുടെ വരികളുണ്ട്.

ഭൂമിയ്ക്കുമീതെ അവകാശം പോലെ
വേരാഴ്ത്തി നിൽക്കുന്നു ചില പൂക്കാമരങ്ങൾ
ഇലക്കൊഴുപ്പിലിളകിയാടി
പൂക്കളില്ലാതെ കനിമധുരമില്ലാതെ
ചില പാഴ്മരങ്ങൾ

പാഴ്മരങ്ങളുടെ മധ്യേ പൂമരം കണക്കേ ഒരമ്മ പരക്ലേശബന്ധത്തിന്റെ ആർദ്രമായ നറുനിലാവിൽ കുളിച്ചു നിൽക്കുന്നു.

ശീതോഷ്ണമാനാപമാന സമമാനസം

വളരെ മനോഹരമായ ഒരു പദവും അതിലേറെ മനോഹരവുമായ ഒരവസ്ഥയുമാണിത്. ശീതം വന്നാലും ഉഷ്ണം വന്നാലും മാനമായാലും അപമാനമായാലും എല്ലാം തുല്യമായ മനോഭാവത്തോടെ നേരിടുന്ന അവസ്ഥയാണിത്. മറിയം ശീതോഷ്ണമാനാപമാനസമമനസയാണ്. ഈ നാടിന്റെ വേദാന്തങ്ങൾ പകരുന്ന സുന്ദരപദമാണിത്. സംഗ്രഹിച്ചു എന്ന വാക്കിൽ അമ്മ മറിയത്തിന്റെ അസാധാരണമായ വൈകാരികപക്വത ഒളിഞ്ഞിരിക്കുന്നു. അത്തരം സാഹചര്യങ്ങളിൽ എന്തായിരുന്ന മറിയത്തിന്റെ മനസ്സിൽ എന്നു നിശ്ചയിക്കാൻ മാർഗമില്ല. ഉത്തരമില്ലാത്ത ചോദ്യങ്ങൾ മൂർച്ചയേറിയ അമ്പുകളായി സീൽക്കാരത്തോടെ സ്വന്തം ജീവിത്തിനു നേർക്കു പാഞ്ഞടുക്കുമ്പോൾ സംഗ്രഹിച്ചു എന്നതിന്റെ ഇംഗ്ലീഷ് പരിഭാഷ വേദത്തിൽ പരിശോധിച്ചാൽ Mary treasured all things in her heart എന്നാണ് എഴുതിയിരിക്കുന്നത്. നിധി പോലെ ഉള്ളിൽ സൂക്ഷിച്ചു എന്നർത്ഥം. മറിയം വിസ്മയമാകുന്നത് അവിടെയാണ്. ജീവിതത്തിലെ ആകസ്മികതകളോട് ചന്തമുള്ള ഒരു കുസലില്ലായ്മ മറിയം പ്രകടിപ്പിച്ചിരുന്നു. ഓടിപ്പോവാനൊരു കാടിന്റെ വന്യതയോ മുങ്ങിച്ചാവാനൊരു കടലിന്റെ ആഴമോ സ്വന്തമായി ഇല്ലാത്ത മനുഷ്യർ മുന്നിലെ വഴികളെല്ലാം ഇരുളടഞ്ഞതാകുമ്പോൾ എന്തു ചെയ്യും? ആത്മഹത്യാമുനമ്പിലേക്ക് പാളിയേക്കാം. അവിടെ തമ്പുരാന്റെ അമ്മയെ ഒന്നോർക്കുക, ഒന്ന് കണ്ണടച്ച് നിവർന്നിരിയ്ക്കുക. പ്രാദേശിക ജീവിതത്തിന്റെ വേനൽച്ചൂട് ഏറ്റുവാങ്ങാനാകാതെ തകർന്നുപോകുന്ന എല്ലാവർക്കും വേനലിൽ വാടാത്ത ഒറ്റപ്പൂവായി മറിയമുണ്ട്.

മൗനത്തിൽ ആന്തരിക സംഘർഷങ്ങൾ ഒളിപ്പിച്ച അമ്മ മറിയം ഉള്ളിൽ പറഞ്ഞത് എന്തായിരിക്കും? ദൈവത്തിന്റെ പക്കൽ ഒരു ആശയമുണ്ട്. ഒരിക്കലും അത് മോശമായൊരാശയമല്ല ആശങ്കകൾ മൂടിത്തുടങ്ങുമ്പോൾ ആശയോടെ പറയണം ദൈവത്തിനൊരാശയമുണ്ട്. ഈശാനമൂല നാഞ്ഞു വീശിയാലും കീശ കീറിയാലും ആരു നമ്മെ മോശമാക്കിയാലും എനിക്കേശുമാത്രമാണാശ എന്നു പറയാനായിരുന്നെങ്കിൽ:

വളരെ അർത്ഥവത്തായ ഒരു ഡച്ച് വാക്കാണ് നിക്സൺ. വളരെ blank ആയി നിൽക്കുന്ന അവസ്ഥയാണിത്. അഥവാ പുറത്തേക്ക് നോക്കി നിൽക്കുന്ന അവസ്ഥ ഒന്നും ചെയ്യാതെ നോക്കി നിൽക്കുന്നതിന്റെ കല. Art of doing nothing എന്നു പറയാം. മാനസിക പിരിമുറുക്കമുണ്ടാകുമ്പോൾ ഒന്നും ചെയ്യാതെ ആകാശം നോക്കി ഇരിക്കുക എന്നർത്ഥം. ഈ ഹോളണ്ട് തിയറി ടെൻഫ്രീ ആക്കും. 'ഉള്ളൊഴിച്ച് ഭള്ളൊഴിച്ച്' എന്ന് പറയും. ശീതോഷ്ണമാനാപമാന സമമാനസത്തിന്റെ കലയാണിത്. ലഹരിയിലേക്കും ആത്മഹത്യയിലേക്കും പോകുന്ന നാർക്കോട്ടിക്സ് ഉണ്ട്. അതു വേണോ? Leaving harmony യുടെ നിക്സൺ സ്വീകരിക്കണമോ? ബുദ്ധന്റെ മറ്റൊരു പേരാണ് 'അവലോമിതൻ' മുകളിൽ നിന്ന് നോക്കുന്നവൻ എന്നണർത്ഥം. സാക്ഷീഭാവത്തിലിരുന്ന് നോക്കുകയാണ്. നിർമമതയോടെ കാണുകയാണ്. ഒരാൾ എവിടെ നിന്നാണോ നോക്കുന്നത് അതിനെ ആശ്രയിച്ച് നിലപാടുകൾ മാറിമാറി വരും. ഇന്നലകളിൽ നമ്മുടെ ജീവിതത്തിൽ സംഭവിച്ച പലതിനോടും ഇത്ര തിടുക്കത്തിലൊരു സമീപനം വേണ്ടിയിരുന്നില്ല എന്ന് ഇപ്പോൾ തോന്നുന്നില്ലേ? നസറേത്ത് മുതൽ കാൽവറി വരെ അമ്മ സഞ്ചരിച്ച വഴികളിലെല്ലാം ഇത്തരമമൊരു പക്ഷിമാനസത്തിന്റെ ഭംഗി തുളുമ്പി നിന്നിരുന്നു. തീ പിടിച്ച ഹൃദയവുമായി നടക്കേണ്ടിവന്ന ഒരു നാട്ടുമ്പുറത്തുകാരി. പക്ഷേ ആളിക്കത്തിയിട്ടും എരിഞ്ഞമരാത്ത മുൾപ്പടർപ്പായി നിത്യം നമ്മുടെ ഹൃദയങ്ങളിലുണ്ടമ്മ.

Being a mother is not a biological process
(ഒപ്രാ വിൻഫ്രി)

In Every Loving Memory of our Beloved Appachan & Ammachi

13th Death Anniversary (26-06-2025)

MARIAMMA

Madathanil
Maalam, Manarcadu P. O.
Kottayam

18th Death Anniversary (12-08-2025)

KURUVILLA MATHEN
(Pappachy)

By Sorrowing family...



മരുഭൂമിയിലെ നീരുറവ
STOC
WORSHIP PHILANTHROPY SOCIAL SERVICE
ORTHODOX
1975
ST.THOMAS ORTHODOX CONGREGATION
Founded by L.L.H.G Dr.Geevarghese Mar Osthathios
STOC
H.G.Dr. Yuhanon Mar Meletius
H.G.Dr. Geevarghese Mar Coorilose
H.G. Dr. Yuhanon Mar Chrisostomos
H. G. Dr. Mathews Mar Thimothios
H.G. Dr. Yuhanon Mar Demetrios
GOLDEN JUBILEE
Meeting
At 10:00 AM
PARUMALA
26th
July
2025
JUBILEE OF FAITH, UNITY & BLESSING . CELEBRATING 50 YEARS IN DESERT LAND
വി.കുർബ്ബാന
പിതൃസ്മൃതി
പൊതുസമ്മേളനം
ആദരിക്കൽ
ജീവകാരുണ്യ സഹായ വിതരണം

9th Death Anniversary
17-07-2025

LEELAMMA GEORGE
Principal (RTD)

Balikamatom Higher Secondary School
Thirumoolapuram, Thiruvalla

Thazhadathu House,
Mullanickadu
Omallur, Pathanamthitta

By Sorrowing Family

3rd Death Anniversary
28-07-2025

Annamma George
(Thankamma)
Mulanilkunnathil House
Kavumbhagom, Thiruvalla

നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

In Loving Memory of

C. THOMAS
D.O.D. 24-07-81

RACHEL THOMAS
D.O.D. 20-01-89

ANJILI VADAKKEDATH MUTTOM

(HARIPPAD)

Inserted By
Prof. Mathew Thomas & Family
Malad Central, Mumbai

മാർഗ്ഗദീപത്തിന് ആദരാഞ്ജലികൾ
67-ാം ഓർമ്മ



മാളികയിൽ
വെരി.റവ. എം.സി. കുറിയാക്കോസ് റമ്പാൻ
(1901-1958)

"നമ്മുടെ പുരാതനമായ ശ്ലൈഹിക സഭയെ
വിലയേറിയതായി കരുതുകയും
അതിനെ പരമാവധി പ്രയോജനപ്പെടുത്തുകയും
പരമാവധി സഹായിക്കുകയും ചെയ്യുവിൻ"

ജൂലൈ 19, 20 തീയതികളിൽ പാത്താമുട്ടം സ്ലീബാപള്ളിയിൽ

"He wrote the Sabha rassa geetham "Swarga Ragya Simhasana meri......"
Rembachen was the chief editor of Malankara Sabha Magazine for about 20 years - till 1958.

Inserted By: DR M.S.Alexander, Malikayil Pathamuttom

ശതാബ്ദി കടന്ന സ്ലീബാദാസ സമൂഹത്തിന് (1924–2024)

ആശംസകൾ

മിഷണറി യാത്രയ്ക്ക് പുറപ്പെടുന്നതിനുമുമ്പ്, പത്രവാർത്ത, 1937 ജൂലൈ 29

സ്ളീബാദാസൻ ദിവ്യശ്രീ യാക്കോബു ശെമ്മാശ്ശൻ ബി. ഏ. ബി. ഡി. ബി. എൽ. അവർകളും, സമൂഹാദ്ധ്യക്ഷൻ ദിവ്യശ്രീ പത്രോസ് കത്തനാർ ബി. ഏ. ബി. ഡി. എൽ. ടി. അവർകളും.

മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ
BA, BD, LT
(1886–1968)
സ്ലീബാദാസ സമൂഹ സ്ഥാപകൻ
പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പടനായകൻ
മലബാർ ഭദ്രാസന മെത്രാപ്പോലീത്താ



ഇലഞ്ഞിക്കൽ ഇ. പി. ജേക്കബ് കത്തനാർ
BA, BL, BD, LT
(1907–1962)
സ്ലീബാദാസൻ (1935–36)
വൈദീക സെമിനാരി അദ്ധ്യാപകൻ (1936–38)
ഹെഡ്മാസ്റ്റർ
നിരണം പള്ളി വികാരി
ധ്യാനഗുരു
ഗ്രന്ഥകാരൻ.

...തിരുമേനി ഒരു വിപ്ലവനേതാവായിരുന്നുവെന്നും ചിലർ പറയാറുണ്ട്. എന്നാൽ സമൂഹത്തിലും രാഷ്ട്രത്തിലും മതത്തിലുമുള്ള അനാചാരങ്ങളെ നീക്കുന്നതിനു നേതൃത്വം കൊടുത്ത ഒരു പുരോഗമനവാദി മാത്രമായിരുന്നു അദ്ദേഹം. അതു വിപ്ലവമാണെങ്കിൽ അദ്ദേഹം ഒരു വിപ്ലവകാരിതന്നെ...

– പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ

...ഉന്നതവിദ്യാഭ്യാസം നേടി ഉദ്യോഗത്തിൽ പ്രവേശിച്ച അദ്ദേഹം ഭൗതികോന്നമനത്തിന്റെ അനന്ത സാദ്ധ്യതകൾ ഉപേക്ഷിച്ച് വൈദീകനായി. സ്ലീബാദാസനും, വൈദീക സെമിനാരി അദ്ധ്യാപകനും, പ്രശസ്ത ധ്യാനഗുരുവുമായി. പക്ഷേ വൈദീക മേൽസ്ഥാനങ്ങൾ നിരാകരിച്ച് അദ്ദേഹം വിവാഹിതനും സ്കൂൾ അദ്ധ്യാപകനുമായി. താൻ ആർജ്ജിച്ച മഹാജ്ഞാനം സഹോദര വൈദീകർക്കായി ലിഖിതരൂപത്തിലാക്കി. അത് ഭാവിതലമുറകൾക്ക് അമൂല്യ സമ്പാദ്യമായി...

– തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ

Greetings from : **Prof. E. Jacob John Elanjickal**

രക്ഷിതാക്കളെ ശക്തീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം

ഡോ. സാബു തോമസ്

കോട്ടയം: സമൂഹം ഇന്നു നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ രക്ഷാകർത്താക്കളെ ശക്തീകരിക്കേണ്ടത് അനിവാര്യമാണെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. സാബു തോമസ് അഭിപ്രായപ്പെട്ടു. സോപാന അക്കാദമിയും സഹയാത്ര കൂട്ടായ്മയും സംയുക്തമായി സംഘടിപ്പിച്ച രക്ഷാകർതൃ ശക്തീകരണ പരിശീലകർക്കുള്ള ശിൽപ്പശാല ഞാലിയാകുഴി, മാർ ബസേലിയോസ് ദയറായിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

"ലഹരി വസ്തുക്കളോടുള്ള ആസക്തി, അക്രമം തുടങ്ങിയ സാമൂഹ്യ പ്രശ്നങ്ങൾ ഒറ്റപ്പെട്ടതല്ല. കുട്ടി രൂപപെട്ടു വരുന്ന കുടുംബാന്തരീക്ഷത്തിനു ഇതിൽ നിർണായകമായ പങ്കുണ്ട്. അവിടെയാണ് രക്ഷിതാക്കളുടെ ശാക്തീകരണത്തിന്റെ പ്രസക്തി 'അദ്ദേഹം പറഞ്ഞു. നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം സ്പോർട്സ്, കല പോലുള്ള മേഖലകളിൽ നിർബന്ധമായും പരിശീലനം നൽകേണ്ടതാണ് എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സോപാന അക്കാദമി ചെയർമാൻ ഫാ. ഡോ. കെ.എം. ജോർജ് അധ്യക്ഷത വഹിച്ചു.

ഡോ. എം.എസ്. ജോൺ, ഡോ. സൂസി കുര്യൻ, ഡോ. ലെജു പി.തോമസ്, ഡോ.ജേക്കബ് ജോൺ, പ്രൊഫ. സി. മാമച്ചൻ, ഫാ. എബ്രഹാം വാഴയ്ക്കൽ, ലിജോ വർഗീസ് എന്നിവർ പ്രസംഗിച്ചു. ഫാ.ഡോ. കെ.എം. ജോർജ് രചിച്ച 'ഫ്രാൻസിസ് മാർപാപ്പ : ആർദ്രതയുടെ ആൾരൂപം' എന്ന പുസ്തകം ഡോ. സാബു തോമസ് വന്ദ്യ. മത്തായി റമ്പാനു നൽകി പ്രകാശിപ്പിച്ചു.

വിവിധ സെഷനുകളിലായി നടന്ന ശില്പശാലക്ക് ഡോ. അജിത്ത് ആർ പിള്ള-(രക്ഷാകർതൃത്വത്തിന്റെ വിവിധ ശൈലികളും കാര്യക്ഷമമായ രക്ഷാകർത്വത്തിനായുള്ള വിവിധ തന്ത്രങ്ങളും) , അമൽ സി.പി - (ശിശുവികസനത്തിന്റെ വിവിധ ഘട്ടങ്ങൾ), ഫാ.ഡോ.ബിജേഷ് ഫിലിപ്പ് (കുട്ടികളുടെ മൂല്യാധിഷ്ഠിത സ്വഭാവ രൂപീകരണത്തിൽ മാതാപിതാക്കളുടെ പങ്ക്) എന്നിവർ നേതൃത്വം നൽകി. ഭാവി പ്രവർത്തനങ്ങൾ, ലക്ഷ്യവും മാർഗവും സംബന്ധിച്ച് ശ്രീ. പ്രീത് ചന്ദനപ്പള്ളി വിശദീകരിച്ചു.

BRIDE WANTED

Orthodox parents invite proposal for their son, 29/172, BTech,MS, PhD, from parents of suitably qualified girls.

Contact:
8479872844

പരുമലസെമിനാരി മാനേജർ

ഫാ. എൽദോസ് ഏലിയാസ്

ഫാ. ഗീവർഗ്ഗീസ് മാത്യു

കോട്ടയം : പരുമല സെമിനാരിയുടെ മാനേജരായി ഫാ. എൽദോസ് ഏലിയാസിനെയും, അസിസ്റ്റന്റ് മാനേജരായി ഫാ. ഫാ. ഗീവർഗ്ഗീസ് മാത്യു (ജെറിൻ) വിനെയും പരിശുദ്ധ കാതോലിക്കാ ബാവാ നിയമിച്ചു.

ഫാ. എൽദോസ് ഏലിയാസ് പരുമല സെമിനാരിയുടെ അസി. മാനേജരായി പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ മാനേജർ ഇൻ ചാർജാണ്. പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മലബാർ ഭദ്രാസനത്തിലെ എടക്കര സെന്റ് മേരീസ് പള്ളി ഇടവകാംഗമാണ്.

അസി.മാനേജരായി നിയമിതനായ ഫാ. ഗീവർഗ്ഗീസ് മാത്യു കോട്ടയം ഞാലിയാകുഴി മാർ ബസേലിയോസ് ദയറാ അംഗവും, പൊങ്ങന്താനം സെ. തോമസ് പള്ളി ഇടവകാംഗവുമാണ്.

റീവാ: കൽക്കത്താ ഭദ്രാസനത്തിലെ റീവാ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ ശ്രീ. എം.റ്റി. ദാനിയേലിന്റെയും ശ്രീമതി ഏലിയാമ്മ ദാനിയേലിന്റെയും മകൻ ശ്രീ. സുബിൻ റ്റി. ദാനിയേൽ റൂർക്കി ഐ.ഐ.റ്റി. യിൽ നിന്നും Exploring the Unexplored in Jeet Thayil's Novels: A Postmodern Perspective' എന്ന വിഷയത്തിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ട്രേറ്റ് കരസ്ഥമാക്കി.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സംഘടിപ്പിക്കുന്ന ഡ്രക്സിറ്റ് കോൺക്ലേവിന്റെ ആദ്യ സെഷൻ സംവിധായകൻ ശ്രീ ബ്ലെസി ഉദ്ഘാടനം ചെയ്യുന്നു. പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, വിഴിഞ്ഞം പോർട്ട് എം.ഡി ഡോ. ദിവ്യ എസ് അയ്യർ ഐഎഎസ്, എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ എന്നിവർ സമീപം.

3rd Death Anniversary



Very Rev - T M Samuel Cor Episcopa

Thayyil house, Mylapra.

20-07-1933 to 04-07-2022

Through his life, he led us with love, strength and light.

You are always in our hearts...

Grieving Family

20th Year in Heaven
3rd July 2025

IN EVER LOVING MEMORY OF

Reena Saji

Kripamangalam House, Kaipattoor

'Precious in the sight of the LORD is the death of his faithful servants"
(Psalm 116:15)

Bereaved family:

Fr Saji Yohannan
Treesa Reena John, Santrah Reena John

THIRD DEATH ANNIVERSARY, 24-07-2025

DR. V.A. ABRAHAM, PhD.

RTD. PRINCIPAL SCIENTIST
ICAR

VADAKKEDATHU HOUSE
NEDUMKUNNAM,
KOTTAYAM DISTRICT

Your memories are our strength, your values guide us, your words echo in our hearts, and your love surrounds us like a warm embrace

FROM YOUR BELOVED WIFE, ACHAMMA ABRAHAM AND ALL FAMILY MEMBERS

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും BCom - computer science ഒന്നാം റാങ്ക് കൃപ മറിയം വർഗീസ് കരസ്ഥമാക്കി.

പുത്തുപ്പള്ളി സെ. ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകയിൽ താഴത്ത് ഫാ. ഫിലിപ്പ് വർഗീസിന്റെയും, ജോളി ഫിലിപ്പിന്റെയും മകളാണ് കൃപ.

പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളജ് വിദ്യാർത്ഥിനി ആയിരുന്നു. കോളേജിലെ best outgoing student, Illumina 2025. Yuva india award winner 2024-2025 എന്നിവകളും നേടിയിരുന്നു. ഇപ്പോൾ US -India Associate Analyst ആയി DELOITTE Hydrabad ൽ പ്രവർത്തിക്കുന്നു.

തിരുനൽവേലി എം.എസ്. യൂണിവേഴ്സിറ്റിയിൽ നിന്നും കൊമേഴ്സിൽ PhD. നേടിയ ലേയ ഗിൽബർട്ട്. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിൽ കടമറ്റം സെ. ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ മടപ്പാട്ട് തോമസ് ഗിൽബർട്ടിന്റേയും മിനി തോമസിന്റെയും മകൾ മാന്നാർ പനയ്ക്കാമറ്റത്തിൽ ഡോണി മോഹന്റെ ഭാര്യ.

കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ LLM (Intellectual Property Rights) പരീക്ഷയിൽ അഡ്വ. മീരാ എൽസാ ജോർജ് രണ്ടാം റാങ്ക് നേടി. കൊച്ചി പാലാരിവട്ടം വലിയപള്ളി അംഗം, പകലോമറ്റം പറത്തോലിൽ ജോർജ്ജ് തോമസിന്റെയും ആഷു എലിസബത്ത് ജോർജ്ജിന്റെയും മകളാണ്. കോലഞ്ചേരി സെ. പീറ്റേഴ്സ് & സെ. പോൾസ് ഓർത്തഡോക്സ് പള്ളി അംഗമായ പഴന്താനത്ത് ജോർജ് വർഗീസ് പി. യുടെ ഭാര്യയാണ്.

2025 മാർച്ചിൽ നടന്ന കൊച്ചിൻ യൂണിവേഴ്സിറ്റി (CUSAT) B-Arch പരീക്ഷയിൽ തിരുവനന്തപുരം Marian College of Architecture & Planning ൽ നിന്നും ഒന്നാം റാങ്കോടെ പാസായ സച്ചു ജോർജ് ജോയി. കോഴഞ്ചേരി റ്റി.ബി. ജംഗ്ഷനിൽ കൃപ ഐക്കരുതുണ്ടിയിൽ ജോയ് വർഗീസിന്റെയും റൂബി ജോയിയുടെയും മകൻ.



ഫാ. കുര്യൻ ഡാനിയേൽ



ഫാ. തോമസ് ജോർജ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പരിസ്ഥിതി കമ്മീഷന്റെ വൈസ് പ്രസിഡണ്ടായി ഫാ. കുര്യൻ ഡാനിയേൽ, ജനറൽ സെക്രട്ടറിയായി ഫാ. തോമസ് ജോർജ് എന്നിവരെ പരിസ്ഥിതി കമ്മീഷൻ പ്രസിഡന്റ് ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത നിയമിച്ചു.

അഭിനന്ദനങ്ങൾ

2025 ലെ അന്താരാഷ്ട്ര വനിതാ ദിനത്തിൽ YMCA കൊല്ലം സബ് റീജിയന്റെ മഹിളാരത്നം അവാർഡ് ജേതാവായി ശ്രീമതി ഗ്രേസമ്മ ഡി. മുഖത്തല തെരഞ്ഞെടുക്കപ്പെട്ടു. കൊല്ലം മുഖത്തല സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകാംഗവും റിട്ടേർഡ് ഹയർസെക്കണ്ടറി സ്ക്കൂൾ അധ്യാപികയുമാണ്.

Advt.

വിശുദ്ധനാട് പുണ്യയാത്ര

ഇസ്രയേൽ ഗവൺമെന്റിന്റെ
Goodwill Ambassador പദവി ലഭിച്ച
ഫാ.ജിജു ജോൺ വയലിറക്കത്തിന്റെ
നേതൃത്വത്തിൽ

ജോർദ്ദാൻ ഇസ്രയേൽ
പാലസ്തീൻ ഈജിപ്റ്റ്

യാത്ര പുറപ്പെടുന്നു

2025 SEPTEMBER 15

നല്ല യാത്രകൾ ആഗ്രഹിക്കുന്നവർ
സീറ്റുകൾ ബുക്ക് ചെയ്യുക

9447353706 , 8921324901

പരിശുദ്ധ പിതാവിന്റെ
പ്രാർത്ഥനാ മദ്ധ്യസ്ഥതയിൽ
അഭയപ്പെട്ടുകൊണ്ട്



റോണി വർഗ്ഗീസ് ഏബ്രഹാം കരിപ്പുഴ

അൽമായ ട്രസ്റ്റി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

കല്ലൂപ്പാറ
വലിയപള്ളി
സെന്റ് മേരീസ് തീർത്ഥാടനകേന്ദ്രം
പതിനഞ്ചു നോമ്പാചരണം
വിശുദ്ധ ദൈവമാതാവിന്റെ
വാങ്ങിപ്പു പെരുന്നാൾ
2025 ഓഗസ്റ്റ് 1 മുതൽ 15 വരെ
കൊടിയേറ്റ്
സന്ധ്യാനമസ്കാരം
ഗാനശുശ്രൂഷ
തിരുവചനശുശ്രൂഷ
അഭയം പ്രാർത്ഥനാസംഗമം
മർത്തമറിയം സമാജ സമ്മേളനം
സുവിശേഷസംഘം സമ്മേളനം
വൈദീക സമ്മേളനം
ബാലസമാജം സമ്മേളനം
മരിയൻ പുരസ്കാര സമർപ്പണം
സ്മരണാഞ്ജലി
ഭക്തിനിർഭരമായ പ്രദക്ഷിണം
ശ്ലൈഹിക വാഴ്വ്
വി. മൂന്നിന്മേൽ കുർബാന
പുഴുക്കുനേർച്ച
അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
അഭി. യൂഹാനോൻ മാർ തേവോദോറോസ്
അഭി. ഗീവർഗീസ് മാർ പീലക്സിനോസ്
എന്നീ മെത്രാപ്പോലിത്താമാരുടെ
മുഖ്യകാർമികത്വത്തിൽ
കൂടുതൽ വിവരങ്ങൾക്ക്: (ട്രസ്റ്റി) 9447562897
(സെക്രട്ടറി) 9745870761
(പെരുന്നാൾ കൺവീനർ) 9447592617
KALLOOPPARA VALIYAPALLY ST MARY'S PILGRIM CENTRE
(Niranam Diocese) Kallooppara P.O., Thiruvalla, Pathanamthitta, Kerala. Pin : 689 583.
Ph : 0469-2677211 email: kallooppara.church@gmail.com

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/1957,
Registered No. KL/KTM/39/2024-26
License No. KL/CR/KTM/WPP-07/2024-26
Licensed to Post Without Pre-Payment

Published on
10 July/2025

NAAC Accredited with Grade A

CHRISTIAN COLLEGE OF ENGINEERING & TECHNOLOGY

26+ Years of Excellence

ESTD.-1998 FORMERLY KNOWN AS MPCCET KAILASH NAGAR-BHILAI

UNDER THE REGIS OF ST.THOMAS MISSION & DIOCESE OF CALCUTTA

COURSES OFFERED

IN CAMPUS HOSTEL FOR BOYS & GIRLS

B.TECH
- COMPUTER SCIENCE & ENGG.
- ELECTRICAL ENGG.
- ELECTRONICS & TELE. ENGG.
- MECHANICAL ENGG.
- CSE- AI & MACHINE LEARNING
- CSE- AI & DATA SCIENCE

M.TECH
- NANO TECHNOLOGY
- CAD/CAM ROBOTICS
- HIGH VOLTAGE

MCA
- MASTER OF COMPUTER APPLICATIONS

DIPLOMA
- COMPUTER SCIENCE ENGINEERING
- ELECTRICAL ENGINEERING
- MECHANICAL ENGINEERING

NEW COURSES
- B TECH IN CYBER SECURITY
- M.TECH IN COMPUTER SCIENCE

Ph.D
- APPLIED MATHEMATICS
- APPLIED PHYSICS
- APPLIED CHEMISTRY
- MECHANICAL ENGINEERING
- ELECTRICAL ENGINEERING

MGM GROUP OF INSTITUTIONS 60 YEARS

Find out more at www.ccetbhilai.ac.in 9826141686 9425557762 0788-2286662

ST. THOMAS COLLEGE

RUABANDHA - BHILAI

Re-accredited with NAAC A Grade

ESTD.– 1984

41 YEARS OF EXCELLENCE

NAAC A

EXCELLENCE IN ACADEMICS & SPORTS

NOW MORE THAN EVER THE WORLD NEEDS BRIGHT MINDS LIKE YOU

BA BSc BCom BBA BCA BEd PGDJ BAJMC
PGDCA PGDPGC MA MSc MCom PhD

44 UNIVERSITY RANK HOLDERS 2023-24

UNIVERSITY GOLD MEDALISTS 2023-24 08

Affiliated to
Hemchand Yadav Vishwavidyalaya, Durg, C.G.
& Kushabhau Thakare Patrakarita Avam Jansanchar Vishwavidyalaya, Raipur, C.G.

www.stthomascollegebhilai.in

/stthomascollegebhilaiofficial /st.thomascollege.official /stthomascollegebhilaioffic7501 stthomascollege_bhilai@rediffmail.com

9826141686 0788-2275970, 2961770 9406256388

PRINTED & PUBLISHED BY FR. THOMAS RAJU FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.
EDITOR: FR. ZACHARIAH THOMAS ALIAS FR. REJI THOMAS